www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

VOL NO: 01 | ISSUE 17 | 2017 MAY 06 | ₹ 10



## മലപ്പുറത്തിന്റെ ഉള്ളടക്കം വർഗീയമോ?

## സദ്യകൾ: അനുവദിക്കപ്പെട്ടതും വിലക്കപ്പെട്ടതും

ശഅ്ബാൻ മാസ ചിന്തകൾ || മതനിരപേക്ഷത കൊല ചെയ്യപ്പെടരുത്

നവോത്ഥാനത്തിന്റെ അവകാശവാദം || സമാധാനം തകർക്കുന്ന ലോകനേതാക്കൾ

# Let our children learn to live...

ACADEMY OF EXCELLENCE



## Features:

Admission only to standard V

- Well developed system of learning
- Educational guidance and support
- Life-long learning in focus
- Special focus for islamic studies
- In-service training for teachers
- Exam centres in Kerala and GCC countries
- Residential system
- Learning friendly environment
- Schooling @ premier public school affiliated to CBSE
- Self assessment approach of evaluation





**Call: 9496 60 69 60**

GREEN VALLEY INSTITUTIONS

Green Valley Campus, P.O.Nellikkaparamba,
Mukkam, Kozhikode
E-mail: greenvalleyinstitutions@gmail.com
www.greenvalleycampus.org`

# നേർപഥം
വാരിക

0017 / 2017 മെയ് 06 / 1438 ശഅബാൻ 9 / പുസ്തകം 01 / ലക്കം 17



സുഫ്‌യാൻ അബ്ദുസ്സലാം / 10

## മലപ്പുറത്തിന്റെ ഉള്ളടക്കം വർഗീയമോ?







## സദ്യകൾ അനുവദിക്കപ്പെട്ടതും വിലക്കപ്പെട്ടതും

അബ്ദുൽ മാലിക് സലഫി / 26

**മുഖമൊഴി**

നവോത്ഥാനത്തിന്റെ അവകാശവാദം / 05
എഡിറ്റർ

**ക്വുർആൻ പഠനം**

സമാധാനം ലഭിക്കുന്നതെപ്പോൾ? / 06
അബൂ അമീൻ

**ബാലപഥം**

മറക്കില്ലൊരിക്കലും / 18
അക്രം വളപട്ടണം

സ്വർഗപാത / 19
ഉമ്മു അദ്നാൻ, ബഹ്റൈൻ

**പരിചയം**

ജാമിഅ അൽഹിന്ദ് അൽഇസ്‌ലാമിയ്യ / 20
ഫദ്‌ലുൽ ഹഖ് ഉമരി

**ലേഖനങ്ങൾ**

ശഅ്ബാൻ മാസ ചിന്തകൾ / 07
ശമീർ മദീനി

പ്രവാചകന്മാർ പാപസുരക്ഷിതർ / 14
ഹുസൈൻ സലഫി, ഷാർജ

മതനിരപേക്ഷത കൊല ചെയ്യപ്പെടരുത് / 22
സലീം ബുസ്താനി ചാവക്കാട്

**ശാന്തിഗേഹം**

പിണക്കങ്ങൾ ഉണ്ടാകാതിരിക്കാൻ / 25
ഹാരിസ്ബിൻ സലീം

**പാരന്റിംഗ്**

അനുകരണവും മാതൃകയും / 29
അശ്റഫ് എകരൂൽ

**നമുക്ക് ചുറ്റും**

സമാധാനം തകർക്കുന്ന ലോകനേതാക്കൾ / 34
ഡോ. സി.എം സാബിർ നവാസ്



Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Tel: 9656292244 I Managing Editor: Nasir Balusseri I Editor: Usman Palakkazhi
Chief Editor: Anil Primrose I Web Editor: Haseeb Elayur I Design & Layout: Elan Creativo
Cover: Riyas K I mail@nerpatham.com I www.nerpatham.com

വായനക്കാർ എഴുതുന്നു

# നേർപഥം രാഷ്ട്രീയത്തിൽ പക്ഷം ചേരരുത്

'നേർപഥം' വൈവിധ്യപരവും വൈജ്ഞാനികപരവുമായി മുന്നേറിക്കൊണ്ടിരിക്കുന്നു; വിഷയങ്ങളിൽ കണിശത പുലർത്തി 'പീസ് റേഡിയോ' പോലെ. അൽഹംദുലില്ലാഹ്.

ഏപ്രിൽ 15 ലെ നേർപഥത്തിലെ 'നമുക്ക് ചുറ്റും' പംക്തിയിൽ 'നജീബിന്റെ ഉമ്മയും ജിഷ്ണുവിന്റെ അമ്മയും,' മുൻലക്കത്തിലെ 'തട്ടമഴിക്കാൻ തക്കം നോക്കുന്നവരോട്', അത്പോലെ മുഖമൊഴിയിലെ 'വേണം നമ്മുടെ പോലീസിനൊരു പെരുമാറ്റച്ചട്ടം' തുടങ്ങിയ ലേഖനങ്ങളിൽ വന്നിട്ടുള്ള ചില പരാമർശങ്ങളിലെ അനൗചിത്യം ഗുണകാംക്ഷാപരമായി ചൂണ്ടിക്കാണിക്കട്ടെ.

പ്രസ്തുത ലേഖനങ്ങൾ നടത്തിയിട്ടുള്ളത് ആദർശപരമായ അടിത്തറയിൽ നിന്നുകൊണ്ടുള്ള ചർച്ചയല്ല; രാഷ്ട്രീയപരമായ വീക്ഷണകോണിലൂടെയുള്ള ചർച്ചയാണ്. സഹോദരിമാരുടെ മാനം പണയംവെച്ചും തേൻകെണികളുണ്ടാക്കി ബ്രേക്കിംഗ് ന്യൂസുകൾ സൃഷ്ടിക്കുന്ന മാധ്യമ അജണ്ടകളുടെയോ യു.ഡി.എഫ് രാഷ്ട്രീയത്തിന്റെ കുഴലൂത്തുകാരുടെയോ വക്താക്കളാവേണ്ടവരല്ല നേർപഥം. ജിഷ്ണുവിന്റെ അമ്മയെ റോഡിലൂടെ വലിച്ചിഴച്ചുവെന്നും പരാതിക്കാരിയെ പരിഗണിക്കാതെ പടിക്ക് പുറത്ത് നിർത്തിയെന്നും 'നമുക്കുചുറ്റും' ആവലാതിപ്പെടുന്നു. ജിഷ്ണുവിന്റെ അമ്മയ്ക്കും അച്ഛനും അമ്മാവനും സി.പി.എമ്മിന് വേണ്ടി ആർ.എസ്.എസ്സിനാൽ ആക്രമണത്തിനിരയായ ആ കുടുംബത്തിലാരും ഉന്നയിക്കാത്ത കാര്യങ്ങളാണ് പത്ത് മാസം കഴിഞ്ഞ ഇടത് സർക്കാരിനെതിരെ നേർപഥത്തിലൂടെ നിരത്തിയിട്ടുള്ളത്. ഇത്തരം ആരോപണങ്ങൾ ഉന്നയിക്കുമ്പോൾ തെളിവുകൾ അന്വേഷിക്കേണ്ടതില്ലേ?

കേവലം വാണിജ്യ താൽപര്യം മാത്രം മുന്നിൽകണ്ട് പ്രവർത്തിക്കുന്ന കുത്തക പത്ര-ദൃശ്യമാധ്യമങ്ങളുടെ താൽപര്യങ്ങൾക്കനുസരിച്ച് ഊതിക്കാച്ചിയെടുത്ത അജണ്ടകൾക്ക് തങ്കം പൂശിയെടുക്കാൻ ഇസ്‌ലാഹി പ്രസ്ഥാനത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തേണ്ടതില്ല. ഏപ്രിൽ 12-ാം തീയതി മലപ്പുറം പാർലമെന്റ് ഉപതിരഞ്ഞെടുപ്പ് കഴിഞ്ഞതിനു ശേഷം മഹിജയും ശ്രീജിത്തും പത്രങ്ങളുടെ ഒന്നാം പേജിൽ നിന്ന് അപ്രത്യക്ഷമായത് ഇതിന് തളിവാണ്. കഴിഞ്ഞ ഏതാനും മാസങ്ങൾക്കുമുമ്പ് കേരളത്തിലെ ചില മാധ്യമങ്ങൾ സലഫികളെയും ഐ.എസ്.ഐ.എസ്സിനെയും ബന്ധപ്പെടുത്തിയും കേരളത്തിൽ നിന്ന് അപ്രത്യക്ഷരായ ചില ആളുകളെ കോർത്തിണക്കിയും കെട്ടുകഥകൾ പ്രചരിപ്പിച്ചും മുൻനിര പ്രബോധകരെ തീവ്രവാദബന്ധമുള്ളവരാക്കി അവതരിപ്പിക്കാൻ ശ്രമിച്ചും വാർത്തകൾ മെനഞ്ഞത് മറക്കാറായിട്ടില്ല.

ഇസ്‌ലാമിന്റെ യഥാർഥ ആശയങ്ങളെ പ്രതിനിധീകരിക്കുന്ന സലഫികളെ തീവ്രവാദികളാക്കാനും ഇസ്‌ലാമിക ആദർശങ്ങളെ വക്രീകരിക്കുന്നതിനും ലോകത്തിന് മുമ്പിൽ തെറ്റായ സന്ദേശം നൽകാനുമാണ് ഇക്കൂട്ടർ ശ്രമിച്ചത്. മാധ്യമ സ്വാധീനത്താൽ മേൽ പറഞ്ഞ കാര്യങ്ങളെല്ലാം സത്യമാണെന്ന് വിശ്വസിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ആരെങ്കിലും സലഫികൾക്കെതിരെ ലേഖനമെഴുതുകയോ പ്രസംഗിക്കുകയോ ചെയ്താൽ ഈ ദീനിനെ നെഞ്ചോട് ചേർക്കുന്ന ഓരോ വിശ്വാസിയും ഇത് പ്രബോധനം ചെയ്യുന്നവരും എത്രത്തോളം പ്രയാസത്തിലായിരിക്കും എന്ന് പറയേണ്ടതില്ലല്ലോ. ആയതിനാൽ വിഷയങ്ങളെ മതരപവും രാഷ്ട്രീയപരവുമായി കൃത്യവും നിഷ്പക്ഷവുമായ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ വിശദീകരിക്കേണ്ടതിനുപകരം മാധ്യമങ്ങളുടെ അജണ്ടകൾക്കു പിറകെപോയി അനാവശ്യ ചർച്ചകൾ ഏറ്റെടുക്കാതിരിക്കുകയാവും നേർപഥത്തിന് അഭികാമ്യം.

ഏപ്രിൽ 15ലെ തന്നെ 'വേണം നമ്മുടെ പോലീസിനൊരു പെരുമാറ്റച്ചട്ടം' എന്ന മുഖമൊഴി ലേഖനത്തിലും ഗവൺമെന്റിനും പൊലീസിനുമെതിരെ വിമർശനങ്ങൾ എയ്ത് വിടുന്നുണ്ട്. ഒരു കാര്യം മാത്രം ഇവിടെ സൂചിപ്പിക്കുന്നു. അത് യു.എ.പി.എ. കേസുമായി ബന്ധപ്പെട്ടതാണ്. യു.എ.പി.എ. കേസുകളിൽ 75%വും ന്യൂനപക്ഷങ്ങളുമായി ബന്ധപ്പെട്ടവയായത് കൊണ്ടാണ് ഇവിടെ പ്രത്യേകം എടുത്ത് ചേർക്കുന്നത്. പോലീസിലെ ഏതെങ്കിലും ഉദ്യോഗസ്ഥരുടെ പക്വതയില്ലാത്ത പ്രവർത്തികൊണ്ട് സർക്കാരിനെ വിലയിരുത്തുന്നത് നീതിയാകില്ല. പോലീസുകാർക്കെതിരെ നിരന്തരം ആരോപണങ്ങൾ ഉയർന്നതിനാലാണ് യു.എ.പി.എ വിഷയത്തിൽ ഒരു പുനപരിശോധന നടത്തുന്നതിന് മുഖ്യമന്ത്രി നിയമസഭയിൽ തീരുമാനമെടുത്തത്. ഇടത് സർക്കാർ അധികാരമേറ്റെടുത്തതിന് ശേഷമെടുത്ത 26 യു.എ.പി.എ. കേസുകളിൽ 25 എണ്ണവും ഒഴിവാക്കുന്നതിന് നടപടികൾ തുടങ്ങിക്കഴിഞ്ഞു. എന്നാൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എടുത്ത 136 കേസുകൾ കേരളത്തിൽ നിലനിന്നിരുന്നു എന്നതും നാം മനസ്സിലാക്കേണ്ടതുണ്ട്.

മാർച്ച് 18 ന് പുറത്തിറങ്ങിയ ലക്കത്തിലെ 'തട്ടമഴിക്കാൻ തക്കം നോക്കുന്നവരോട്' എന്ന തലക്കെട്ടിൽ വന്ന ലേഖകന്റെ നിരീക്ഷണവും മുൻവിധിയോടെയുള്ളതാണ്. പ്രധാനമന്ത്രി നരേന്ദ്രമോഡി പങ്കെടുത്ത ഗുജറാത്തിലെ സ്വച്ഛശക്തി സമ്മേളത്തിന് മഫ്ത ധരിച്ചെത്തിയ മൂപ്പൈനാട് പഞ്ചായത്ത് പ്രസിഡന്റിനെ അപമാനിച്ചു എന്നതാണ് വിവാദത്തിന് ആധാരമായ സംഭവം. മോദി ഗവൺമെന്റിന്റെ ന്യൂനപക്ഷവിരുദ്ധ നയങ്ങളോടുള്ള വിയോജിപ്പുകൾ നിലനിർത്തിക്കൊണ്ട് തന്നെ പറയട്ടെ, പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട വിവാദം തികച്ചും ബാലിശമാണ്. പ്രധാനമന്ത്രിയുടെ സുരക്ഷാ ചുമതലയുള്ള ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ സ്വാഭാവികമായ ഒരു നടപടി മാത്രമായി കാണേണ്ട ശിരോവസ്ത്രവിവാദത്തെ മോദി ഭക്തരുടെ മർക്കട മുഷ്ടി എന്ന തരത്തിലൊന്നും പരാമർശിക്കേണ്ട സംഗതിയല്ല. മാന്യമായി ഇസ്‌ലാമിക വസ്ത്രം ധരിച്ച് നടക്കുന്നതിന് ഇന്ത്യാരാജ്യത്ത് നിലവിൽ നിയമ തടസ്സങ്ങളൊന്നും തന്നെയില്ല.

**- നൗഫൽ പുത്തനങ്ങാടി**

മുഖമൊഴി

# നവോത്ഥാനത്തിന്റെ അവകാശവാദവും വിസ്മരിക്കപ്പെടുന്ന വസ്തുതകളും

മതത്തിന്റെ മൗലിക സംശുദ്ധിയിൽ നിന്ന് അനുയായികൾ അകന്നുതുടങ്ങുന്നത് ജീർണതയുടെ ആരംഭമാണ്. ജീർണതകളിൽ നിന്നും വൈകല്യങ്ങളിൽ നിന്നും അവരെ തിരിച്ചുകൊണ്ടുവരേണ്ടത് വിവരമുള്ളവരുടെ ബാധ്യതയാണ് എക്കാലത്തും. പൗരോഹിത്യവും സ്വാർഥ താൽപര്യങ്ങളും മതത്തിന്റെ സംശുദ്ധലക്ഷ്യങ്ങൾക്ക് പ്രതിബന്ധങ്ങൾ ഉണ്ടാക്കുന്ന വേളകളിൽ അക്കാര്യം സമൂഹത്തെ ബോധ്യപ്പെടുത്തുക എന്ന ബാധ്യത നിർവഹിക്കുവാൻ പണ്ഡിതന്മാർ രംഗത്തുവന്നിട്ടുണ്ട്; മുസ്‌ലിംകളുള്ളിടത്തെല്ലാം. കേരളത്തിലെ മുസ്‌ലിം സമൂഹത്തെ മതത്തിന്റെ ആദിമവിശുദ്ധിയിലേക്ക് തിരിച്ചുവിളിക്കുവാൻ കുറെ മഹത്തുക്കൾ രംഗത്തുവന്നിട്ടുണ്ട്. അതിന്റെയൊക്കെ അനന്തരഫലമാണ് മുസ്‌ലിംകൾക്കിടയിൽ ഇന്നു കാണുന്ന മതബോധവും വിദ്യാഭ്യാസ തൽപരതയും.

എന്നാൽ, ഇന്ന് മുസ്‌ലിം കൈരളി കൈവരിച്ച സകല നേട്ടങ്ങളും മാറ്റങ്ങളും തങ്ങളുടെ പരിശ്രമ ഫലമാണെന്നു പറഞ്ഞ് നവോത്ഥാനത്തിന്റെ മൊത്തക്കുത്തക ഏറ്റെടുക്കാൻ ചിലരൊക്കെ മത്സരിക്കുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. ആരാണോ സകല രംഗങ്ങളിൽനിന്നും മുസ്‌ലിം സമുദായത്തെ പുറകോട്ടു വലിക്കാൻ ഒരു കാലത്ത് നേതൃത്വം വഹിച്ചത് അവർ തന്നെയാണ് മുന്നേറ്റങ്ങളുടെ പിതൃത്വം ഏറ്റെടുക്കാൻ വെമ്പൽകൊള്ളുന്നത് എന്നതാണ് ഏറെ രസകരം. പച്ചമലയാളം സംസാരിക്കുന്നത് തന്നെ ശരിയല്ലെന്നു പറഞ്ഞിരുന്നവർ 'ദ്വാദശ മഹാമഹ'ങ്ങളും 'നവോത്ഥാന' സമ്മേളനങ്ങളും നടത്തുന്നു! ഇംഗ്ലീഷ് നരകത്തിലെ ഭാഷയാണെന്നു പറഞ്ഞിരുന്നവർ 'പ്രൊഫ്സമ്മിറ്റ്' നടത്തുന്നു, ഇംഗ്ലീഷ് മീഡിയം സ്ഥാപനങ്ങൾ നടത്തുന്നു. വനിതകൾ അക്ഷരം പഠിക്കുന്നത് മക്‌റൂഹാണെന്ന് പ്രമേയം പാസ്സാക്കിയവർ വനിത മാസികകളും വനിത കോളേജുകളും നടത്തുന്നു. രോഗം വന്നാൽ ചികിത്സിക്കാതെ മന്ത്രങ്ങളിലും തന്ത്രങ്ങളിലും മാലകളിലും നൂലുകളിലും തങ്ങന്മാരിലും മുസ്‌ല്യാക്കളിലും ജാറങ്ങളിലും അഭയം കണ്ടിരുന്നവർ ഇന്ന് മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകൾ നടത്തുന്നു!

വ്യക്തമായ ഏകദൈവാദർശവും അതിന്റെയടിസ്ഥാനത്തിലുള്ള സാമൂഹ്യ സാംസ്കാരിക നിലപാടുകളും അവലംബിച്ചാൽ ഏതു കാലത്തും ഇസ്‌ലാമിന്റെ അനുയായികൾക്ക് അതിന്റെ വ്യതിരിക്ത മൗലികതയിലേക്ക് തിരിച്ചു പോകുവാൻ കഴിയും. അതുകൊണ്ടുതന്നെ അടിസ്ഥാന പ്രമാണങ്ങളിലെ അഴിച്ചുപണി മുസ്‌ലിംകൾക്ക് ആവശ്യമായി വരുന്നില്ല. പ്രമാണങ്ങളെ നവീകരിക്കുകയോ മാറ്റിത്തിരുത്തുകയോ അല്ല; പ്രമാണങ്ങളിലേക്ക് മടങ്ങിപ്പോവുകയാണ് മുസ്‌ലിംകൾക്കിടയിലെ ജീർണതകൾക്കുള്ള പരിഹാരം എന്നർഥം.

മലയാളഭാഷയിൽ ക്വുർആൻ പഠിക്കുന്നതും അതിന് പരിഭാഷയെഴുതുന്നതും മതവിരുദ്ധമെന്ന് പ്രഖ്യാപിച്ച പണ്ഡിതന്മാർ ജീവിച്ച നാടാണിത്. ഇതിന്റെ ഫലമായി വിശുദ്ധക്വുർആൻ വീടിൻെറ തട്ടിൻപുറത്തും പള്ളികളിലെ അലമാരകളിലും സൂക്ഷിക്കപ്പെടുന്ന; കത്തപ്പുരകളിലും ജാറങ്ങളിലും മാത്രം പാരായണം ചെയ്യപ്പെടുന്ന ഒരു നിർജീവ ഗ്രന്ഥമായി മാറ്റിവെക്കപ്പെട്ടു. ക്വുർആൻ പരിഭാഷ ചെയ്യുന്നതും അച്ചടിച്ചോ എഴുതിയോ ക്വുർആൻ വാക്യങ്ങളുടെ ആശയം വിതരണം ചെയ്യുന്നതും മതനിഷിദ്ധമായി പുരോഹിതന്മാർ പരിചയപ്പെടുത്തി. പാതിരാപ്രസംഗങ്ങളിലെ തുടക്കവും ഒടുക്കവും കൊഴുപ്പിക്കാനുള്ള സൗന്ദര്യ വാക്യങ്ങളായി ഉദ്ധരിക്കപ്പെട്ട ക്വുർആൻ വാക്യങ്ങളുടെ പോലും ശരിയായ അർഥവും താൽപര്യവും മുസ്‌ലിം ജനസാമാന്യത്തിന് പകർന്നു നൽകുവാൻ പുരോഹിതർ തടസ്സം നിന്നു.

കേരളത്തിലെ സലഫികൾ അവയെ നഖശിഖാന്തം എതിർത്തു തോൽപിച്ചു എന്നതാണ് ചരിത്രം. വിശുദ്ധ ക്വുർആനിന്റെ അനന്യപ്രഭാവത്തിലേക്ക് മുസ്‌ലിം സമൂഹത്തെ തിരിച്ചുകൊണ്ടുവരാനുള്ള ശ്രമങ്ങൾക്ക് നേതൃത്വം നൽകി കടന്നുപോയ മഹാരഥന്മാരായ സലഫി പണ്ഡിതന്മാർ ദീർഘവീക്ഷണമുള്ളവരായിരുന്നു. അവർ നിസ്വാർഥരായിരുന്നു. ഗുണകാംക്ഷാനിർഭരമായ മനസ്സുള്ളവരായിരുന്നു. ആ ശ്രമങ്ങൾ അതേപോലെ ഇന്നും ഭംഗിയായി ചെയ്തുകൊണ്ടിരിക്കുന്ന; അതിന്റെ പേരിൽ ത്യാഗങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന അനവധി പണ്ഡിതന്മാരും പ്രവർത്തകരും കേരളത്തിലുണ്ട്; വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ എന്ന കൂട്ടായ്മയുടെ കീഴിൽ. ●

അബൂ അമീൻ
mail@nerpatham.com

ക്വുർആൻ പഠനം

# സമാധാനം ലഭിക്കുന്നതെപ്പോൾ?

ٱلَّذِينَ ءَامَنُوا۟ وَتَطْمَئِنُّ قُلُوبُهُم بِذِكْرِ ٱللَّهِ ۗ أَلَا بِذِكْرِ ٱللَّهِ تَطْمَئِنُّ ٱلْقُلُوبُ

**"അതായത് വിശ്വസിക്കുകയും അല്ലാഹുവെ പറ്റിയുള്ള ഓർമകൊണ്ട് മനസ്സുകൾ ശാന്തമായിത്തീരുകയും ചെയ്യുന്നവരെ. ശ്രദ്ധിക്കുക; അല്ലാഹുവെപ്പറ്റിയുള്ള ഓർമ കൊണ്ടത്രെ മനസ്സുകൾ ശാന്തമായിത്തീരുന്നത്." (ക്വുർആൻ 13:28)**

ഭൗതികമായി മനുഷ്യൻ പണ്ടത്തെക്കാളേറെ പുരോഗതി പ്രാപിച്ചിട്ടുണ്ട്. വിജ്ഞാനത്തിന്റെ മേഖലകളിൽ പുതിയ പുതിയ കുതിച്ചു ചാട്ടങ്ങൾ തന്നെ നടന്നിട്ടുണ്ട്. എന്നിട്ടും ആഗ്രഹിക്കുന്ന നന്മയും സമാധാനവും വേണ്ടത്ര ആർജിക്കാൻ മനുഷ്യന് സാധിച്ചിട്ടില്ല. മറിച്ച് സമാധാനത്തിന്റെയും ധാർമികതയുടെയും ഗ്രാഫ് കുത്തനെ താഴുന്ന കാഴ്ചയാണ് അനുദിനം നാം കണ്ടുകൊണ്ടിരിക്കുന്നത്. കുറ്റകൃത്യങ്ങളും അക്രമങ്ങളും വൈജ്ഞാനിക പുരോഗതികൾക്കിടയിലും തഴച്ചു വളരുന്നുവെന്നർഥം.

സാങ്കേതികവിദ്യയുടെ രണ്ടും മൂന്നും തലമുറകൾ മനുഷ്യൻ താണ്ടുമ്പോഴും അവയ്ക്കു പിന്നിലെ വൻ തട്ടിപ്പുകളെയും അഴിമതികളെയും കുറിച്ചുള്ള വാർത്തകൾ നാം കേട്ടുകൊണ്ടിരിക്കുകയാണ്. ആരെയാണ് അത് അമ്പരിപ്പിക്കാത്തത്?

ഇവിടെയാണ് ഇസ്‌ലാം പറഞ്ഞുതരുന്ന ദൈവബോധത്തിൽ അധിഷ്ഠിതമായ അറിവിന്റെ വ്യതിരിക്തത വ്യക്തമാകുന്നത്. ലക്ഷ്യബോധത്തോടെയുള്ള തിരിച്ചറിവിനാണ് ഇസ്‌ലാം പ്രാധാന്യം നൽകുന്നത്. അല്ലാതെ, കേവലം കുറേ തത്ത്വങ്ങളും സിദ്ധാന്തങ്ങളും പേറി കനപ്പെട്ട ഗ്രന്ഥങ്ങൾ ചുമക്കുന്ന കഴുതകളെ പോലെയാകാൻ ഒരിക്കലും ഇസ്‌ലാം മനുഷ്യരെ അനുവദിക്കുന്നില്ല. മുഹമ്മദ് നബിക്ക് ആദ്യമായി അവതരിച്ചു കിട്ടിയ ദൈവികവചനങ്ങൾ തന്നെ അക്കാര്യം ബോധ്യപ്പെടുത്തുന്നുണ്ട്. ഭ്രൂണത്തിൽ നിന്ന് മനുഷ്യനെ സൃഷ്ടിക്കുകയും, അവനറിയാത്ത പലതും അവനെ പഠിപ്പിക്കുകയും ചെയ്ത അവന്റെ രക്ഷിതാവിനെ കുറിച്ചുള്ള ബോധത്തിലേക്ക് വായനയും പഠനവും അവനെ എത്തിക്കണമെന്ന സൂചനകളാണ് ആ സൂക്തങ്ങളിൽ (96:1-5) അടങ്ങിയിട്ടുള്ളത്.

തന്റെ അറിവും കഴിവും സഹജീവികൾക്ക് ഉപകരിക്കുന്ന വിധത്തിലായെങ്കിലേ അതിന്റെ ദൗത്യം പൂർത്തീകരിക്കപ്പെടുകയുള്ളൂവെന്നും ക്വുർആൻ ഓർമിപ്പിക്കുന്നുണ്ട്. (18:94-98 സൂക്തങ്ങൾ ഉദാഹരണം).

തന്റെ ജീവിതത്തിലെ ഓരോ കർമവും നാളെ സൃഷ്ടികർത്താവായ അല്ലാഹുവിന്റെ മുമ്പിൽ വിചാരണക്ക് വിധേയമാക്കപ്പെടുമെന്ന ബോധം അരക്കിട്ടുറപ്പിക്കുന്നതാണ് ക്വുർആനിന്റെ ബോധനരീതി.

പഠനഗവേഷണങ്ങളിലൂടെ ദൈവനിഷേധിയും അഹങ്കാരിയുമാകുകയല്ല, മറിച്ച് ജീവിതലക്ഷ്യം തിരിച്ചറിഞ്ഞ് അനുഗ്രഹദാതാവായ സൃഷ്ടികർത്താവിന് കീഴ്പ്പെടുന്ന നന്ദിയുള്ള ദാസനാകുകയാണ് മനുഷ്യൻ അത്തരം പഠനത്തിലൂടെയെന്ന് ക്വുർആൻ ഓർമിപ്പിക്കുന്നു: "തീർച്ചയായും ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിയിലും രാപകലുകൾ മാറി മാറി വരുന്നതിലും സൽബുദ്ധിയുള്ളവർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്. നിന്നുകൊണ്ടും ഇരുന്നുകൊണ്ടും കിടന്നുകൊണ്ടും അല്ലാഹുവെ ഓർമിക്കുകയും, ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിയെ പറ്റി ചിന്തിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നവരത്രെ അവർ. (അവർ പറയും) ഞങ്ങളുടെ രക്ഷിതാവേ! നീ നിരർഥകമായി സൃഷ്ടിച്ചതല്ല ഇത്. നീ എത്രയോ പരിശുദ്ധൻ! അതിനാൽ നരകശിക്ഷയിൽ നിന്ന് ഞങ്ങളെ കാത്തുരക്ഷിക്കണേ. ഞങ്ങളുടെ രക്ഷിതാവേ, നീ വല്ലവനെയും നരകത്തിൽ പ്രവേശിപ്പിച്ചാൽ അവനെ നിന്ദ്യനാക്കിക്കഴിഞ്ഞു. അക്രമികൾക്ക് സഹായികളായി ആരുമില്ല താനും"(3:190-192).

അങ്ങനെ വിശ്വാസത്തിന്റെ തെളിനീർ ആവോളം കുടിച്ച് മനസ്സിന്റെ ദാഹം തീർത്ത് മുന്നേറുന്ന യഥാർഥ വിശ്വാസികൾ അനുഭവിക്കുന്ന സമാധാനം പറഞ്ഞറിയിക്കാവുന്നതിനപ്പുറമാണ്.

ജീവിതത്തിന്റെ കഷ്ടതകളിലും പ്രയാസങ്ങളിലും വരെ കാരുണ്യവാനായ സൃഷ്ടികർത്താവിനെ കുറിച്ചുള്ള ബോധത്തിലൂടെയും അവന്റെ മുമ്പിൽ സർവഭാരവും ഇറക്കിവെച്ചുകൊണ്ടുള്ള പ്രാർഥനയിലൂടെയും വിശ്വാസികൾ നേടിയെടുക്കുന്ന നിർവൃതിയും അനുഭൂതിയും വിശ്വാസത്തിന്റെ മധു നുകരാതെ മാറി നിൽക്കുന്നവർക്ക് ഒരുപക്ഷേ അനുഭവിക്കാൻ കഴിഞ്ഞുകൊള്ളണമെന്നില്ല.

ജീവിതലക്ഷ്യം തിരിച്ചറിഞ്ഞ് സൃഷ്ടികർത്താവായ അല്ലാഹുവിനെ അടുത്തറിയുന്നതിലൂടെ മാത്രമേ ഏതൊരു അറിവും സമാധാനദായകവും, ഉപകാരപ്രദവും ആവുകയുള്ളൂ. ഉപകാരപ്രദമല്ലാത്ത അറിവിൽ നിന്ന് നിരന്തരം രക്ഷ നേടാനാണ് നബിﷺ നമ്മെ പഠിപ്പിച്ചതും.

ശമീർ മദീനി
shameermadeeni@gmail.com

ലേഖനം




# ശഅ്ബാൻ മാസ ചിന്തകൾ

**ചി**ല സമയങ്ങൾക്കും കാലങ്ങൾക്കും മറ്റു ചിലതിനെക്കാൾ പ്രത്യേകതയുണ്ട്. ചില സ്ഥലങ്ങൾക്കും വസ്തുക്കൾക്കും മറ്റു ചിലതിനെക്കാൾ പവിത്രതയുണ്ട്. ഇത് പരിശുദ്ധ ക്വുർആനും തിരുസുന്നത്തും അംഗീകരിച്ച കാര്യമാണ്; അഹ്‌ലുസ്സുന്നയുടെ ഇമാമുകൾക്കിടയിൽ തർക്കമില്ലാത്ത സംഗതിയുമാണ്. എന്നാൽ ഇത്തരത്തിലുള്ള പ്രത്യേകതകളും മഹത്ത്വങ്ങളും കൽപിക്കുന്നത് ഏതെങ്കിലും വ്യക്തികളുടെയോ സമൂഹങ്ങളുടെയോ തീരുമാനങ്ങൾക്കോ ഇഷ്ടങ്ങൾക്കോ അനുസരിച്ചായിക്കൂടാ. പ്രത്യുത അല്ലാഹുവും റസൂൽﷺയും പഠിപ്പിച്ചതനുസരിച്ചായിരിക്കണം. അഥവാ പ്രമാണബദ്ധമായിരിക്കണം. അല്ലെങ്കിൽ അതിലൂടെ സംഭവിക്കുന്നത് മതത്തിൽ പുതുതായി പലതും കൂട്ടിച്ചേർക്കലായിരിക്കും. അത് ഏറെ അപകടകരവുമാണ്.

അല്ലാഹു പറയുന്നു:

"നിന്റെ രക്ഷിതാവ് താൻ ഉദ്ദേശിക്കുന്നത് സൃഷ്ടിക്കുകയും (ഇഷ്ടമുള്ളത്) തെരഞ്ഞെടുക്കുകയും ചെയ്യുന്നു. അവർക്ക് തെരഞ്ഞെടുക്കുവാൻ അർഹതയില്ല. അല്ലാഹു എത്രയോ പരിശുദ്ധനും അവർ പങ്കുചേർക്കുന്നതിനെല്ലാം അതീതനുമായിരിക്കുന്നു" (28/68).

നാല് മാസങ്ങൾ യുദ്ധം നിഷിദ്ധമായ പവിത്ര മാസങ്ങളാണ്. എന്നാൽ പ്രസ്തുത പവിത്രത സ്വന്തം താൽപര്യങ്ങൾക്കനുസരിച്ച് മാറ്റിയ മക്കാമുശ്‌രിക്കുകളുടെ നടപടിയെ ആക്ഷേപിച്ച്കൊണ്ട് അല്ലാഹു പറയുന്നത് കാണുക:

"വിലക്കപ്പെട്ട മാസം പുറകോട്ട് മാറ്റുക എന്നത് സത്യനിഷേധത്തിന്റെ വർധനവ് തന്നെയാകുന്നു. സത്യനിഷേധികൾ അത്മൂലം തെറ്റിലേക്ക് നയിക്കപ്പെടുന്നു. ഒരുകൊല്ലം അവരത് അനുവദനീയമാ ക്കുകയും മറ്റൊരുകൊല്ലം നിഷിദ്ധമാക്കുകയും ചെയ്യുന്നു. അല്ലാഹു നിഷിദ്ധമാക്കിയതിന്റെ (മാസത്തിന്റെ) എണ്ണമൊപ്പിക്കുവാനും എന്നിട്ട്,

**ശഅ്ബാൻ മാസത്തിൽ പല തരത്തിലുള്ള ആചാരങ്ങളും ആഘോഷങ്ങളും മതത്തിന്റെ പേരിൽ ചിലർ കൊണ്ടുനടക്കുന്നത് കാണാം. ശഅ്ബാൻ 15ന്റെ രാത്രി ഉറക്കമൊഴിച്ച് പുണ്യം പ്രതീക്ഷിച്ചിരിക്കലും പ്രത്യേക നമസ്‌ക്കാരങ്ങൾ നിർവഹിക്കലും ആ ദിവസത്തിൽപെരുന്നാൾപോലെ പ്രത്യേകമായി അണിഞ്ഞൊരുങ്ങലുമൊക്കെ സമൂഹത്തിൽ കാണാം. ഇതിനൊന്നിനും പ്രമാണങ്ങളുടെ പിൻബലമില്ല. സച്ചരിതരായ മുൻഗാമികൾക്കൊന്നും പരിചയമിത്തല്ലാത്ത പുത്തനാചരങ്ങളാണ് ഇതെല്ലാം.**

അല്ലാഹു നിഷിദ്ധമാക്കിയത് ഏതോ അത് അനുവദനീയമാക്കുവാനും വേണ്ടിയാണ് അവരങ്ങനെ ചെയ്യുന്നത്. അവരുടെ ദുഷ്പ്രവൃത്തികൾ അവർക്ക് ഭംഗിയായി തോന്നിക്കപ്പെട്ടിരിക്കുന്നു. സത്യനിഷേധികളായ ജനങ്ങളെ അല്ലാഹു നേർവഴിയിലാക്കുകയില്ല"(9/37).

അതിനാൽ ക്വുർആനും സുന്നത്തും പറഞ്ഞുതന്ന ഏതിന്റെയും പവിത്രതകളും പ്രത്യേകതകളും നാം അംഗീകരിക്കുകയും ആദരിക്കുകയും വേണം. അതോടൊപ്പംതന്നെ അത്തരത്തിലുള്ള പ്രത്യേകതകൾ പ്രമാണബദ്ധമായി സ്ഥിരപ്പെടാത്ത യാതൊന്നിനും മതപരമായ നിലയിൽ ഒരു പ്രത്യേകതയും നമുക്ക് സ്വന്തമായി കൽപിക്കാനും പാടുള്ളതല്ല.

ചിലർ ശഅ്ബാൻ മാസത്തിന് പ്രത്യേകതകൾ കൽപിക്കുകയും ശഅ്ബാൻ 15ന് പ്രത്യേക തരത്തിലുള്ള ആചാരങ്ങളും ആരാധനകളുമൊക്കെ അനുഷ്ഠിക്കുകയും ചെയ്യുന്നുണ്ട്. അത് പരിശുദ്ധ ക്വുർആനിന്റെയും തിരുസുന്നത്തിന്റെയും അടിസ്ഥാനത്തിൽ സ്ഥിരപ്പെട്ടവയാണോയെന്ന് ഉറപ്പ്‌വരുത്തേണ്ടതുണ്ട്. ഇല്ലെങ്കിൽ പുണ്യമെന്ന് കരുതി സ്വർഗം പ്രതീക്ഷിച്ച് നാം ചെയ്യുന്ന കർമങ്ങൾ നരകത്തിലേക്കെത്തിക്കുന്ന തിന്മകളായിരിക്കും.

ശഅ്ബാൻ മാസത്തെയോ ശഅ്ബാൻ 15നെയോ കുറിച്ച് പ്രത്യേകമായി ക്വുർആനിൽ യാതൊരു പരാമർശവും നമുക്ക് കാണാൻ സാധിക്കില്ല.

**ബിദ്അത്തിന്റെ അപകടം**

നബിﷺയുടെ മാതൃകയില്ലാത്ത വല്ലതും മതത്തിന്റെ പേരിൽ ആചരിക്കൽ വഴിപിഴച്ച പുത്തനാചാരമാണ്. എല്ലാ ബിദ്അത്തുകളും (പുത്തനാചാരങ്ങളും) വഴികേടാണെന്നും അവയെല്ലാം നരകത്തിലേക്കാണെന്നും നബിﷺ പഠിപ്പിച്ചിട്ടുണ്ട്.

"ഇന്നേദിവസം നിങ്ങളുടെമതം നിങ്ങൾക്ക് നാം പൂർത്തീകരിച്ച് തന്നിരിക്കുന്നു" (അൽമാഇദ:3) എന്ന അല്ലാഹുവിന്റെ വചനത്തെ ധിക്കരിക്കലും നിരാകരിക്കലുമാണ് ബിദ്അത്തുകളിലൂടെ സംഭവിക്കുന്നത്. അല്ലാഹു പൂർത്തിയാക്കിയതും നബിﷺ മാതൃക കാണിച്ചതുമായ ഇസ്‌ലാംദീനിലേക്ക് അതിൽ ഇല്ലാത്ത വല്ലതും കൂട്ടിച്ചേർക്കൽ അത്യന്തം ഗുരുതരമായ അപരാധമാണ്. അല്ലാഹുവിനെയും റസൂലിനെയും ധിക്കരിക്കലാണ് അത്; അല്ലാഹുവിന്റെ അധികാരത്തിൽ കൈകടത്തുലുമാണ്.

അല്ലാഹു പറയുന്നു:

"അതല്ല, അല്ലാഹു അനുവദിച്ചിട്ടില്ലാത്ത കാര്യം മതമായി അവർക്ക് നിശ്ചയിച്ചുകൊടുത്ത വല്ല പങ്കാളികളും അവർക്കുണ്ടോ? നിർണായകവിധിയെ പറ്റിയുള്ള കൽപന നിലവിലില്ലായിരുന്നെങ്കിൽഅവർക്കിടയിൽ ഉടനെ വിധികൽപിക്കപ്പെടുമായിരുന്നു. അക്രമികളാരോ അവർക്ക് തീർച്ചയായും വേദനയേറിയ ശിക്ഷയുണ്ട്" (42/21).

നബിﷺ പഠിപ്പിച്ച സുന്നത്ത് പിൻപറ്റുന്നതിലൂടെ ഇസ്‌ലാമിക സമൂഹത്തിന് ഐക്യവും സാഹോദര്യവും കെട്ടുറപ്പും സർവോപരി റബ്ബിന്റെ സ്‌നേഹവും സഹായവുമെല്ലാം ലഭ്യമാകുമ്പോൾ നല്ലതല്ലേ എന്ന പേരിൽ മനുഷ്യരുണ്ടാക്കുന്ന ബിദ്അത്തുകളിലൂടെ സമൂഹത്തിൽ അനൈക്യവും ഛിദ്രതയും റബ്ബിന്റെ ശാപകോപങ്ങളുമായിരിക്കും ഉണ്ടാവുക. അതിനാൽ ഹറാമുകളെക്കാൾ ബിദ്അത്തുകൾ ചെയ്യിപ്പിക്കാനും പ്രചരിപ്പിക്കാനുമായിരിക്കും പിശാച് കൂടുതൽ ശ്രമിക്കുക.

അതുകൊണ്ട് ബിദ്അത്തുകൾ നമ്മുടെ ജീവിതത്തിലേക്ക് കടന്നുവരാതെ സൂക്ഷിക്കുകയും ജാഗ്രത പാലിക്കുകയും വേണം.

ഇമാം മാലിക് പറഞ്ഞതുപോലെ 'നല്ലതല്ലേ എന്ന പേരിൽ ആരെങ്കിലും ഇസ്‌ലാമിൽ വല്ലതും പുതുതായുണ്ടാക്കിയാൽ മുഹമ്മദ് നബിﷺ തന്റെ ദൗത്യത്തിൽ വഞ്ചന കാണിച്ചു' എന്നതാണ് അയാൾ അതിലൂടെ പ്രഖ്യാപിക്കുന്നത്. കാരണം മതം അല്ലാഹു പൂർത്തിയാക്കി തൃപ്തിപ്പെട്ട് തന്നതാണ്. അതിനാൽ നബിﷺയും സ്വഹാബത്തും പ്രാവർത്തികമാക്കിയ ഇസ്‌ലാമിൽ ഇല്ലാത്ത, ഒരുകാര്യവും ഒരുകാലത്തും ഒരുദേശത്തും ദീനായി ആചരിക്കുവാൻ പാടുള്ളതല്ല. (വിശദവിവരണത്തിന് ഇമാംശാത്വിബിയുടെ അൽഇഅ്തിസാം എന്ന ഗ്രന്ഥം കാണുക).

എന്നാൽ ഹദീഥുകളിൽ ചില സംഗതികൾ ശഅ്ബാനുമായി ബന്ധപ്പെട്ട് വന്നിട്ടുണ്ട്.

ഒന്ന്: നബിﷺ ശഅ്ബാനിൽ ഐഛികമായ നോമ്പുകൾ ധാരാളമായി അധികരിപ്പിച്ചിരുന്നു എന്നും മറ്റൊരു മാസത്തിലും ഇത്രയധികം സുന്നത്തുനോമ്പുകൾ

നബിﷺ അനുഷ്ഠിക്കാറുണ്ടായിരുന്നില്ല എന്നും അവിടുത്തെ ഭാര്യമാർ സ്ഥിരപ്പെടുത്തുന്നു. (ബുഖാരി).

രണ്ട്: ശഅ്ബാൻ പകുതിയുടെ രാത്രിയിൽ അല്ലാഹു അവന്റെ സൃഷ്ടികളിലേക്ക് നോക്കുകയും സത്യവിശ്വാസികൾക്ക് പൊറുത്ത്കൊടുക്കുകയും അവിശ്വാസികൾക്ക് (സത്യവിശ്വാസം സ്വീകരിക്കാനും നന്നാകുവാനും) സാവകാശം നൽകുകയും ചെയ്യും. പകയും വിദ്വേഷവും വെച്ചുപുലർത്തുന്നവരെ അത്ഒഴിവാക്കി വരുന്നത് വരെ വിട്ടുകളയുകയും ചെയ്യും. ബഹുദൈവവിശ്വാസികളും വിദ്വേഷംവെച്ചുപുലർത്തുന്നവരുമല്ലാത്ത എല്ലാവർക്കും അവരുടെ ചെറുദോഷങ്ങൾ അല്ലാഹു പൊറുത്ത്കൊടുക്കുമെന്ന റിപ്പോർട്ടുകളും കാണാവുന്നതാണ്. (സിൽസിലതുസ്സ്വഹീഹ, ഹദീഥ് നമ്പർ 1144).

മൂന്ന്: ലോകരക്ഷിതാവായ അല്ലാഹുവിങ്കലേക്ക് കർമങ്ങൾ ഉയർത്തപ്പെടുന്ന മാസമാണ് ശഅ്ബാനെന്നും ജനങ്ങൾ അതിൽ അശ്രദ്ധരാണെന്നും ഞാൻ നോമ്പുകാരനായിരിക്കെ എന്റെ കർമങ്ങൾ അല്ലാഹുവിലേക്ക് ഹാജറാക്കപ്പെടുന്നതിനെ ഞാനിഷ്ടപ്പെടുന്നു എന്നുമൊക്കെ വിശദമാക്കുന്നചിലറിപ്പോർട്ടുകളും ഹദീഥിന്റെ ഗ്രന്ഥങ്ങളിൽ കാണാം. (നസാഈ).

ഇബ്നു റജബ് ശഅ്ബാനിലെ നബിﷺയുടെ നോമ്പിനെ കുറിച്ച് പ്രതിപാദിച്ചുകൊണ്ട് പറഞ്ഞ ചിലസംഗതികൾ പ്രത്യേകം ശ്രദ്ധേയമാണ്: പ്രത്യേക പ്രാധാന്യമുള്ള രണ്ടു മാസങ്ങൾക്കിടയിൽ വരുന്നഒരു മാസമാണ് റജബ്. അഥവാ യുദ്ധം നിഷിദ്ധമാക്കപ്പെട്ട മാസമായ റജബിനും ക്വുർആൻ അവതരിച്ച വ്രതത്തിന്റെ മാസമായ റമദാനിനും ഇടയിലുള്ള മാസം. അതിനാൽ കുറെയാളുകൾ റജബ്മാസത്തിലെ സുന്നത്ത് നോമ്പിന് ശഅ്ബാനിലെ സുന്നത്ത് നോമ്പിനെക്കാൾ പ്രത്യേകതയുണ്ടെന്ന് കരുതി അതിൽ വ്യാപൃതരായി. എന്നാൽ വസ്തുത അങ്ങനെയല്ല. 'ജനങ്ങൾ അതിനെക്കുറിച്ച് അശ്രദ്ധയിലാണ്' എന്നപരാമർശം അതാണത്രെ സൂചിപ്പിക്കുന്നത്. ശ്രേഷ്ഠതയുടെയും പുണ്യത്തിന്റെയും കാര്യത്തിൽ ജനങ്ങൾക്കിടയിൽ പ്രചാരത്തിലുള്ള ചിലതിനെക്കാൾ മറ്റുചിലതിനായിരിക്കും വാസ്തവത്തിൽ മഹത്വമുണ്ടാവുക. അങ്ങനെയുള്ള തെറ്റുധാരണ നീക്കുകയായിരിക്കും നബിﷺയുടെ ഉദ്ദേശ്യം. സൽകർമങ്ങളെതൊട്ട് ജനങ്ങൾ അശ്രദ്ധമാകുന്ന സന്ദർഭങ്ങളിലുള്ള ഇബാദത്തുകൾക്ക് പ്രത്യേക പ്രാധാന്യവും ശ്രേഷ്ഠതയുമുള്ളതായി ഹദീഥുകളിൽ വന്നിട്ടുണ്ട്.

മറ്റൊന്ന്, ഹദീഥുകളിൽ പരാമർശിക്കപ്പെട്ടപോലെ കർമങ്ങൾ അല്ലാഹുവിന്റെ അടുക്കൽ പ്രദർശിപ്പിക്കപ്പെടുമ്പോൾ നോമ്പുകാരനായ നിലയിൽ ആകുന്നതിനെ നബിﷺ ഇഷ്ടപ്പെട്ടു എന്നാണ്.

റമദാനിലെ നോമ്പിനെ പ്രയാസകരമായി അഭിമുഖീകരിക്കേണ്ടിവരാതിരിക്കാനുള്ള ഒരു പരിശീലനമെന്ന നിലയിലും വിശദീകരണങ്ങൾ വന്നിട്ടുണ്ട് എന്ന് ഇബ്നുറജബ് വിശദീകരിക്കുന്നു. (വിശദവിവരങ്ങൾക്ക് ഇബ്നുറജബിന്റെ 'ലത്വാഇഫുൽ മആരിഫ്' കാണുക).

**ശഅ്ബാനിലെ ബിദ്അത്തുകൾ**

ശഅ്ബാൻ മാസത്തിൽ പല തരത്തിലുള്ള ആചാരങ്ങളും ആഘോഷങ്ങളും മതത്തിന്റെ പേരിൽ ചിലർ കൊണ്ടുനടക്കുന്നത് കാണാം. ശഅ്ബാൻ 15ന്റെ രാത്രി ഉറക്കമൊഴിച്ച് പുണ്യം പ്രതീക്ഷിച്ചിരിക്കലും പ്രത്യേക നമസ്കാരങ്ങൾ നിർവഹിക്കലും ആ ദിവസത്തിൽ പെരുന്നാൾപോലെ പ്രത്യേകമായി അണിഞ്ഞൊരുങ്ങലുമൊക്കെ സമൂഹത്തിൽ കാണാം. ഇതിനൊന്നിനും പ്രമാണങ്ങളുടെ പിൻബലമില്ല. സച്ചരിതരായ മുൻഗാമികൾക്കൊന്നും പരിചയമിത്തല്ലാത്ത പുത്തനാചരങ്ങളാണ് (ബിദ്അത്തുകൾ) ഇതെല്ലാം.

ബറാഅത്ത് നമസ്കാരം എന്ന പേരിലുള്ള നൂറ് റക്അത്ത് നമസ്കാരവും ബലാഉകൾ (ദുരിതങ്ങൾ) നീങ്ങുവാനും ദീർഘായുസ്സ് ലഭിക്കാനും ദാരിദ്ര്യം മാറുവാനുമൊക്കെ എന്ന പേരിൽ നിർവഹിക്കപ്പെടുന്ന ആറ് റക്അത്ത് നമസ്കാരവും പ്രത്യേക ദുആയോടുകൂടി അന്ന് യാസീൻ ഓതലും ആയിരം മാസത്തെക്കൾ ഉൽകൃഷ്ടമെന്ന് ക്വുർആൻ പറഞ്ഞ അനുഗൃഹീതരാവ് (ലൈലതുൻ മുബാറക) ഇതാണെന്നും മറ്റുള്ള വിശ്വാസങ്ങളും അന്നേദിവസം പ്രത്യേക ഭക്ഷണമുണ്ടാക്കി വിതരണം ചെയ്യലുമെല്ലാം നബിﷺ യുടെ മാതൃകയില്ലാത്ത പുത്തനാചരങ്ങളാണ്. അഥവാ ഇസ്ലാംദീൻ പഠിപ്പിക്കാത്ത കാര്യങ്ങളാണ്.

**ശഅ്ബാൻ പകുതിക്ക് ശേഷമുള്ള നോമ്പ്**

ശഅ്ബാൻ പകുതിക്ക് ശേഷം പ്രത്യേകമായി നോമ്പെടുക്കുന്നത് വിലക്കിക്കൊണ്ടുള്ള ഹദീഥുകൾ നബിﷺയിൽ നിന്ന് സ്ഥിരപ്പെട്ട് വന്നിട്ടുണ്ട്. അബൂഹുറയ്റ നിവേദനം: നബിﷺ പറഞ്ഞു: "ശഅ്ബാൻ പകുതിയായിക്കഴിഞ്ഞാൽ പിന്നീട് റമദാൻ വരെ നിങ്ങൾ നോമ്പെടുക്കരുത്."

എന്നാൽ അയ്യാമുൽ ബീള് (ഹിജ്റ മാസത്തിലെ 13,14,15 തീയതികൾ) തിങ്കൾ, വ്യാഴം പോലുള്ള ദിവസങ്ങളിൽ സാധാരണയായി നോമ്പെടുക്കുന്ന ഒരാൾക്ക് ഈ വിലക്ക് ബാധകമല്ലെന്ന് പണ്ഡിതന്മാർ വ്യക്തമാക്കിയിട്ടുണ്ട്. അപ്രകാരം നോമ്പ് നോറ്റ് വീട്ടാൻ ബാക്കിയുള്ളതോ നേർച്ചയുള്ളതോ ആയ നോമ്പുകളും ഈ വിലക്കിന്റെ പരിധിയിൽ വരുന്നതല്ല.

മതത്തെ പ്രമാണബദ്ധമായി മനസ്സിലാക്കാനും അതനുസരിച്ച് ജീവിച്ച് നബിﷺയോടൊപ്പം സ്വർഗത്തിൽ ഒത്തുചേരാനും അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ. ●

സുഫ്‌യാൻ അബ്ദുസ്സലാം
sufyanasalam@gmail.com





# മലപ്പുറത്തിന്റെ ഉള്ളടക്കം വർഗീയമോ?

**മലപ്പുറം ജില്ല വർഗീയവാദികളുടെ നാടാണ് എന്ന വായ്ത്താരിക്ക് അതിന്റെ സ്ഥാപിതകാലം വരെ ചെന്നെത്തുന്ന പഴക്കമുണ്ട്. കുട്ടിപ്പാക്കിസ്ഥാനെന്നും മാപ്പിളസ്ഥാനെന്നുമുള്ള അപരനാമങ്ങളെ ശരി വെച്ചു കൊണ്ട് ഉത്തരവാദപ്പെട്ടവരുടെ സംസാരങ്ങൾ പക്വമതികളെ ചെറുതായൊന്നുമല്ല വേദനിപ്പിച്ചത്. മലപ്പുറത്തിന്റെ മനസ്സ് വർഗീയമാണോ? ഇതരരെ ഉൾക്കൊള്ളുന്നതിൽ അവിടുത്തുകാർ അസഹിഷ്ണത കാണിക്കാറുണ്ടോ? ചരിത്ര യാഥാർഥ്യങ്ങളെ മുൻനിർത്തിയുള്ള പഠനം.**

മലപ്പുറം ഉപതിരഞ്ഞെടുപ്പിന് ശേഷമുള്ള ചില രാഷ്ട്രീയപ്രതികരണങ്ങളിൽ ഏറെ ചർച്ച ചെയ്യപ്പെട്ട വിഷയമാണ് മലപ്പുറത്തിന്റെ ഉള്ളടക്കം. മലപ്പുറത്ത് ഒരു വിഭാഗം നേടിയ വിജയത്തെ രാഷ്ട്രീയമായി വിമർശിക്കാനും അതിലെ ശരിതെറ്റുകളെ വിലയിരുത്താനും പരാജയപ്പെട്ട കക്ഷികൾക്ക് അവകാശമുണ്ടെന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ, വിമർശനം ഒരു ജില്ലയെ തന്നെ താറടിക്കുന്ന തരത്തിലാവുകയും വർഗീയമായ ചേരിതിരിവുകൾ സൃഷ്ടിക്കുന്ന തരത്തിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ക്ഷണിച്ചുവരുത്തുകയും ചെയ്യുന്നതാണെങ്കിൽ അത്തരം വിമർശനങ്ങളെ ഗൗരവത്തോടെ കാണേണ്ടിയിരിക്കുന്നു. മലപ്പുറത്തിന്റെ ഉള്ളടക്കം വർഗീയമാണെന്ന് പറയുമ്പോൾ ആ ജില്ലയിൽ താമസിക്കുന്ന മുഴുവൻ മതവിഭാഗങ്ങളെയും മനുഷ്യരെയും അധിക്ഷേപിക്കുന്നതിനു തുല്യമാണ്.

ഒരുപാട് സമരങ്ങളുടെയും പോരാട്ടങ്ങളുടെയും ചരിത്രം ഉറങ്ങിക്കിടക്കുന്ന മണ്ണാണ് മലപ്പുറം. പക്ഷേ, പോരാട്ടങ്ങളിലൊന്ന് പോലും വർഗീയമായ പോരാട്ടങ്ങളായിരുന്നില്ല. അധിനിവേശ ശക്തികളിൽ നിന്നും രാജ്യത്തെ സംരക്ഷിക്കാനും അന്യായമായി കയ്യടക്കി വെച്ചിരുന്ന സ്വത്തുക്കൾ അതിന്റെ അവകാശികൾക്ക് നൽകുന്നതിനുവേണ്ടിയുമൊക്കെയുള്ള പോരാട്ടങ്ങളായിരുന്നു അത്. ഭിന്നിപ്പിച്ചു ഭരിക്കുക എന്ന തത്ത്വത്തിലൂടെ പോരാട്ടങ്ങളിൽ ചിലതിനെ വർഗീയമാക്കാനുള്ള അധിനിവേശ ശക്തികളുടെ

ഭാഗമായി ഒറ്റപ്പെട്ട സംഭവങ്ങൾ ഉദ്ധരിക്കപ്പെടാറുണ്ടെങ്കിലും മലപ്പുറത്തെ ജനങ്ങൾ വർഗീയതയെ ഒരു നിലയ്ക്കും അംഗീകരിക്കാത്തവരാണ്. മതപരമായ വൈജാത്യങ്ങളും അഭിപ്രായാന്തരങ്ങളുമൊക്കെ സജീവമായി നിലനിൽക്കുമ്പോഴും വിശ്വാസങ്ങൾക്കതീതമായി പരസ്പരം സ്നേഹിക്കാൻ മാത്രം ശീലിച്ചവരാണ് ആ നാട്ടുകാർ.

മലപ്പുറം ഉൾക്കൊള്ളുന്ന മലബാറിന്റെ ചരിത്രം പരിശോധിക്കുമ്പോൾ ഭൂമിയെ കുറിച്ചുള്ള അവകാശവാദങ്ങളും തർക്കങ്ങളും വളരെയധികം നിലനിന്നിരുന്ന പ്രദേശമായിരുന്നു അത്. ബ്രഹ്മസ്വത്തിന്റെ പേരിൽ ബ്രാഹ്മണരായിരുന്നു ഭൂസ്വത്തുക്കളിലധികവും കൈവശം വെച്ചിരുന്നത്. 90 ശതമാനം ബ്രഹ്മസ്വത്തിനും ശിഷ്ടം വരുന്ന 10 ശതമാനം ദേവസ്വത്തിനുമായിരുന്നു. ടിപ്പു സുൽത്താൻ ഭൂസ്വത്തുക്കൾക്ക് നികുതി നടപ്പാക്കിയതോടെ ജന്മിമാരിൽ അധികപേരും മലബാർ വിട്ടുപോവുകയും പിന്നീട് ബ്രിട്ടീഷുകാരുടെ കാലത്ത് ഭൂമിയുടെ അവകാശികളായിരുന്ന കുടിയാന്മാരെ ഇറക്കിവിട്ട് ഭൂസ്വത്തുക്കൾ ജന്മിമാർക്ക് തന്നെ തിരിച്ചേൽപ്പിക്കുകയും ചെയ്തു. ഇത് ബ്രിട്ടീഷുകാർക്കെതിരെയുള്ള കലാപങ്ങൾക്ക് കാരണമായി.

ബ്രിട്ടീഷുകാരുടെ ആദ്യകാലത്ത് ബോംബെ പ്രോവിൻസിന്റെ ഭാഗമായിരുന്ന മലബാർ പിന്നീട് മദ്രാസ് പ്രസിഡൻസി രൂപീകരിച്ചതോടെ മദ്രാസിന്റെ ഭാഗമായി. മലബാറിലെ ജനവിഭാഗങ്ങളിൽ ഭൂരിപക്ഷമായിരുന്ന മാപ്പിളമാരിൽ അധികവും കുടിയാന്മായിരുന്നു. ജന്മിമാർക്കെതിരെയുള്ള പ്രക്ഷോഭങ്ങളിൽ ശക്തമായി നിലയുറപ്പിച്ച മാപ്പിളമാർക്കെതിരെ ബ്രിട്ടീഷുകാർ കനത്ത നിയമങ്ങൾ കൊണ്ടുവന്നു. മാപ്പിള ഔട്ട്റേജസ് ആക്ട് അതിലൊന്നായിരുന്നു. കണ്ടാൽ വെടിവെക്കാനുള്ള ഉത്തരവായിരുന്നു അത്. ഇത് മാപ്പിളമാരും ബ്രിട്ടീഷുകാരും തമ്മിലുള്ള കനത്ത പോരാട്ടങ്ങൾക്ക് വഴി തെളിയിച്ചു. മാപ്പിളമാരുടെ പോരാട്ടവീര്യങ്ങൾക്കു മുമ്പിൽ പലപ്പോഴും ബ്രിട്ടീഷുകാർക്ക് മുട്ടുമടക്കേണ്ടി വന്നു. ഭൂമിക്ക് വേണ്ടിയുള്ള അവകാശത്തിനായുള്ള ഈ പോരാട്ടത്തെ വർഗീയമായി അവതരിപ്പിച്ചു ഹിന്ദു മുസ്‌ലിം കലാപങ്ങൾ സൃഷ്ടിക്കാൻ ബ്രിട്ടീഷുകാർ ശ്രമിച്ചു. ബ്രിട്ടിഷ് പ്രധാനമന്ത്രി ലോയ്ഡ് ജോർജ് 'മാപ്പിളമാരെ നമുക്ക് ഭരിക്കാനാവില്ല, അവർക്ക് സ്വാതന്ത്ര്യം കൊടുത്താലെന്താ' എന്നു ചോദിക്കുന്ന അവസ്ഥയിലേക്കു വരെ കാര്യങ്ങൾ എത്തിപ്പെട്ടു. ഇപ്പോഴത്തെ മലപ്പുറം ജില്ലയുടെ ഭാഗമായിരുന്ന ഏറനാട്, വള്ളുവനാട് പ്രദേശത്തെ മാപ്പിള മക്കൾ ആയിരുന്നു മുഴുവൻ സമരവീര്യങ്ങളും പുറത്തെടുത്ത് ബ്രിട്ടീഷുകാർക്കെതിരെ പോരാടിയത്. ബ്രിട്ടീഷുകാർക്കെതിരെയുള്ള പോരാട്ടങ്ങൾക്ക് പ്രമുഖ സ്ഥാനം നൽകിയ മാപ്പിള ജനതക്ക് ജീവിത വ്യവഹാരങ്ങളിലും വിജ്ഞാന സമ്പാദനങ്ങളിലും മുമ്പോട്ട് കുതിക്കാൻ സാധിച്ചില്ല. നിരന്തരമായ പോരാട്ടങ്ങൾ ആ ജനതയുടെ പിന്നോക്കാവസ്ഥക്കുള്ള കാരണമായിത്തത്തീർന്നു. ചിലരെങ്കിലും ധരിക്കുന്ന പോലെ മലബാർ സമരം ഒരിക്കലും ഒരു ഇസ്‌ലാമിക രാഷ്ട്രത്തിനായുള്ള പോരാട്ടമായിരുന്നില്ല.

1956 നവംബർ ഒന്നിന് ഐക്യകേരളം പിറന്നപ്പോൾ മുസ്‌ലിം സമുദായത്തിൽ പെട്ട പണ്ഡിതന്മാരും നേതാക്കളും ഇതര മതവിഭാഗങ്ങളിലെ ഉന്നതരുമെല്ലാം ഏറനാടിന്റെയും വള്ളുവനാടിന്റെയും പിന്നോക്കാവസ്ഥ പരിഹരിക്കാനുള്ള ശ്രമങ്ങൾ തുടങ്ങി. പ്രവിശാലവും ജനനിബിഡവുമായ ഒരു പ്രദേശത്തെ പിന്നോക്കാവസ്ഥ പരിഹരിക്കണമെങ്കിൽ ഭരണസംവിധാനങ്ങളുമായി കൂടുതൽ അടുക്കാനും സർക്കാർ പദ്ധതികൾ ജനങ്ങളിൽ എത്തിക്കാനുള്ള ആസൂത്രണങ്ങളും അനിവാര്യമായിരുന്നു. ഭരണസിരാകേന്ദ്രങ്ങളെ പ്രാപിക്കുവാൻ സാധാരണക്കാർക്ക് സാധിക്കാത്ത വിധം അകലെയായിരുന്നു. മലപ്പുറത്തെ ഉൾപ്രദേശങ്ങളിലുള്ളവർക്ക് പാലക്കാട് നഗരം വരെ യാത്ര ചെയ്തു തങ്ങളുടെ ആവശ്യങ്ങൾ പരിഹരിക്കേണ്ട അവസ്ഥയായിരുന്നു ഉണ്ടായിരുന്നത്. ഈ സാഹചര്യത്തിലാണ് മലപ്പുറം കേന്ദ്രമാക്കി ഒരു ജില്ല വേണമെന്ന ആവശ്യമുയരുന്നത്. രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനും ഭൂമിയിലെ അവകാശത്തിനുമായി പോരാട്ടം നടത്തിയ ഒരു ജനതയെ വിദ്യഭ്യാസപരമായും സാമൂഹികവുമായും മുൻപന്തിയിലേക്ക് കൊണ്ടുവരിക എന്നത് ഭരണകൂടങ്ങളുടെ ഉത്തരവാദിത്തമാണ്. ഇക്കാര്യത്തെ ഒരു ദേശീയ പ്രശ്നമായി ഏറ്റെടുത്ത് യുദ്ധകാലാടിസ്ഥാനത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടവരാണ് രാഷ്ട്രീയ നേതൃത്വങ്ങൾ. പക്ഷേ, ഈ ഉത്തരവാദിത്തം നിർവഹിക്കുന്നതിന് പകരം മലപ്പുറത്തിനെതിരെ അനാവശ്യമായ പ്രചാരണങ്ങളും ആശങ്കകളും സൃഷ്ടിക്കുകയാണ് പലരും ചെയ്തത്. കുട്ടിപാക്കിസ്ഥാൻ, മാപ്പിളസ്ഥാൻ തുടങ്ങിയ പ്രയോഗങ്ങൾ നടത്തി ജില്ലാരൂപീകരണത്തെ ശക്തമായി എതിർക്കുകയായിരുന്നു പലരും. മലപ്പുറം ജില്ല വന്നാൽ പാക്കിസ്ഥാനിൽ നിന്നും അറബിക്കടൽ തീരം വഴി ഭീകര

**മതരംഗത്തും രാഷ്ട്രീയരംഗത്തും പലപ്പോഴും പ്രകടമാവുന്ന ഒരു ദുഃസ്വഭാവമാണ് തമ്മിൽ തെറ്റിയാൽ അസഭ്യം പറയുകയെന്നത്. പക്വമതികൾ വിഹരിക്കേണ്ട മതരാഷ്ട്രീയ സാംസ്കാരിക മേഖലകൾ ഇത്തരം വ്യക്തികൾ കയ്യടക്കുന്നത് തടയണമെങ്കിൽ സാംസ്കാരിക ബോധമുള്ളവർ പൊതുരംഗത്തേക്ക് കടന്നുവരേണ്ടതുണ്ട്. മാലാഖമാർ കയറിച്ചെല്ലാൻ മടിക്കുന്നിടം ചെകുത്താന്മാർ ഓടിക്കയറുമെന്ന ആപ്തമാക്യം ഇവിടെ സ്മരണീയമാണ്.**

**നാരായണീയത്തിന്റെ കർത്താവായ മേൽപ്പത്തൂർ നാരായണ ഭട്ടതിരിയും, ജ്ഞാനപ്പാനയുടെ കർത്താവായ പൂന്താനവും മലയാളഭാഷയുടെ പിതാവായ തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛനും പിറന്ന നാടാണ് മലപ്പുറം. അധിനിവേശ വിരുദ്ധതക്ക് വേണ്ടി തൂലിക പടവാളാക്കി ഹിന്ദുവായ സാമൂതിരിയെ രാജാവായി വാഴിച്ച സൈനുദ്ധീൻ മഖ്ദൂമിന്റെയും സ്വരാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടിയ ആലി മുസ്‌ലിയാരുടെയും മുസ്‌ലിം നവോത്ഥാനത്തിന്റെ നായകനായിരുന്ന കെ.എം. മൗലവിയുടെയും കർമഭൂമിയും മലപ്പുറം തന്നെ. ഇങ്ങനെയുള്ള മലപ്പുറത്തിന്റെ മനസ്സും ഉള്ളടക്കവും വർഗീയമാണെന്നു പറയുന്നവർ രാഷ്ട്രീയ വിമർശനത്തിന് വേണ്ടി പറഞ്ഞതാണെന്ന് വിചാരിച്ചാൽ പോലും അതുകൊണ്ടുണ്ടാവുന്ന പ്രത്യാഘാതങ്ങൾ എന്തു മാത്രമായിരിക്കുമെന്നു മനസ്സിലാക്കേണ്ടതുണ്ട്.**

വാദികൾ നുഴഞ്ഞുകയറുമെന്നും ആയുധക്കടത്തുകൾ ഉണ്ടാവുമെന്നും അത് കേരളത്തിനും ഇന്ത്യക്കും ഭീഷണിയാവുമെന്നുമൊക്കെയായിരുന്നു പ്രചാരണങ്ങൾ. അക്കാലത്ത് മാതൃഭൂമി പത്രത്തിൽ വന്ന ഒരു റിപ്പോർട്ട് ഇങ്ങനെയായിരുന്നു: “നിർദിഷ്ടമായ മലപ്പുറം ജില്ല രൂപവത്കരിക്കപ്പെട്ടാൽ അത് ഒരു കൊച്ചു പാകിസ്ഥാനായിരിക്കും. മലപ്പുറത്തെ അമുസ്‌ലിംകളെ മുസ്‌ലിംകൾ ശല്യപ്പെടുത്തിവരുന്നുണ്ട്. ആയിരക്കണക്കിന് അമുസ്‌ലിംകളെ മതപരിവർത്തനം ചെയ്ത് മുസ്‌ലിംകളാക്കുന്ന ഒരു ഇസ്‌ലാമിക സംഘടന പൊന്നാനിയിൽ ഉണ്ട്. മലപ്പുറം ജില്ല ഒരു കടലോര പ്രദേശമാണ്. ജില്ലാ രൂപീകരണത്തോടെ അവിടെ തീരദേശ ബന്ധം സ്ഥാപിക്കുന്നതിന് സാധ്യതയില്ലെന്ന് പറഞ്ഞുകൂടാ...” (മാതൃഭൂമി ദിനപത്രം, 1969 ജൂൺ 6).

പ്രാദേശിക സൗകര്യാർഥം രൂപപ്പെട്ട ഒരു ആശയമായിരുന്നു മലപ്പുറം ജില്ല എന്ന ആശയം. പാലക്കാടുമായി ബന്ധപ്പെടാനുള്ള വൈഷമ്യം ഉൾക്കൊണ്ടുകൊണ്ട് പാങ്ങിൽ കുറുവ പഞ്ചായത്ത് പ്രസിഡന്റായിരുന്ന പി.കെ. ബാപ്പുട്ടിയാണ് ആദ്യമായി ഈ ആശയം ഒരു പ്രമേയമായി അവതരിപ്പിച്ചത്. ഇത് 1960ൽ ആയിരുന്നു. പിന്നീട് തിരുവിതാംകൂറുകാരനായിരുന്ന മങ്കട എം.എൽ.എ. അഡ്വ. പി. അബ്ദുൽ മജീദ് നിയമസഭയിൽ ഈ കാര്യം ഉന്നയിച്ചു. ബാഫഖി തങ്ങൾ, സി.എച്ച്. മുഹമ്മദ്‌കോയ, എം.പി.എം. അഹ്മദ് കുരിക്കൾ എന്നിവർ ഈ വിഷയത്തിൽ ശക്തമായി ഇടപെട്ടു. കേരളത്തിന്റെ പ്രഥമ മുഖ്യമന്ത്രി ഇ.എം.എസ്. നമ്പൂതിരിപ്പാട് മലപ്പുറം ജില്ലക്കാരനായിരുന്നു. തുടക്കത്തിൽ ജില്ലയെ അദ്ദേഹം അനുകൂലിക്കുകയും ചെയ്തിരുന്നു.

നേരത്തെ സൂചിപ്പിച്ച പോലെ ഒരു ജില്ല പിറന്നാൽ അതൊരു സാമുദായിക ധ്രുവീകരണത്തിന് കാരണമാകുമെന്ന പ്രചാരണത്തിന് പിന്നിൽ പ്രധാനമായും ഭാരതീയ ജനസംഘമായിരുന്നു. ഒ. രാജഗോപാൽ ആയിരുന്നു ജില്ലക്കെതിരെയുള്ള വർഗീയ ആരോപണത്തിന് മുന്നിൽ നിന്നത്. എന്നാൽ കേരളഗാന്ധി എന്ന പേരിൽ അറിയപ്പെട്ടിരുന്ന കെ. കേളപ്പൻ അടക്കമുള്ളവരും ഇത്തരം പ്രചാരണങ്ങളുടെ മുമ്പിൽ നിന്നുവെന്നത് മതേതരസ്‌നേഹികളിൽ വലിയ പ്രയാസം സൃഷ്ടിക്കുകയുണ്ടായി. അതോടെ വിഷയം ദേശീയ ശ്രദ്ധയാകർഷിച്ചു. ഈ വിഷയത്തിൽ അക്കാലത്ത് മലയാള മനോരമയിൽ വന്ന ഒരു വാർത്ത വായിക്കുന്നത് വളരെ പ്രസക്തമായിരിക്കും:

“മുസ്‌ലിം ഭൂരിപക്ഷമുള്ള ഒരു ജില്ല രൂപവത്കരിക്കുന്നതിൽ കാര്യമായ ഒരു തെറ്റുമില്ല. ജില്ലകളുടെ രൂപവത്കരണം സംസ്ഥാന ഗവൺമെന്റുകളുടെ ചുമതലയാണ്. മലപ്പുറം ജില്ല രൂപവത്കരിക്കുന്നതിൽ വർഗീയ പരിഗണനയൊന്നുമില്ലെന്ന് കേരള ഗവൺമെന്റ് കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. മലപ്പുറം ജില്ല രൂപീകരിക്കുന്നതിൽ സംസ്ഥാനത്തെ ഒരു വിഭാഗം ആളുകൾക്ക് എതിർപ്പുള്ളതായി കേന്ദ്ര ഗവൺമെന്റിന് വിവരം ലഭിച്ചിട്ടുണ്ട്. മുസ്‌ലിം ഭൂരിപക്ഷമുള്ള ജില്ല രൂപീകരിക്കുന്നത് ആശാസ്യമല്ലെന്ന് ശ്രീ. എസ്.എസ് ഭണ്ഡാരി(ജനസംഘം)യുടെ അഭിപ്രായം ചവാൻ തള്ളിക്കളഞ്ഞു. മുസ്‌ലിം ഭൂരിപക്ഷമുള്ള ഒരു ജില്ല രൂപീകരിക്കുന്നത് ദേശീയ താൽപര്യത്തിന് ഹാനികരമാണെന്ന ചിന്താഗതി നാം വളർത്തരുത്. ഇന്ത്യയിൽ ന്യൂനപക്ഷമായ ഒരു വിഭാഗം പൗരന്മാരെപ്പറ്റി അടിസ്ഥാനപരമായ ദുഃശ്ശങ്കയുളവാക്കാൻ അത് ഇടയാക്കും” (മലയാള മനോരമ, 1969 മാർച്ച് 26). ജില്ലയെ വർഗീയമായി കണ്ടവർക്കുള്ള തിരിച്ചടിയായി കേന്ദ്ര ആഭ്യന്തരമന്ത്രിയുടെയും കേന്ദ്ര ഗവർമെന്റിന്റെയും നിലപാടുകൾ.

**രജിസ്ട്രേഷൻ ആരംഭിച്ചു**

**ജാമിഅഃ അൽഹിന്ദ്, മിനി ഊട്ടി**

ജാമിഅഃ അൽഹിന്ദ് അൽ ഇസ്‌ലാമിയ്യഃ ശരീഅഃ കോളേജിന്റെ 2017 - 18 അധ്യയന വർഷത്തേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു


**യോഗ്യത; SSLC, +2 (Passed only)**
**ആൺകുട്ടികൾക്ക് മാത്രം ◌ പൂർണമായും സൗജന്യം**

രജിസ്ട്രേഷൻ ഓൺലൈൻ വഴി മാത്രം
(www.jamiaalhind.com)

Jamia Al Hind Al Islamiya, Miny Ooty, Oorakam
Melmuri-PO, malappuram-Dt, Kerala, Pin: 676 519
Ph: 9961725725

സർക്കാരുകളുടെ പിന്തുണ ജില്ലാ രൂപീകരണത്തിന് അനുകൂലമായതോടെ പ്രതിഷേധങ്ങൾക്കിടയിൽ 1969 ജൂൺ 16ന് മലപ്പുറം ജില്ല രൂപീകൃതമായി. കോഴിക്കോട് ജില്ലയുടെ ഭാഗമായിരുന്ന തിരൂർ, ഏറനാട് താലൂക്കുകളും പാലക്കാട് ജില്ലയുടെ ഭാഗമായിരുന്ന പെരിന്തൽമണ്ണ, പൊന്നാനി താലൂക്കുകളും ഉൾപ്പെടുത്തിക്കൊണ്ടാണ് ജില്ല രൂപീകരിച്ചത്. ആ ദിവസത്തെ 'അടിയറവെക്കൽ ദിന'മായി ആചരിക്കാൻ കെ. കേളപ്പൻ ആഹ്വാനം ചെയ്തുവെങ്കിലും ജില്ലയിലെ ജനങ്ങൾ ആ ആഹ്വനം തള്ളിക്കളഞ്ഞു. ജനസംഘം സമരം തുടർന്നെങ്കിലും ജില്ലാരൂപീകരണത്തോടെ അവർ നടത്തിവന്നിരുന്ന പ്രചാരണങ്ങൾ ആസ്ഥാനത്തായിരുന്നുവെന്നു പൊതുസമൂഹത്തിനു ബോധ്യപ്പെട്ടതോടെ അവർക്ക് സമരം നിർത്തിവെക്കേണ്ടി വന്നു. താനൂർ കടപ്പുറത്ത് ചാരക്കപ്പൽ കണ്ടെന്ന മാതൃഭൂമിയുടെ കുപ്രചാരണം പോലെയുള്ള പല സംഭവങ്ങളും പിന്നീടുണ്ടായെങ്കിലും വർഗീയതക്ക് സ്ഥാനമില്ലാതിരുന്ന മലപ്പുറത്തെ ജനമനസ്സുകളിൽ അതൊന്നും സ്വാധീനം ചെലുത്തിയില്ല.

മലപ്പുറം ജില്ല രൂപം കൊണ്ട ശേഷം പ്രദേശത്ത് എടുത്തുപറയാവുന്ന സാമുദായിക സംഘർഷങ്ങളോ കലാപങ്ങളോ ഉണ്ടായിട്ടില്ല. കേരളത്തിൽ ഏറ്റവും കൂടുതൽ മതവിഭാഗങ്ങൾക്കിടയിലെ സൗഹാർദം നിലനിൽക്കുന്ന പ്രദേശമാണ് മലപ്പുറം. അങ്ങാടിപ്പുറത്തെ തളി ക്ഷേത്രത്തിനു തീവെച്ച സംഭവത്തെ തുടർന്ന് ഉണ്ടായേക്കാമായിരുന്ന ഒരു വലിയ വർഗീയ കലാപത്തെ ഇല്ലാതാക്കിയത് മുസ്‌ലിം സമുദായ നേതാക്കളുടെ പക്വമായ ഇടപെടലായിരുന്നു. മറ്റു ജില്ലകളിൽ നിന്നും മലപ്പുറത്തെത്തുന്ന വിവിധ സമുദായങ്ങളിൽ പെട്ടവർ മലപ്പുറവുമായി ഇഴുകിച്ചേർന്നതാണ് പിന്നീടുള്ള ചരിത്രം. മലപ്പുറത്തെ ഭീതിയോടെ കണ്ടു കൊണ്ട് ജില്ലയിലേക്ക് കടന്നുവന്നവർ മലപ്പുറത്തിന്റെ സ്നേഹമനസ്സിനെ മുക്തകണ്ഠം പ്രശംസിക്കുന്നവരായി. അത്രമാത്രം പരസ്പരം ഉൾക്കൊള്ളാനും സ്നേഹിക്കാനും സഹകരിച്ചു ജീവിക്കാനും ശീലിച്ചവരാണ് മലപ്പുറത്തുകാർ. ജാതി മത ചിന്തകളുടെ വേലിക്കെട്ടുകൾ തകർത്തുകൊണ്ടുള്ള അയൽപക്ക ബന്ധങ്ങൾ നിലനിൽക്കുന്ന പ്രദേശമാണ് മലപ്പുറം. നാരായണീയത്തിന്റെ കർത്താവായ മേൽപ്പത്തൂർ നാരായണ ഭട്ടതിരിയും, ജ്ഞാനപ്പാനയുടെ കർത്താവായ പൂന്താനവും മലയാളഭാഷയുടെ പിതാവായ തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛനും പിറന്ന നാടാണ് മലപ്പുറം. അധിനിവേശ വിരുദ്ധതക്ക് വേണ്ടി തൂലിക പടവാളാക്കി ഹിന്ദുവായ സാമൂതിരിയെ രാജാവായി വാഴിച്ച സൈനുദ്ധീൻ മഖ്ദൂമിന്റെയും സ്വരാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടിയ ആലി മുസ്‌ലിയാരുടെയും മുസ്‌ലിം നവോത്ഥാനത്തിന്റെ നായകനായിരുന്ന കെ.എം. മൗലവിയുടെയും കർമഭൂമിയും മലപ്പുറം തന്നെ.




ഇങ്ങനെയുള്ള മലപ്പുറത്തിന്റെ മനസ്സും ഉള്ളടക്കവും വർഗീയമാണെന്നു പറയുന്നവർ രാഷ്ട്രീയ വിമർശനത്തിന് വേണ്ടി പറഞ്ഞതാണെന്ന് വിചാരിച്ചാൽ പോലും അതുകൊണ്ടുണ്ടാവുന്ന പ്രത്യാഘാതങ്ങൾ എന്തുമാത്രമായിരിക്കുമെന്നു മനസ്സിലാക്കേണ്ടതുണ്ട്. മലപ്പുറത്തിനെതിരെ ഇത്തരമൊരു പ്രസ്താവന വന്നിട്ടും അവിടുത്തെ ജനങ്ങൾ പ്രകോപിതരാകാതിരുന്നത് ആ ജില്ലയുടെ പാരമ്പര്യ സ്വഭാവത്തെയാണ് സൂചിപ്പിക്കുന്നത്.

പൊതുരംഗത്ത് പ്രവർത്തിക്കുന്നവർ വാ തുറക്കുമ്പോൾ പറയുന്നതിന് മുമ്പ് ആലോചന അനിവാര്യമാണ്. ഒരു സമൂഹത്തെയോ സമുദായത്തെയോ പ്രദേശത്തെയോ അവഹേളിക്കുന്ന തരത്തിലുള്ള പരാമർശങ്ങൾ എന്തുകൊണ്ടും അപലപനീയമാണ്.

മതരംഗത്തും രാഷ്ട്രീയരംഗത്തും പലപ്പോഴും പ്രകടമാകുന്ന ഒരു ദുഃസ്വഭാവമാണ് തമ്മിൽ തെറ്റിയാൽ അസഭ്യം പറയുകയെന്നത്. പക്വമതികൾ വിഹരിക്കേണ്ട മത, രാഷ്ട്രീയ, സാംസ്കാരിക മേഖലകൾ ഇത്തരം വ്യക്തികൾ കയ്യടക്കുന്നത് തടയണമെങ്കിൽ സാംസ്കാരിക ബോധമുള്ളവർ പൊതുരംഗത്തേക്ക് കടന്നുവരേണ്ടതുണ്ട്. മാലാഖമാർ കയറിച്ചെല്ലാൻ മടിക്കുന്നിടം ചെകുത്താന്മാർ ഓടിക്കയറുമെന്ന ആപ്തമാക്യം ഇവിടെ സ്മരണീയമാണ്. മഹാനായ പ്രവാചകൻ മുഹമ്മദ് നബിﷺ ഇപ്രകാരം പഠിപ്പിച്ചു: "ആരെങ്കിലും അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നുവെങ്കിൽ നല്ലത് മാത്രം പറഞ്ഞുകൊള്ളട്ടെ; അല്ലെങ്കിൽ മൗനമവലംബിക്കട്ടെ." ●

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

ലേഖനം



# പ്രവാചകന്മാർ പാപസുരക്ഷിതർ

പ്രവാചകന്മാർ പാപസുരക്ഷിതരാണ്. സാധാരണ പാപം എന്ന് പറയാവുന്നവ ഒന്നും തന്നെ പ്രവാചകന്മാരെ പിടികൂടുകയില്ല. അതിൽ നിന്ന് അവർക്ക് അല്ലാഹു സുരക്ഷിതത്വം നൽകിയിട്ടുണ്ട്. മോഷണം, വഞ്ചന, വിഗ്രഹങ്ങളുണ്ടാക്കൽ, അവയെ ആരാധിക്കൽ, മാരണം ചെയ്യൽ, മറ്റുള്ളവരെ പരിഹസിക്കൽ, കളിയാക്കി ചിരിക്കൽ, കളവ് പറയൽ... ഇപ്രകാരം മനുഷ്യത്വത്തിന് നിരക്കാത്ത യാതൊന്നുംഅവരിൽ സംഭവിക്കുകയില്ല.

ഉൽകൃഷ്ട സ്വഭാവത്തിന്റെയും മാനുഷിക മൂല്യങ്ങളുടെയും യഥാർഥ ഉദാഹരണങ്ങളായ പ്രവാചകന്മാരെ ബഹുമാനിക്കുകയും ആദരിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന, അല്ലാഹുവിന് ഇഷ്ടമുള്ള മാർഗത്തിലായി എന്നത് മുസ്‌ലിംകൾക്ക് ലഭിച്ചിട്ടുള്ള വലിയ അനുഗ്രഹമാണ്.

ജൂതക്രൈസ്തവ റബ്ബിമാർ പ്രവാചകന്മാരെ കുറിച്ച് അവരുടെ വേദങ്ങളിൽ പ്രവാചകന്മാരിൽ നിന്ന് സംഭവിക്കാൻ പാടില്ലാത്ത (മേൽ സൂചിപ്പിച്ച) കാര്യങ്ങൾ എഴുതിച്ചേർക്കുകയും ചെയ്തത് തങ്ങളുടെ പ്രവർത്തനങ്ങളെ പ്രവാചകന്മാരുടെ പ്രവർത്തനങ്ങളെ വെച്ച് ന്യായീകരിക്കുവാനാണെന്നേ നമുക്ക് മനസ്സിലാക്കാൻ സാധിക്കൂ. വേദപുസ്തകമെന്ന് അവർ അവകാശപ്പെടുന്ന ബൈബിളിൽ പ്രവാചകന്മാരെ കുറിച്ച് കെട്ടിച്ചമച്ചുണ്ടാക്കിയ കളവുകൾ കാണുക:

നൂഹ് നബി(عليه السلام) മദ്യപാനിയായിരുന്നെന്നാണ് ഉൽപത്തി പുസ്തകത്തിൽ പറയുന്നത്. "നോഹ് കർഷകനായിരുന്നു. മുന്തിരിത്തോട്ടം ആദ്യമായി നട്ടുപിടിപ്പിച്ചത് അയാളായിരുന്നു. നോഹ് വീഞ്ഞുകുടിച്ച് ലഹരി ബാധിച്ച് നഗ്നനായി കൂടാരത്തിൽ കിടന്നു. പിതാവിന്റെ നഗ്നത കണ്ടിട്ട് കാനാന്റെ പിതാവായ ഹാം വെളിയിൽ ചെന്ന് മറ്റു രണ്ടു സഹോദരന്മാരോട് വിവരം പറഞ്ഞു. ശേമും യാഫേത്തും കൂടി ഒരു വസ്ത്രം എടുത്ത് ഇരുവരുടെയും തോളുകളിലിയി ഇട്ട്, പിറകോട്ട് നടന്ന് ചെന്ന് പിതാവിന്റെ നഗ്നത മറച്ചു" (ഉൽപത്തി 9:20-23).

എന്നാൽ ക്വുർആൻ നൂഹ് നബിﷺനെ തന്റെ ആളുകൾ കളിയാക്കുന്ന വേളയിൽ അവർക്ക് നൽകിയ മറുപടി ഇപ്രകാരം എടുത്തുദ്ധരിക്കുന്നു:

"അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളെ, എന്നിൽ ദുർമാർഗമൊന്നുമില്ല. പക്ഷേ, ഞാൻ ലോകരക്ഷിതാവിങ്കൽ നിന്നുള്ള ദൂതനാകുന്നു"(7:61).

ഇബ്‌റാഹീംﷺനെ കുറിച്ച് ഭാര്യയെ ക്രൂരമായി മർദിക്കുവാൻ കൂട്ടുനിന്ന ആളെന്ന നിലക്കുള്ള വിവരണം ഉൽപത്തി 16:6ൽ കാണാം. സത്യസന്ധനും സന്മാർഗനിഷ്ഠനുമായ ഒരാളിൽ നിന്ന്, തന്റെ ജീവൻ രക്ഷിക്കുവാൻ വേണ്ടി സ്വന്തം ഭാര്യയെ അന്യപുരുഷന്റെ കിടപ്പറയിലേക്ക് അയക്കുക എന്ന പ്രവർത്തിയുണ്ടാകുമെന്ന് പ്രതീക്ഷിക്കുവാൻ കഴിയുമോ? എന്നാൽ ഉൽപത്തി പുസ്തകം 12-ാം അധ്യായം നൽകുന്ന ഇബ്‌റാഹീമിനെക്കുറിച്ച വിവരണം ഒരു ധാർമിക വ്യക്തിത്വത്തിന് നിരക്കുന്നതല്ല.

എന്നാൽ ഇബ്‌റാഹീംﷺനെ കുറിച്ച് ക്വുർആൻ പറയുന്നത് അദ്ദേഹത്തിന്റെ മഹത്വത്തെ ലോകജനതക്ക് മാതൃകയാകും വിധമാണ്:

"തീർച്ചയായും ഇബ്‌റാഹീം അല്ലാഹുവിന് കീഴ്‌പെട്ടു ജീവിക്കുന്ന നേർവഴിയിൽ (വ്യതിചലിക്കാതെ) നിലകൊള്ളുന്ന ഒരു സമുദായം തന്നെയായിരുന്നു. അദ്ദേഹം ബഹുദൈവവാദികളിൽ പെട്ടവനായിരുന്നില്ല. അവന്റെ (അല്ലാഹുവിന്റെ) അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കുന്നവനായിരുന്നു അദ്ദേഹം. അദ്ദേഹത്തെ അവൻ തെരഞ്ഞെടുക്കുകയും നേരായ പാതയിലേക്ക് നയിക്കുകയും ചെയ്തു. ഇഹലോകത്ത് അദ്ദേഹത്തിന് നാം നന്മ നൽകുകയും ചെയ്തിരിക്കുന്നു. പരലോകത്താകട്ടെ, തീർച്ചയായും അദ്ദേഹം സദ്‌വൃത്തരുടെ കൂട്ടത്തിലായിരിക്കും"(16:120-122).

ലോകത്ത് ആദ്യമായി സ്വവർഗരതി പ്രത്യക്ഷപ്പെട്ടത് മഹാനായ ലൂത്വ്ﷺന്റെ ജനതയിലായിരുന്നു. അല്ലാഹു എല്ലാ സൃഷ്ടികളെയും സൃഷ്ടിച്ചത് ഇണകളായിട്ടാണ്. ലൈംഗിക മോഹം തീർക്കാൻ എതിർ ലിംഗത്തിലുള്ളവരെ സമീപിക്കുന്ന പ്രകൃതത്തിലാണ് അല്ലാഹു എല്ലാ ജീവികളെയും സൃഷ്ടിച്ചത്. മനുഷ്യനും ലൂത്വ്ﷺന്റെ കാലം വരെ ഈ പ്രക്രിയതന്നെയാണ് സ്വീകരിച്ചത്. എന്നാൽ ഇവർ അതിന് വിരുദ്ധമായി പുരുഷൻ പുരുഷനെ സ്വീകരിക്കുകയാണ് ചെയ്തത്. അതിനെതിരിൽ അദ്ദേഹം പ്രതികരിച്ചത് ക്വുർആൻ പറയുന്നത് കാണുക:

"ലൂത്വിനെയും (നാം അയച്ചു). അദ്ദേഹം തന്റെ ജനതയോട്, നിങ്ങൾക്കു മുമ്പ് ലോകരിൽ ഒരാളും തന്നെ ചെയ്തിട്ടില്ലാത്ത ഈ നീചവൃത്തിക്ക് നിങ്ങൾ ചെല്ലുകയോ എന്ന് പറഞ്ഞ സന്ദർഭം (ഓർക്കുക). സ്ത്രീകളെ വിട്ട് പുരുഷന്മാരുടെ അടുത്ത് തന്നെ നിങ്ങൾ കാമവികാരത്തോടെ ചെല്ലുന്നു. അല്ല, നിങ്ങൾ അതിരുവിട്ട് പ്രവർത്തിക്കുന്ന ഒരു ജനതയാകുന്നു. ഇവരെ നിങ്ങളുടെ നാട്ടിൽനിന്ന് പുറത്താക്കുക, ഇവർ പരിശുദ്ധി പാലിക്കുന്ന ആളുകളാകുന്നു എന്നു പറഞ്ഞതു മാത്രമായിരുന്നു അദ്ദേഹത്തിന്റെ ജനതയുടെ മറുപടി"(7:80-82).

ലൂത്വ്ﷺനെ വിശുദ്ധനും നീതിമാനും ധർമനിഷ്ഠനുമായി ക്വുർആൻ പരിചയപ്പെടുത്തുമ്പോൾ അദ്ദേഹത്തിന്റെ ജീവിതം അധാർമികവും മ്ലേഛവുമായിരുന്നെന്ന് ലോകത്തിന് പരിചയപ്പെടുത്തുകയാണ് ബൈബിൾ ചെയ്യുന്നത്: "ലോത്തിന്റെ മൂത്തപുത്രി ഇളയവളോട് പറഞ്ഞു: നമ്മുടെ പിതാവ് വൃദ്ധനായിരിക്കുന്നു. ഭൂമിയിലെ നടപ്പനുസരിച്ച് നമ്മോട് ഇണചേരുവാൻ ഭൂമിയിലെ ഒരു പുരുഷനും ഇല്ല. വാ, നമുക്ക് പിതാവിനെ വീഞ്ഞ് കുടിപ്പിക്കാം. പിതാവിനോടൊപ്പം ശയിച്ച് പിതാവിൽ നിന്ന് സന്തതികളെ നേടാം! അന്നു രാത്രി അവർ പിതാവിനെ വീഞ്ഞു കുടിപ്പിച്ചു. മൂത്ത പുത്രി അകത്ത് ചെന്ന് പിതാവിനോടൊപ്പം ശയിച്ചു. അവൾ എപ്പോൾ വന്നു ശയിച്ചെന്നോ എപ്പോൾ എഴുന്നേറ്റ് പോയെന്നോ ഒന്നും അയാൾ അറിഞ്ഞില്ല. അടുത്ത ദിവസം മൂത്തവൾ ഇളയവളോട് പറഞ്ഞു: ഇന്നലെ ഞാൻ പിതാവിനോടൊപ്പം ശയിച്ചു. ഇന്നു രാത്രിയും നമുക്ക് പിതാവിനെ വീഞ്ഞ് കുടിപ്പിക്കാം. അനന്തരം നീ അകത്തുപോയി പിതാവിനൊപ്പം ശയിച്ച് നമ്മുടെ പിതാവിലൂടെ നമുക്ക് സന്തതികളെ നേടുക. അന്നു രാത്രിയും അവർ പിതാവിനെ വീഞ്ഞ് കുടിപ്പിച്ചു. ഇളയ പുത്രി എഴുന്നേറ്റ് ചെന്ന് അയാളുടെ കൂടെ ശയിച്ചു. അവൾ എപ്പോൾ വന്നു ശയിച്ചെന്നോ എപ്പോൾ എഴുന്നേറ്റ് പോയെന്നോ ഒന്നും അയാൾ അറിഞ്ഞില്ല. അങ്ങനെ ലോത്തിന്റെ രണ്ടു പുത്രിമാരും പിതാവിനാൽ ഗർഭവതികളായി" (ഉൽപത്തി 19:31-36).

യഅ്ക്വൂബ്ﷺനെ സദ്‌വൃത്തരിൽ പെട്ടയാളായിട്ടാണ് ക്വുർആൻ പഠിപ്പിക്കുന്നത്: "അദ്ദേഹത്തിന് നാം ഇസ്ഹാക്വിനെ പ്രദാനം ചെയ്തു. പുറമെ (പൗത്രൻ) യഅ്ക്വൂബിനെയും. അവരെയെല്ലാം നാം സദ് വൃത്തരാക്കിയിരിക്കുന്നു"(21:72).

എന്നാൽ അദ്ദേഹം സ്വന്തം സഹോദരനെ ചതിച്ച് പിതാവായ ഇസ്ഹാക്വിൽ നിന്ന് ആനുകൂല്യങ്ങൾ തട്ടിയെടുത്ത ആളായാണ് ഉൽപത്തി (27:19-22) പരിചയപ്പെടുത്തുന്നത്. തന്റെ ഭാര്യാപിതാവിന്റെ കാലി സമ്പത്ത് മുഴുവൻ ഒരു സൂത്രമുപയോഗിച്ച് കൈവശപ്പെടുത്തിയതും(ഉൽപത്തി 30:37-43), മക്കളെ കൊണ്ട് നഗരം കൊള്ള ചെയ്യിച്ചതുമെല്ലാം (ഉൽപത്തി 34:25-31) യാക്കോബിന്റെ പ്രവൃത്തികളായാണ് ബൈബിൾ പരിചയപ്പെടുത്തുന്നത്!

ഇസ്‌റാഈൽ സന്തതികളിലേക്ക് നിയോഗിതനായ മൂസാﷺ തന്റെ ജനതയോട് അല്ലാഹുവിനെ മാത്രം ആരാധി

ക്കണമെന്നും പ്രവാചകനായ എന്നെ നിങ്ങൾ അനുസരിക്കണമെന്നും പറഞ്ഞതിനാൽ അനുഭവിക്കേണ്ടിവന്ന പ്രയാസങ്ങൾ ഏറെയാണ്. (പ്രവാചകന്മാരുടെ ചരിത്രം വിവരിക്കുമ്പോൾ ആ ഭാഗം നമുക്ക് വായിക്കാം). ഇവിടെ നാം മനസ്സിലാക്കുന്നത് മറ്റൊരു കാര്യമാണ്. മൂസാﷺ തൗറാത്ത് വാങ്ങാനായി പോയപ്പോൾ അവരിൽ നിന്ന് സാമിരിയെന്ന ദുഷ്ടൻ ഒരു കാളക്കുട്ടിയെ നിർമിക്കുകയും അതിനെ ആരാധിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുകയും അതിനെതിരിൽ മൂസാﷺ രോഷാകുലനാകുകയും തന്റെ സഹോദരൻ ഹാറൂനിനോട് ദേഷ്യപ്പെട്ട് താടിക്ക് പിടിച്ചതുമെല്ലാം ക്വുർആൻ വിശദീകരിക്കുന്നുണ്ട്.

വിഗ്രഹം ഉണ്ടാക്കിയതറിഞ്ഞതിൽ അങ്ങേയറ്റം ദേഷ്യപ്പെട്ട മൂസാﷺനെ കുറിച്ച് പുറപ്പാട് പുസ്തകം 32:16 വരെയുള്ള വചനങ്ങളിൽ പറയുന്നത് മോശ സീനായ് പർവതത്തിലേക്ക് പോയ അവസരത്തിൽ ഇസ്രാഈല്യർക്ക് അവരുടെ ആവശ്യപ്രകാരം സ്വർണം കൊണ്ട് കാളക്കുട്ടിയെ നിർമിച്ച് ആരാധിക്കാനായി നൽകിയത് മോശയുടെ കൂട്ടാളിയും പ്രവാചകനുമായ അഹറോണായിരുന്നുവെന്നാണ്.

ദാവൂദ്ﷺനെ കുറിച്ച് പറയുന്നത് കാണുക: "ഒരു ദിവസം ദാവീദ് തന്റെ കൊട്ടാരത്തിന്റെ മട്ടുപ്പാവിൽ ഉലാത്തുകയായിരുന്നു. അപ്പോൾ അതീവ സുന്ദരിയായ ഒരു സ്ത്രീ കുളിക്കുന്നത് കണ്ടു. ദാവീദ് ആളയച്ച് അവളെക്കുറിച്ച് അന്വേഷിച്ചപ്പോൾ തന്റെ പടയാളിയായ ഊറിയായുടെ ഭാര്യ ബത്ശേബയാണ് അതെന്ന് മനസ്സിലായി. ദൂതന്മാരെ അയച്ച് ദാവീദ് അവളെ തന്റെ കടപ്പുറയിലേക്ക് വരുത്തി. ദാവീദ് അവളോടൊപ്പം ശയിച്ചു. സ്വഭവനത്തിലേക്ക് മടങ്ങിയ അവൾ ഏതാനും ദിവസം കഴിഞ്ഞപ്പോൾ താൻ ഗർഭിണിയാണെന്ന കാര്യം ദാവീദിനെ അറിയിച്ചു. ഈ സമയത്ത് യുദ്ധഭൂമിയിലായിരുന്ന ഊറിയായെ ദാവീദ് കൊട്ടാരത്തിലേക്ക് വരുത്തി. അയാളെ സ്വഗൃഹത്തിലേക്ക് പറഞ്ഞയച്ച് തന്റെ കുഞ്ഞിന്റെ പിതൃത്വം പടയാളിയിൽ കെട്ടിവെക്കാൻ ശ്രമിച്ചു. പക്ഷേ, ഊറിയാ തന്റെ വീട്ടിൽ പോകാൻ തയ്യാറായില്ല... ആ ശ്രമം പരാജയപ്പെട്ടു.

പിറ്റേന്ന് പ്രഭാതത്തിൽ ദാവീദ് ഊറിയായെ യുദ്ധ ഭൂമിയിലേക്ക് പറഞ്ഞയച്ചു. അയാളുടെ കൈവശം സേനാ നായകനായ യോവാബിന് ഒരു ഒരു കത്തും കൊടുത്തുവിട്ടു. കത്തിൽ ദാവീദ് ഇപ്രകാരമെഴുതി: പൊരിഞ്ഞ യുദ്ധം നടക്കു

**ജൂതക്രൈസ്തവ റബ്ബിമാർ പ്രവാചകന്മാരെ കുറിച്ച് അവരുടെ വേദങ്ങളിൽ പ്രവാചകന്മാരിൽ നിന്ന് സംഭവിക്കാൻ പാടില്ലാത്ത കാര്യങ്ങൾ എഴുതിച്ചേർത്തത് തങ്ങളുടെ പ്രവർത്തനങ്ങളെ പ്രവാചകന്മാരുടെ പ്രവർത്തനങ്ങളെ വെച്ച് ന്യായീകരിക്കുവാനാണെന്നേ നമുക്ക് മനസ്സിലാക്കാൻ സാധിക്കൂ. വേദപുസ്തകമെന്ന് അവർ അവകാശപ്പെടുന്ന ബൈബിളിൽ പ്രവാചകന്മാരെ കുറിച്ച് കെട്ടിച്ചമച്ചുണ്ടാക്കിയ കളവുകൾ ധാർമികതയിൽ വിശ്വസിക്കുന്ന ഏതൊരാളെയും നിരാശരാക്കുന്നതാണ്.**

ന്നിടത്ത് മുൻ നിരയിൽ ഊറിയായെ നിർത്തുക. പിന്നീട് അയാളിൽ നിന്ന് പിന്തിരിയുക. അയാൾ വെട്ടേറ്റ് വീണ് മരിക്കണം" (2 ശാമുവേൽ 11:15).

കൽപന പോലെ സേനാ നായകൻ പ്രവർത്തിച്ചു. ഊറിയാ കൊല്ലപ്പെട്ടു. വിലാപ കാലത്തിനു ശേഷം ഊറിയായുടെ ഭാര്യയെ ദാവീദ് തന്റെ കൊട്ടാരത്തിലേക്ക് കൊണ്ടുവന്നു. അവൾ അദ്ദേഹത്തിന്റെ ഭാര്യയാവുകയും ഒരു കുഞ്ഞിനെ പ്രസവിക്കുകയും ചെയ്തു.

ദാവീദിന്റെ മക്കൾ നടത്തിയ തോന്നിവാസങ്ങൾക്ക് കയ്യും കണക്കുമില്ലെന്നാണ് പഴയ നിയമം പറയുന്നത്. ഒരു മകനായ അമ്നോൻ കാമാന്ധത നിമിത്തം സഹോദരിയായിരുന്ന താമാറിനെ ബലാൽസംഗം ചെയ്തു (2 ശാമുവേൽ 13:114). മറ്റൊരു മകനായ അബ്ശലോം സ്വന്തം പിതാവിന്റെ ഭാര്യമാരെ പ്രാപിച്ചു (2 ശാമുവേൽ 16:20-23). ദാവീദ് ഇതെല്ലാം നോക്കി നിന്നുവെന്നും അവർക്കെതിരായി യാതൊന്നും ചെയ്തില്ലെന്നുമാണ് ശാമുവേൽ പുസ്തകങ്ങൾ വായിച്ചാൽ തോന്നുക.

സുലൈമാൻ നബിﷺയിലും ഇതുപോലെയുള്ള ദുർവൃത്തികൾ യഹൂദികൾ ആരോപിച്ചിട്ടുണ്ട്. 1 രാജാക്കന്മാർ 11:37 നോക്കിയാൽ അന്യജാതിക്കാരായ സ്ത്രീകളുടെ സമ്മർദത്തിനു വഴങ്ങി അന്യദേവതമാരെ ആരാധിച്ചിരുന്ന വ്യക്തിയായി സോളമനെ യഹൂദ റബ്ബിമാർ വികൃതമാക്കിയത് കാണാൻ സാധിക്കും. എന്നാൽ സുലൈമാൻﷺയെ കുറിച്ച് ക്വുർആൻ പഠിപ്പിക്കുന്നത് കാണുക.

"ദാവൂദിനും സുലൈമാനും നാം വിജ്ഞാനം നൽകുകയുണ്ടായി. 'തന്റെ വിശ്വാസികളായ ദാസന്മാരിൽ മിക്കവരെക്കാളും ഞങ്ങൾക്ക് ശ്രേഷ്ഠത നൽകിയ അല്ലാഹുവിന് സ്തുതി' എന്ന് അവർ ഇരുവരും പറയുകയും ചെയ്തു"(27:15).

"ദാവൂദിന് നാം സുലൈമാനെ (പുത്രൻ) പ്രദാനം ചെയ്തു. വളരെ നല്ല ദാസൻ! ദീർച്ചയായും അദ്ദേഹം (അല്ലാഹുവിങ്കലേക്ക്) ഏറ്റവും അധികം ഖേദിച്ചു മടങ്ങുന്നവനായിരുന്നു"(സ്വാദ്: 30).

ക്ഷിപ്രകോപിയായും മദ്യപാനിയായും മാതൃബഹുമാനമില്ലാത്ത ആളുമായാണ് ഈസാനബിﷺയെ സുവിശേഷ പുസ്തകം (ബൈബിൾ) പരിചയപ്പെടുത്തുന്നത്. സ്വന്തം മാതാവിനെ 'ഹേ! സ്ത്രീയേ!' എന്ന് ഈ

സാﷺ വിളിക്കുന്നതായി യോഹന്നാൻ സുവിശേഷം 2:5ൽ കാണാം. അല്ലാഹു പരിചയപ്പെടുത്തിത്തരുന്ന ഈസാﷺ ആരാണെന്ന് കാണുക:

"(അവൻ എന്നെ) എന്റെ മാതാവിനോട് നല്ല നിലയിൽ പെരുമാറുന്നവനും (ആക്കിയിരിക്കുന്നു). അവൻ എന്നെ നിഷ്ഠൂരനും ഭാഗ്യം കെട്ടവനുനാക്കിയിട്ടില്ല''(19:32).

നോക്കൂ..! എന്തുമാത്രം വിചിത്രവും നീചവുമായ പ്രവർത്തനങ്ങളാണ് പ്രവാചകന്മാരുടെ മേൽ യഹൂദ റബ്ബിമാർ കെട്ടിവെച്ചിട്ടുള്ളത്. ഇതെല്ലാം നാം മുകളിൽ സൂചിപ്പിച്ചത് പോലെ, തങ്ങളുടെ നീചവൃത്തികൾക്ക് മഹാന്മാരുടെ പിന്തുണയുണ്ടെന്ന് വാദിക്കാനാണെന്നേ മനസ്സിലാക്കുവാൻ സാധിക്കുയുള്ളൂ.

പ്രവാചകന്മാർ ആരായിരുന്നെന്ന് ക്വുർആൻ വിവരിക്കുന്നത് കാണുക:

"അവരെ നാം നമ്മുടെ കൽപന പ്രകാരം മാർഗദർശനം നൽകുന്ന നേതാക്കളാക്കുകയും ചെയ്തിരിക്കുന്നു. നല്ല കാര്യങ്ങൾ ചെയ്യണമെന്നും നമസ്കാരം മുറപോലെ നിർവഹിക്കണമെന്നും സകാത്ത് നൽകണമെന്നും നാം അവർക്ക് ബോധനം നൽകുകയും ചെയ്തു. നമ്മെയായിരുന്നു അവർ ആരാധിച്ചിരുന്നത്'(21:73).

18 നബിമാരുടെ പേര് പറഞ്ഞതിന് ശേഷം അല്ലാഹു നബിയോട് പറയുന്നു: "...അവരെയാണ് അല്ലാഹു നേർവഴിയിലാക്കിയിട്ടുള്ളത്. അതിനാൽ അവരുടെ നേർമാർഗത്തെ നീ പിന്തുടർന്നുകൊള്ളുക''(6:90).

"തീർച്ചയായും (പ്രവാചകന്മാർ) ഉത്തമകാര്യങ്ങൾക്ക് ധൃതി കാണിക്കുകയും ആശിച്ചുകൊണ്ടും പേടിച്ചുകൊണ്ടും നമ്മോട് പ്രാർഥിക്കുകയും ചെയ്യുന്നവരായിരുന്നു. അവർ നമ്മോട് താഴ്മ കാണിക്കുന്നവരുമാകുന്നു"(21:90). ●

peaceradio
Tune to reality

**ഈ ആഴ്ചയിലെ പ്രധാന പരിപാടികൾ**

**ചുവരെഴുത്ത്**
**ഉസ്മാൻﷺന്റെ ഘാതകരെ അലിﷺ**
**എന്ത് കൊണ്ട് ശിക്ഷിച്ചില്ല**
**അബ്ദുൽ ജബ്ബാർ മദീനി**
08.05.17 തിങ്കൾ, 8:20 PM
09.05.17 ചൊവ്വ 8:20 AM, 12:20 AM

**ആരോഗ്യ വിചാരം**
**അത്യാഹിതങ്ങൾ: നമുക്കും ചെയ്യാം**
**ചില കാര്യങ്ങൾ, ഭാഗം 2**
**ഡോ. യാസർ ചോമയിൽ**
**(എമർജൻസി മെഡിസിൻ, ആസ്റ്റർ മിംസ് ഹോസ്പിറ്റൽ, കോട്ടക്കൽ), ഡോ.അബ്ദുൽ മാലിക്**
08.05.17 തിങ്കൾ 9:00 PM, 11:15 PM
09.05.17 ചൊവ്വ 10:30 AM

**സവിശേഷം**
**ഗൾഫ് പ്രവാസം; അതിജീവനത്തിന്റെ കഥ**
**തിരമാലകൾക്കപ്പുറം, ഭാഗം 1**
09.05.17 ചൊവ്വ, 09:00 PM, 11:15 PM
10.0517 ബുധൻ, 10:30 AM

**സലഫി ദുറൂസ്**
**നുബുവ്വതിന്റെ തെളിവുകൾ**
**ഭാഗം 54**
11.05.17 ചൊവ്വ 04:30 PM, 09:30 PM
12.05.17 ബുധൻ 10:30 AM

**ജനക്ഷേമം**
**ട്രഷറി വകുപ്പും ആധുനികവൽകരണവും**
**ഭാഗം 2**
**ജാഫർ കെ കക്കൂത്ത്**
**(സബ്ട്രഷറി ഓഫീസർ, പെരിന്തൽമണ്ണ)**
11.05.17 വ്യാഴം, 09:00 PM, 11:15 PM
12.05.17 വെള്ളി, 10:30 AM

**സുപഥം**
**നോമ്പിലെ അനാചാരങ്ങൾ**
**ഫൈസൽ മൗലവി**
12.05.17 വെള്ളി, 04:30 PM, 09:30 PM
13.05.17 ശനി, 09:30 AM

**തജ്‌വീദ് പഠനം**
**സൂറത് ദ്വുഹ പാരായണ പഠനം**
**ഹാഫിള് അസ്‌ലം കുവൈത്ത്**
12.05.17 വെള്ളി, 7:45 PM
13.05.17 ശനി, 5:00 PM

**നിയമപാഠം**
**ലീഗൽ സർവീസസ് അതോറിറ്റി, ഭാഗം: 2**
**ആർ.എൽ ബൈജു**
**(സബ് ജഡ്ജ്, സെക്രട്ടറി ലീഗൽ സർവീസസ് അതോറിറ്റി കോഴിക്കോട്)**
12.05.17 വെള്ളി, 9:00 PM, 11:15 PM
13.05.17 ശനി, 10:30 AM

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:
Search peaceradio
Search peace radio App
www.peaceradio.com
Scan QR Code

അക്രം വളപട്ടണം
akramvalapattanam@gmail.com




# മറക്കില്ലൊരിക്കലും

അസ്‌ലം അഞ്ചാം ക്ലാസ് വിദ്യാർഥിയാണ്. സ്നേഹത്തോടെ എല്ലാവരും അവനെ അസ്‌ലൂ എന്ന് വിളിക്കും. കുട്ടിക്കാലം മുതൽക്ക് തന്നെ ഇസ്‌ലാമിക ചുറ്റുപാടിലാണ് അസ്‌ലു വളർന്നുവന്നത്. പഠനത്തിൽ അവൻ സ്കൂളിലും മദ്‌റസയിലും ഒരുപോലെ മുന്നിട്ടുനിന്നു. ഓട്ടോ ഡ്രൈവറായ അബൂക്കയാണ് അസ്‌ലുവിന്റെ പിതാവ്. ദിവസവും കിട്ടുന്ന ചില്ലറ വരുമാനം കൊണ്ട് തന്റെ പൊന്നുമോനെ വളർത്താൻ അബൂക്ക ധാരാളം കഷ്ടപ്പെട്ടിരുന്നു. ഉമ്മ ആത്തിക്ക സങ്കടങ്ങളറിയിക്കാതെ അവനെ സ്നേഹിച്ചുവളർത്തി.

അസ്‌ലുവിന്റെ ചങ്ങാതിയായ ഫഹീമിന്റെ ഉപ്പ ഈയിടെയാണ് മരണപ്പെട്ടത്. അടുത്ത ദിവസം മദ്‌റസയിൽ പോയപ്പോൾ ശരീഫ ടീച്ചർ എല്ലാരോടും ഫഹീമിന്റെ ഉപ്പാക്ക് വേണ്ടി പ്രാർഥിക്കാൻ പറഞ്ഞു. ശേഷം ടീച്ചർ ആർക്കൊക്കെ മയ്യിത്തിന് വേണ്ടിയുള്ള പ്രാർഥന അറിയാം എന്ന് ചോദിച്ചു. കുറേ കുട്ടികൾക്ക് അറിയില്ലായിരുന്നു. ടീച്ചർ പ്രാർഥന ബോർഡിൽ എഴുതി. “അല്ലാഹുമ്മ ഇഗ്ഫിർലഹു വർഹംഹു...” അടുത്ത ക്ലാസിൽ പഠിച്ചു വരാനും ടീച്ചർ പറഞ്ഞു.

വീട്ടിലെത്തിയ ഉടൻ ഉപ്പ അസ്‌ലുവിനോട് ചോദിച്ചു: “മോനേ ഇന്നെന്താ മദ്‌റസയിൽ പഠിപ്പിച്ചത്?” അസ്‌ലു പറഞ്ഞു: “ഉപ്പാ, ഇന്ന് ടീച്ചർ ഫഹീമിന്റെ ഉപ്പാക്ക് വേണ്ടി പ്രാർഥിക്കാൻ പറഞ്ഞു. പിന്നെ മയ്യിത്തിന് വേണ്ടിയുള്ള പ്രാർഥനയും പഠിപ്പിച്ചു.”

അബൂക്ക തുടർന്നു: “മോനേ, നീ ആ പ്രാർഥന പഠിച്ചോ? ഞാൻ മരിച്ചാൽ എനിക്ക് വേണ്ടി നമസ്കരിക്കുമ്പോൾ ഈ പ്രാർഥന ചൊല്ലാൻ നിനക്ക് കഴിയണം” ഇതും പറഞ്ഞ് അബൂക്ക ചാരുകസേരയിൽ കണ്ണടച്ചിരുന്നു. ആ കണ്ണിൽ നിന്ന് കണ്ണുനീർ ഒഴുകുന്നത് അസ്‌ലു കണ്ടു. അവന്റെ മനസ്സ് വിഷമിച്ചു. ഇതൊക്കെ ഉമ്മറപ്പടിയിൽ ചാരിനിൽക്കുന്ന ആത്തിക്ക കാണുന്നുണ്ടായിരുന്നു.

അവർ അന്തരീക്ഷമൊന്ന് തണുപ്പിക്കാനായി ഇടപെട്ടു: “വേറെ എന്താ മോൻ പഠിച്ചത്.”

“അത്... വിശ്വാസ പാഠങ്ങളിൽ തവക്കുലാണിന്ന് പഠിച്ചത്. അല്ലാഹുവിൽ ഭരമേൽപിക്കണമെന്നും അല്ലാഹുവിനെ സൂക്ഷിച്ച് ജീവിക്കുന്നവർക്ക് അവൻ പ്രയാസഘട്ടങ്ങളിൽ രക്ഷമാർഗം തുറന്നുകൊടുക്കുമെന്നുമെല്ലാം പഠിച്ചു.”

“മോൻ എല്ലാം നന്നായി ഓർക്കുന്നുണ്ടല്ലോ..നല്ല കുട്ടി” ചിന്തയിൽനിന്നുണർന്നുകൊണ്ട് അബൂക്ക പറഞ്ഞു.

പിറ്റേന്ന് ആത്തിക്കയുടെ നിലവിളി കേട്ടാണ് വീടുണർന്നത്. തഹജ്ജുദ് നമസ്കരിക്കാനായി എഴുന്നേറ്റ ആത്തിക്ക കണ്ടത് അബൂക്കയുടെ ഓട്ടോ കത്തി നശിച്ച കാഴ്ചയാണ്. ആകെയുണ്ടായിരുന്ന അത്താണി നഷ്ടപ്പെട്ടിരിക്കുന്നു!

നമസ്കാരം കഴിഞ്ഞ് അബൂക്ക ചാരുകസേരയിൽ ഇരിക്കുമ്പോഴാണ് അബൂക്കയെ ചിന്തയിൽ നിന്നുണർത്തി സലാം പറഞ്ഞുകൊണ്ട് സൈദലവി കടന്നുവന്നത്.

അബൂക്കയുടെ പഴയ കൂട്ടുകാരനാണ് സൈദലവി. വർഷങ്ങൾക്ക് ശേഷം കണ്ട തന്നോട് അബൂക്ക പുഞ്ചിരിക്കാത്തത് പോലും കണ്ടപ്പോൾ സൈദലവി ചോദിച്ചു: “എന്താ അബൂ, എന്തുപറ്റി?”

മറുപടി പറയാൻ സാധിക്കാതെ അബൂക്ക സൈദലവിയെ കെട്ടിപ്പിടിച്ചു കരഞ്ഞു. ശേഷം ത

ഉമ്മു അദ്നാൻ, ബഹ്റൈൻ
mail@nerpatham.com



# സ്വർഗപാത

ലോകനാഥനഹദവൻ
ആദിമർത്യൻ ആദമിൽ
തുടങ്ങിവെച്ച നേർപഥം
തുടരുമെന്നുമാവിധം.
ഏകറബ്ബിൻ കൽപനകൾ
ചേർത്തുവെച്ച നേർപഥം
അമ്പിയാക്കളൊക്കയും
കടന്നുപോയ നേർപഥം.
കടലിലാഴ്ന്ന ദൂതർ യൂനുസ്,
കിണറിലായ യൂസുഫെന്നോർ
കരുതിടാതെ രക്ഷനേടാൻ
കാരണമാം നേർപഥം.

നംറൂദിന്റെ തീക്കളത്തിൽ
കുളിരു തീർത്ത നേർപഥം
ചെങ്കടൽ കടന്നു മൂസാ
കടന്നുവന്ന നേർപഥം.
കുരിശിൽനിന്നും ദൂതർ ഈസാ
രക്ഷ നേടിയ നേർപഥം
ജന്മനാടു വെടിഞ്ഞുപോയ
അന്ത്യ റസൂൽ സഹജരും
വിജയമോടെ മടങ്ങിവന്ന
സ്വർഗ പാത നേർപഥം
ആ വഴിയിൽ നമ്മളെന്നും
മടിച്ചിടാതെ നീങ്ങണം.

ലേ ദിവസത്തെ കാര്യങ്ങൾ വിശദീകരിച്ചു കൊടുത്തു. അബൂക്കയുടെ കഷ്ടപ്പാട് കേട്ട സൈദലവിയും ഒന്ന് വിതുമ്പി.

സൈദലവി പറഞ്ഞു: "ഡോ, അബൂ! പണ്ട് നമ്മളെയൊക്കെ എപ്പോഴും സമാധാനിപ്പിച്ചിരുന്ന നീ ഇങ്ങനെയായാലോ? എല്ലാം ശരിയാകും. നീ സമാധാനപ്പെട്."

അബൂക്ക തേങ്ങിക്കൊണ്ട് പറഞ്ഞു: "എന്റെ കുടുംബം പോറ്റാൻ എന്റെ മുമ്പിൽ വേറെ വഴിയില്ല. ഞാനെന്താണ് ചെയ്യേണ്ടത്? നീതന്നെ പറ"

സൈദലവി: "അതിനൊക്കെ വഴിയുണ്ട്.''

"എന്ത് വഴി?"

"അബൂന് ഗൾഫിൽ പോകാൻ താൽപര്യമുണ്ടോ?"

"ഉണ്ടായിട്ടെന്താ? വിസക്കൊക്കെ വലിയ സംഖ്യ വേണ്ടേ?"

"എന്റെ കഫീലിന് ഒരു വിശ്വസ്തനായ ഡ്രൈവറെ വേണം. ആളെ നോക്കാൻ എന്നെയാ ഏൽപിച്ചത്. എന്റെ മനസ്സിൽ ആദ്യം വന്ന പേര് നിന്റെതാണ്. നിനക്ക് സമ്മതമെങ്കിൽ പാസ്പോർട്ട് താ. ചെലവെല്ലാം കഫീൽ എടുക്കും.''

മനസ്സിൽ അടക്കാനാവാത്ത സന്തോഷമായിരുന്നു അപ്പോൾ അബൂക്കക്കുണ്ടായത്.

"എടീ... ആ പാസ്പോർട്ടിങ്ങ് എടുക്ക്" അബൂക്ക ആത്തിക്കയോടായി പറഞ്ഞു.

"ഉപ്പാ...! അല്ലാഹു രക്ഷാമാർഗം തുറന്നു തരുമെന്ന് പറഞ്ഞത് സത്യം തന്നെ..." ഇതെല്ലാം കേട്ട് നിൽക്കുകയായിരുന്ന അസ്‌ലു പറഞ്ഞു.

"അതെ മോനേ, അല്ലാഹു വാഗ്ദാനം നിറവേറ്റുന്നവനാണ്.

സൈദലവി പാസ്പോർട്ട് വാങ്ങി തിരിച്ചു പോകുമ്പോൾ മൂന്നു പേരും നിശ്ശബ്ദരായി നോക്കി നിന്നു, നിറകണ്ണുകളോടെ.

ഫദ്‌ലുൽ ഹഖ് ഉമരി
kmfumari@gmail.com

പരിചയം

# വിജ്ഞാന ദാഹികൾക്കു മുമ്പിൽ ജാമിഅ അൽഹിന്ദ് അൽഇസ്‌ലാമിയ്യ

**രാ**പകൽ വ്യത്യാസമില്ലാതെ കഠിനാധ്വാനം ചെയ്യുന്ന മാതാപിതാക്കളോടും ഊണും ഉറക്കുമില്ലാതെ ഓടിപ്പായുന്ന രക്ഷിതാക്കളോടും ഷുഗറും പ്രഷറുമെല്ലാം ഏറ്റുവാങ്ങിയിട്ടും വർഷങ്ങളായി വിദേശ രാജ്യങ്ങളിൽ സ്വശരീരത്തോട് മല്ലിടുന്ന പിതാക്കളോടും ഇതെല്ലാം എന്തിന് എന്ന് ചോദിച്ചാൽ അവരിൽ നിന്നെല്ലാം ലഭിക്കുന്ന മറുപടി 'മക്കളെ പോറ്റേണ്ടേ?', 'മക്കൾ വളർന്നു വരികയല്ലേ?' എന്നൊക്കെയായിരിക്കും.

ലക്ഷങ്ങൾ കൊടുത്ത് മക്കൾക്ക് മെഡിക്കൽ സയൻസിന് അഡ്മിഷൻ വാങ്ങുമ്പോഴും കൈക്കൂലികളുടെ നോട്ടിൻകെട്ടുകളുമായി പ്രമുഖരുടെ ഉമ്മറപ്പടികൾ കയറിയിറങ്ങുമ്പോഴും നമസ്കാരത്തിനുപോലും സമയമില്ലാതെ മക്കൾക്കുവേണ്ടി ആയുസ്സ് തീർക്കുമ്പോഴും ഈ പിതാക്കൾ 'ഈ മക്കളെക്കൊണ്ട് എനിക്കെന്ത് ഫലം, ഞാനെന്തിന് ഇത്രത്തോളമൊക്കെ ഇവർക്ക് വേണ്ടി ചെയ്യുന്നു' എന്നൊന്നും ആലോചിക്കാറില്ല.

അവരിലൂടെ ഉണ്ടാകാൻ പോകുന്ന പേരും പ്രശസ്തിയുമാണോ ഒരു പിതാവിന്റെ ആഗ്രഹം? എങ്കിൽ ആ പിതാവിന്റെ പ്രവർത്തനങ്ങൾ നിഷ്ഫലമാണ്. വൻതുക ശമ്പളം വാങ്ങുന്നതിലൂടെ സാമ്പത്തികാടിത്തറ ശക്തിപ്പെടുത്തലാണോ ലക്ഷ്യം? എങ്കിൽ ആ പിതാവാണ് ഏറ്റവും നഷ്ടക്കാരൻ. ഇനി അതുമല്ല, ഒരു മകൻ എന്ന നിലക്ക് ഒരു പിതാവ് ചെയ്യുന്ന വെറും പ്രവർത്തനങ്ങളാണോ? എങ്കിൽ ആ പിതാവാണ് ഏറ്റവും വലിയ വിഡ്ഢി.

കാരണം, ലക്ഷങ്ങൾ ചെലവഴിച്ചും സ്വയം പ്രയാസങ്ങൾ അനുഭവിച്ചും വളർത്തുന്ന മക്കളെക്കുറിച്ച് പിന്നീട് പല രക്ഷിതാക്കളും കേൾക്കുന്നത് അവൻ മദ്യപാനിയാണെന്നാണ്, അവൻ മയക്കുമരുന്നിന് അടിമയാണെന്നാണ്, അവനൊരു കൊലപാതകിയാണെന്നാണ്, അവനൊരു വ്യഭിചാരിയാണെന്നാണ്!

സത്യത്തിൽ എന്താണിവിടെ സംഭവിച്ചത്? മക്കൾക്ക് ഭൗതികമായ വിദ്യാഭ്യാസം നൽകുന്നതിനോ സമൂഹത്തിന്റെ ഉന്നതമായ സ്ഥാനങ്ങളിൽ അവൻ ചെന്നെത്തുന്നതിനോ നല്ല ശമ്പളക്കാരായി ജീവിക്കുന്നതിനോ ആരും എതിരല്ല. മറിച്ച് ഭൗതികമായ താൽപര്യങ്ങളിലും അതിന്റേതായ സുഖങ്ങളിലും മാത്രം കണ്ണ് നട്ടും മനസ്സ് കേന്ദ്രീകരിച്ചും മക്കളെ വളർത്തുകയും പണം ചെലവഴിക്കുകയും ചെയ്ത പിതാക്കൾ ചില കാര്യങ്ങൾ വിസ്മരിച്ചുപോയി.

ഞാനെന്റെ മകനെ ക്വുർആൻ ഓതാൻ പഠിപ്പിച്ചോ? അതിനുവേണ്ടി ഞാനവനെ പ്രേരിപ്പിച്ചോ? ഞാനെന്റെ മകനെ നമസ്കരിക്കാൻ പഠിപ്പിച്ചോ? അതിനുവേണ്ടി ഞാനവനോട് കൽപിച്ചോ? ഞാനെന്റെ മകന് അല്ലാഹുവിനെക്കുറിച്ചുള്ള പേടിയുണ്ടാക്കിയോ? പരലോകബോധത്തിനാവശ്യമായ ജ്ഞാനം അൽപമെങ്കിലും നൽകിയോ? ഞാൻ മരിച്ചാൽ എന്റെ മയ്യിത്ത് മുന്നിൽ വെച്ച് പ്രാർഥിക്കാനവന് അറിയുമോ? മയ്യിത്ത് നമസ്കാരവും അതിലെ പ്രാർഥനയും അവന് അറിയുമോ? എന്നെ മറവ് ചെയ്താലും എന്റെ ക്വബ്‌റിടം സന്ദർശിക്കാനും ആത്മാർഥമായി എനിക്കുവേണ്ടി പ്രാർഥിക്കാനും അവനോട് ഞാൻ പറയുകയും പഠിപ്പിക്കുകയും ചെയ്തിട്ടുണ്ടോ?

ഒരു മകനെ വളർത്തുന്നതിലൂടെ ഇസ്‌ലാം ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങളാണ് മുകളിൽ സൂചിപ്പിച്ചത്. കാരണം, പണം ചെലവഴിച്ച് നാം വളർത്തിയുണ്ടാക്കിയ മക്കളിൽ പലരും ലക്ഷ്യം കാണാതെ പോകുന്നു എന്ന് മാത്രമല്ല, അവർ നമുക്ക് നേരെ വിരൽ ചൂണ്ടുകയാണ്. കയർത്തുസംസാരിക്കുകയാണ്.  അനുസരണക്കേട് കാണിക്കുകയാണ്. വീട്ടിലേക്ക് പാതിരാസമയത്ത് കയറിവരുന്നത് നാലുകാലിലാണ്. ഒരു നേരത്തെ നമസ്കാരം പോലും അവൻ നിർവഹിക്കുന്നില്ല. അവന്റെ ബന്ധങ്ങളാകട്ടെ നമ്മളാരുംചിന്തിക്കുകപോലും ചെയ്തിട്ടില്ലാത്തവരുമായാണ്.

ഇവിടെയാണ് ഒരുപിതാവ് തളരുന്നത്. മാനസിക നിലപോലും ചിലപ്പോൾ തെറ്റിപ്പോകും. ചെലവാക്കിയ പണം, നഷ്ടപ്പെടുത്തിയ ആരോഗ്യം... എല്ലാം ഫലമില്ലാതെ പോയി. ഇനി ആ മകനെ തിരിച്ച് പിടിക്കാൻ വയ്യ!

കുറ്റക്കാർ നമ്മൾ തന്നെയാണ്. ഉത്തരവാദിത്തങ്ങൾ നിർവഹിച്ചില്ല. നമ്മുടെ ലക്ഷ്യംപോലും തെറ്റിപ്പോയിട്ടുണ്ടായിരുന്നു. എനിക്ക് വേണ്ടത് ഒരു 'സ്വാലിഹായ മകനാണ്' എന്ന ചിന്ത പല പിതാക്കളുടെ മനസ്സിലും ഉണ്ടായിരുന്നില്ല. എഞ്ചിനീയറായ മകൻ, ഡോക്ടറായ മകൻ, പോലീസുകാരനായ മകൻ... ഇ

തൊന്നും ഇസ്‌ലാം എതിർക്കുന്നില്ല. പക്ഷേ, ഒരു സ്വാലിഹായ ഡോക്ടർ, സ്വാലിഹായ എഞ്ചിനീയർ, സ്വാലിഹായ പോലീസുകാരൻ... ഏതൊരു പിതാവിന്റെയും മനസ്സിനെ കുളിരണിയിപ്പിക്കുന്ന വാക്കുകൾ. ഇത്തരം മക്കൾ മാതാപിതാക്കൾക്ക് ആനന്ദമാണ്. നാടിനും സമൂഹത്തിനും ഗുണമാണ്. ഇത്തരം മക്കളാണ് നമ്മുടെ ഏറ്റവും വലിയ സമ്പത്ത്. ജീവിതകാലം മുഴുവൻ കഠിനാധ്വാനം ചെയ്തുണ്ടാക്കിയ കോടികൾ ഈ ലോകത്ത് വിട്ടേച്ച് പോകേണ്ടവരാണ് നമ്മൾ. എന്നാൽ നമ്മൾ മരിച്ചാലും "അല്ലാഹുവേ, എന്റെ മാതാപിതാക്കൾക്ക് പൊറുത്തുകൊടുക്കേണമേ, അവരോട് കരുണ കാണിക്കേണമേ, അവർക്ക് സ്വർഗം നൽകേണമേ" എന്ന് പ്രാർഥിക്കുന്ന മക്കൾ നമുക്കുണ്ടായാൽ അതിനെക്കാൾ വലിയ സൗഭാഗ്യം വേറെയില്ല. കാരണം ഒരു വ്യക്തി മരണപ്പെടുമ്പോൾ അവന് ഉപകാരം ലഭിക്കുന്ന മൂന്ന് കാര്യങ്ങളിൽ ഒന്നായി നബിﷺ പരിചയപ്പെടുത്തിയത് 'മരണശേഷം അവനു വേണ്ടി പ്രാർഥിക്കുന്ന സൽകർമിയായ സന്തതി'യെയാണ്.

മതം പഠിച്ച ഒരു മകൻ നമ്മുടെ വീട്ടിൽ വേണം. കുടുംബത്തിന്റെ അനുഗ്രഹവും വഴികാട്ടിയും അവനായിരിക്കും ചിലപ്പോൾ. അതിനാവശ്യമായ മതബോധവും നാം നൽകണം. ശിർക്ക് ചെയ്യാത്ത, ബിദ്അത്തില്ലാത്ത, നാം തെറ്റുചെയ്താൽ നമ്മെ തിരുത്തുന്ന, നമുക്ക് നന്മ പഠിപ്പിച്ചുതരുന്ന മക്കൾ എത്ര സന്തോഷമുള്ള കാര്യമാണ്! അമ്പിയാക്കന്മാർ അവരുടെ മക്കളെ വളർത്തിയത് അങ്ങനെയല്ലേ? എനിക്ക് ശേഷം നിങ്ങൾ ആരെ ആരാധിക്കും എന്ന് ചോദിച്ച് മക്കളുടെ തൗഹീദ് ഉറപ്പ് വരുത്തിയ യഅ്ക്വൂബ് നബിؑ, അല്ലാഹുവിനെ മാത്രം ആരാധിക്കണമെന്നും മാതാപിതാക്കളോട് നന്മ ചെയ്യണമെന്നും ജനങ്ങളോട് മുഖം ചുളിച്ച് സംസാരിക്കരുതെന്നും അഹങ്കാരത്തോടെ നടക്കരുതെന്നും പഠിപ്പിച്ച ലുക്മാനെന്ന മാഹാനായ മനുഷ്യൻ, വലതുകൈകൊണ്ട് ഭക്ഷിക്കണമെന്നും ബിസ്മി ചൊല്ലണമെന്നും മുന്നിൽ നിന്ന് തിന്നണമെന്നും പഠിപ്പിച്ച മുഹമ്മദ് നബിﷺ... അതെ, അങ്ങനെയാണ് സ്വാലിഹായ മക്കളുണ്ടാവുക. നാം നൽകേണ്ടത് നാം നൽകണം. അപ്പോഴാണ് കൈക്കൂലി വാങ്ങാത്ത, ചതിയും വഞ്ചനയും കാണിക്കാത്ത, ലോകം മുഴുവൻ ഇഷ്ടപ്പെടുന്ന ഡോക്ടറും എഞ്ചിനീയറുമായ മക്കൾ...! മതരംഗത്തും മതപ്രബോധന രംഗത്തും സജീവമായ മക്കളുണ്ടാവണം. അതായിരുന്നല്ലോ അമ്പിയാക്കളുടെ പ്രാർഥന. 'നല്ല സന്തതികളെ നൽകണേ' എന്ന സക്കരിയ്യാ നബിؑയുടെ പ്രാർഥനയും 'സ്വാലിഹുകളായവരെ നൽകണേ' എന്ന ഇബ്റാഹീം നബിؑയുടെ പ്രാർഥനയും നമുക്കെന്നും പാഠമാണ്.

'എന്റെ മകൻ ഒരു ഡോക്ടറാണ്' എന്ന് അഭിമാനത്തോടെ പറയാം. എന്നാൽ അതിലേറെ അഭിമാനത്തോടെ 'എന്റെ മകൻ ഒരു നല്ല ഖത്വീബാണ്', 'ഒരു നല്ല പ്രബോധകനാണ്' എന്നൊക്കെ പറയാൻ കഴിയണം. ആയിരങ്ങൾക്ക് മുമ്പിൽ ഖുതുബ നിർവഹിക്കുന്ന, ക്വുർആനും ഹദീഥും ഓതിക്കൊടുത്ത് ജനങ്ങൾക്ക് സന്മാർഗം പഠിപ്പിക്കുകയും നേതൃത്വം നൽകുകയും ചെയ്യുന്ന മക്കൾ നമുക്കുണ്ടായാൽ അതെന്നും ആനന്ദം തന്നെയാണ്. ഡോക്ടർമാർ വേണ്ട എന്നോ നമ്മുടെ മക്കൾ അത്തരം മേഖലകളുമായി ബന്ധം പാടില്ലെന്നോ ഇപ്പറഞ്ഞതിന് അർഥമില്ല.


അതുകൊണ്ട് ശരിയായ വിശ്വാസത്തിലും മാതൃകായോഗ്യരായ രീതിയിലും നമ്മുടെ മക്കളെ നാം വളർത്തുക. അതിൽ നാം ന്യൂനത വരുത്തിയാൽ നാമവരോട് കാണിക്കുന്ന വഞ്ചനയാണത്. മാത്രവുമല്ല, പരലോകത്ത് നമ്മടെ ഈ ഉത്തരവാദിത്വത്തെ സംബന്ധിച്ച് അല്ലാഹുവിന്റെ ചോദ്യവുമുണ്ടാകും. എന്റെ ഉപ്പ എന്നെ പഠിപ്പിച്ചില്ല, ഉപദേശിച്ചില്ല, ശ്രദ്ധിച്ചില്ല, മതവിദ്യാഭ്യാസം നൽകിയില്ല... എന്ന പരാതികൾ ഒട്ടേറെ മക്കളിൽ നിന്നും നാം കേട്ടിട്ടുണ്ട്. അതുകൊണ്ട് തന്നെ ഉപ്പ പള്ളിയിൽ ഒന്നാമത്തെ സ്വഫ്ഫിലുണ്ട്. പക്ഷേ, മകൻ സിനിമാ തിയേറ്ററിലോ ബാറിലോ മറ്റോ ആയരിക്കും. ചെറുപ്പം മുതലേ മക്കൾക്ക് മതവിദ്യാഭ്യാസം നൽകി മതചിട്ടകളിൽ വളർത്തിയാൽ അത് ഇഹത്തിലും പരത്തിലും മാതാപിതാക്കൾക്കും ഗുണമാണ്. മതവിദ്യാഭ്യാസം നേടാനും അത് മക്കൾക്ക് കൊടുക്കാനുമുള്ള സാധ്യതകൾ നാം ഉപയോഗപ്പെടുത്തണം. അപ്പോൾ മാത്രമെ ഒരു മകൻ സ്വാലിഹായി വളരുകയുള്ളൂ.

സമൂഹം ഉറ്റുനോക്കുന്നത് വളർന്ന് വരുന്ന മക്കളെയാണ്. നമ്മുടെ മക്കളാണവർ. ഒരുങ്ങട്ടെ നമ്മുടെ മക്കൾ. ശിർക്കിനും ബിദ്അത്തിനുമെതിരെ ആഞ്ഞടിക്കുന്ന കൊടുങ്കാറ്റായി നമ്മുടെ മക്കൾ മാറണം. ആയത്തുകളും ഹദീഥുകളും ഓതിക്കൊടുത്ത് ജനമനസ്സുകളിലേക്ക് ദീനിന്റെ പ്രകാശകിരണങ്ങൾ എത്തിച്ച് കൊടുക്കുന്ന പ്രഭാഷകന്മാരായി നമ്മുടെ മക്കൾ വളരണം. ഉമ്മാക്കും ഉപ്പാക്കും ആനന്ദവും ആശ്വാസവും മാത്രം പകരുന്ന പെരുമാറ്റമുള്ളവരും മരണശേഷം ആത്മാർഥമായി അവർക്കുവേണ്ടി പ്രാർഥിക്കുന്നവരുമായിരിക്കണം മക്കൾ.

മതവിദ്യാഭ്യാസ രംഗത്ത് പുതിയ കാൽവെപ്പുകളുമായി 'ജാമിഅ അൽഹിന്ദ് അൽഇസ്‌ലാമിയ്യ' അതിന്റെ അഞ്ചാം വർഷത്തിലേക്ക് കുതിക്കുകയാണ്. ക്വുർആനും സുന്നത്തും സലഫുകളുടെ മൻഹജനുസരിച്ച് കൊണ്ട് പ്രചരിപ്പിക്കുന്ന ശക്തരായ പ്രബോധകരെയും എഴുത്തുകാരെയും വളർത്തിയെടുക്കലാണ് അതിന്റെ ലക്ഷ്യം. ദീനീവിജ്ഞാനമേഖലകളിൽ ആഴമേറിയ പഠനവും ജാമിഅ മുന്നിൽ കാണുന്നു. യൂണിവേഴ്സിറ്റി സിലബസിനപ്പുറം അഖീദ, ഫിക്വ്ഹ്, ഉസൂലുത്തഫ്സീർ, ഉസൂലുൽ ഹദീഥ് തുടങ്ങിയ വിഷയങ്ങളിൽ വിരചിതമായ ബൃഹത് ഗ്രന്ഥങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള മൂല്യവത്തായ പാഠ്യപദ്ധതി, കഴിവുറ്റ അധ്യാപകർ, അധ്യാപനത്തിനൊപ്പം ഖുത്വുബയിലും പ്രസംഗങ്ങളിലും പ്രാവീണ്യം നേടാനുള്ള പരിശീലന സംരംഭങ്ങൾ. എല്ലാം കൊണ്ടും ജാമിഅ അൽഹിന്ദ് അൽഇസ്‌ലാമിയ്യ വരുംതലമുറയുടെ പ്രതീക്ഷയാണ്. എന്റെ ഒരു മകനെങ്കിലും ഈ സ്ഥാപനത്തിലെ വിദ്യാർഥിയാകട്ടെ എന്ന നിങ്ങളുടെ മനസ്സിലെ ആഗ്രഹത്തോടൊപ്പം ആത്മാർഥമായ പ്രാർഥനയും ഉണ്ടാകണം എന്ന് ജാമിഅ ആഗ്രഹിക്കുന്നു. ●

ലേഖനം

സലീം ബുസ്താനി ചാവക്കാട്
salimniche@gmail.com



# മതനിരപേക്ഷത കൊല ചെയ്യപ്പെടരുത്

**പൗ**രാണിക റോമിലെ അധികാര ചിഹ്നമാണ് ഫാഷിയ (fascia). റോമൻ ഭടന്റെ കൈയിലെ മുഴുവൻ ഇരുമ്പുദണ്ഡുകളുമെന്നാണ് ഈ പദത്തിനർഥം. രാഷ്ട്രയീം തീർത്തും അധികാര കേന്ദ്രീകൃതവും അധികാരം ആയുധ ബലത്തിലധിഷ്ഠിതവുമായിരുന്ന ഒരവസ്ഥയുടെ പ്രതീകമാണിത്.

ഇറ്റലിയിലെ ബെനിറ്റോ മുസ്സോളിനി എഴുതിയ വേല dectrine of fascism എന്ന ലേഖനവും അഡോൾഫ് ഹിറ്റ്ലർ എഴുതിയ ആത്മകഥയായ Meinkamph ഉം ആണ് ഫാഷിസത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾ. ദേശീയമായ അപമാനത്തിന്റെയും നൈരാശ്യബോധത്തിന്റെയും ഫലമായിട്ടായിരുന്നു ഫാഷിസത്തിന്റെയും നാസിസത്തിന്റെയും ഉൽഭവം. ഫാഷിസത്തിന്റെ രാഷ്ട്രീയം കൈയേറ്റങ്ങളും കലാപങ്ങളുമാണ്. ഇതുപോലെ ഇന്ത്യൻ ഫാഷിസത്തിന്റെ ആധാരം ദേശീയമായ അപദാനത്തെകുറിച്ച വ്യാജവാദങ്ങളാണ്.

ഇന്ത്യയിലെ വർഗീയതക്ക് നാലായിരത്തിലേറെ വർഷത്തെ പാരമ്പര്യം അവകാശപ്പെടാനാവും. ആര്യന്മാരുടെ വരവോളം പഴക്കമുണ്ട് അതിന്. ഇന്ന് 'സംഘ്പരിവാർ' എന്ന് വിശേഷിക്കപ്പെടുന്നവരാണ് ഇത് ഒരു ആദർശമായി കൊണ്ടുനടക്കുന്നത്. വ്യത്യസ്ത മേഖലകളിലുള്ളവർക്കായി അമ്പതോളം സംഘടനകൾ ഇന്ന് ഇതിനായി ഇന്ത്യയിൽ പ്രവർത്തിക്കുന്നു. എല്ലാവരുടെയും ലക്ഷ്യം ഒന്ന്; ഇന്ത്യയെ ഹിന്ദുരാഷ്ട്രമാക്കി മാറ്റൽ.

രാജ്യത്തിന്റെ പരമാധികാരം ചോദ്യം ചെയ്ത് കൊണ്ടും ജനാധിപത്യവും മതേതരത്വവും കശാപ്പ് ചെയ്തും രാജ്യസ്നേഹത്തിന്റെ മൊത്തക്കുത്തക അവകാശപ്പെടുന്ന ഇക്കൂട്ടരുടെ ക്രൂരതകൾ ദിനേന പുറത്ത് വന്നുകൊണ്ടിരിക്കുകയാണ്.

ആർ.എസ്.എസ്, ബജ്രംഗ്ദൾ, ശിവസേന തുടങ്ങി സംഘത്തിലെ അനുബന്ധ സംഘടനകളൊന്നും ഹൈന്ദവ മതഗ്രന്ഥങ്ങളെ ആശ്രയിച്ചല്ല മുന്നോട്ട് ഗമിക്കുന്നത്. ലോകയുദ്ധങ്ങൾക്ക് കാരണമായ ഫാഷിസത്തിൽ നിന്നും നാസിസത്തിൽ നിന്നും ഊർജം ഉൾക്കൊണ്ടാണ് ഇവ നിലനിൽക്കുന്നത്. അധികാരമാണ് പരമമായ ലക്ഷ്യം.

തെരഞ്ഞെടുപ്പ് കാലത്ത് വിശ്വാസികളെ കൂടെ നിർത്തുന്നതിന് വേണ്ടിയാണ് മതത്തെയും മതചിഹ്നങ്ങളെയും സംഘ്പരിവാർ ഉപയോഗിക്കുന്നത്. സംഘ്പരിവാറിന്റെ താത്വികാചാര്യനും സ്ഥാപകനേതാക്കളിൽ പ്രമുഖനുമായ ഗോൾവാൾക്കർ എഴുതുന്നത് കാണുക, “ജർമൻ വംശാഭിമാനം കാത്തുസൂക്ഷിക്കുന്നതിന് സെമിറ്റിക് വംശങ്ങളെ (ജൂതന്മാരെ) നിർമാർജനം ചെയ്യുക വഴി ജർമനി ലോകത്തെ അമ്പരപ്പിച്ചിരിക്കുന്നു. വംശശുദ്ധി അതിന്റെ ഉന്നതിയിൽ പ്രകടമാക്കപ്പെട്ടിരിക്കുകയാണിവിടെ. വേരുകളിലെത്തുന്ന വ്യത്യാസങ്ങളുള്ള വംശങ്ങളും സംസ്കാരങ്ങളും ആഴത്തിൽ പോയി ഒന്നായിത്തീരുക എന്നത് മാത്രം അസാധ്യമാണെന്നും ജർമനി കാണിച്ചുകൊടുത്തു. ഹിന്ദുസ്ഥാനിൽ നമുക്ക് പഠിക്കാനുള്ള മികച്ച പാഠമാണിത്” (M.S.Golwalkar, We or our Nation hood Defined, Bharath Publications, Nagpur, 1939, Page.35).

**ആട്ടിൻതോലണിഞ്ഞ രാജ്യസ്നേഹം**

സദാസമയവും രാജ്യസ്നേഹത്തെപ്പറ്റി ഊറ്റം കൊള്ളുകയും ന്യൂനപക്ഷങ്ങളോട് പാക്കിസ്ഥാനിലേക്ക് പോകാൻ പറയുന്നവരുടെ ദേശസ്നേഹം ആട്ടിൻ തോലണിഞ്ഞ ചെന്നായയുടെ വികൃതരൂപമാണ്.


1942-ൽ ഗാന്ധിജി ക്വിറ്റ് ഇന്ത്യാ സമരത്തിന് ആഹ്വാനം ചെയ്ത് സർക്കാർ ജോലികൾ ബഹിഷ്കരിക്കാൻ ആവശ്യപ്പെട്ടപ്പോൾ ഹിന്ദുമഹാ സഭയുടെ അധ്യക്ഷൻ സവർക്കർ ഹിന്ദുക്കളോട് ആഹ്വാനം ചെയ്തു: “ഞാൻ ഈ അവസരത്തിൽ എല്ലാ ഹിന്ദുക്കൾക്കുമായി ഒരു വ്യക്തമായ നിർദേശം നൽകുന്നു. ആരെങ്കിലും ഏതെങ്കിലും തരത്തിലുള്ള ഉദ്യോഗമോ സ്ഥാനമോ സർക്കാർ തലത്തിൽ വഹിക്കുന്നുണ്ടെങ്കിൽ അവർ തീർച്ചയായും അതിൽ ഉറച്ചുനിൽക്കണമെന്നും തങ്ങളുടെ കൃത്യനിർവഹണം നല്ല രൂപത്തിൽ അനുഷ്ഠിക്കണമെന്നും കൽപിക്കുന്നു” (R.A.Ravi shankar. The Real Savarkar, Frontline, July 20, 2002).

**ദേശീയ പതാകയും ഫാഷിസ്റ്റുകളും**

ഗോൾവാൾക്കർ എഴുതുന്നു: “അന്തിമമായി രാഷ്ട്രം മുഴുവൻ കുങ്കുമപ്പതാകയെ നമിക്കുമെന്ന് ഞങ്ങൾ ഉറച്ചുവിശ്വസിക്കുന്നു” (M.S.Golwalkar, Sree Gurujisamagan Darshan, Nagpur, Vol.1, Page.11).

വിചാരധാരയിൽ അദ്ദേഹം എഴുതിയത് കാണുക: “നമുക്ക് വേണ്ടി നമ്മുടെ നേതാക്കൾ ഒരു പുതിയ പതാക നിർമിച്ചിരിക്കുകയാണ്. അവരെന്തിനാണ് അത് ചെയ്തത്? അത് വെറും വ്യതിചലനവും അനുകരണവുമാണ്. സുവർണ ഭൂതകാലമുള്ള, പ്രാചീനവും മഹത്തരവുമായ രാഷ്ട്രമാണ് നമ്മുടേത്. അന്ന് നമുക്ക് സ്വന്തം പതാക ഇല്ലായിരുന്നോ? തീർച്ചയായും ഉണ്ടായിരുന്നു. പിന്നെ എന്ത് കൊണ്ടാണ് നമ്മുടെ മനസ്സിൽ ഈ സമ്പൂർണ ശൂന്യത?” (M.S.Golwalkar. Buch of Thoughts, Bangalore, 1996, Page.237).

കാവിക്കൊടിയെ നെഞ്ചേറ്റുന്ന കാവി ഭക്തർക്കെങ്ങനെ ദേശീയ പതാകയെ അംഗീകരിക്കാനാവും? പാശ്ചാത്യ രാജ്യങ്ങളുടെ വിവിധ ഭരണഘടനകളിലെ വിവിധ അനുഛേദങ്ങൾ വിളക്കിച്ചേർത്ത സങ്കരവും ഭാരിച്ചതുമാണ് ഇന്ത്യൻ ഭരണഘടനയെന്ന് വിശ്വസിക്കുന്നവരുടെ ദേശസ്നേഹത്തിന്റെ പേരിലുള്ള മുറവിളികൾ അഭിസാരികയുടെ ചാരിത്ര്യപ്രസംഗം പോലെയാണ്. ദേശീയ ഗാനത്തിന്റെ പേരിൽ വിവാദങ്ങളുണ്ടാക്കിയും ഗോവധത്തിന്റെ പേരിൽ നിരപരാധികളെ കൊന്നൊടുക്കിയും മുന്നേറുന്നവർക്ക് ഓശാനപാടാൻ ചില സൂഫി നേതാക്കൾ



രംഗത്ത് വന്നതിന്റെ പിന്നിലുള്ള ഗൂഢലക്ഷ്യം കാലക്രമേണയെങ്കിലും പുറത്തുവരാതിരിക്കില്ല.

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ സജീവ സാന്നിധ്യമറിയിച്ച് ജീവനും സമ്പത്തും രാഷ്ട്രത്തിന് സമർക്കാൻ തയ്യാറായ ഇന്ത്യൻ മുസ്‌ലിംകൾക്ക് ഇന്ത്യയിൽ അധിനിവേശം നടത്തിയ ബ്രിട്ടീഷുകാരുടെ ചാരന്മാരായി പണിയെടുത്തവരുടെ മുന്നിൽ ദേശക്കൂറ് തെളിയിക്കേണ്ടിവരുന്നതിലെ വിരോധാഭാസം ചെറുതല്ല. ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന രീതിയിൽ പൗരന്മാരുടെ മൗലികാവകാശങ്ങൾ വകവെച്ച് കൊടുത്ത്, അന്യന്റെ ജീവനും സമ്പത്തിനും നേരെ ഭീഷണിയുയർത്താതിരിക്കുന്നതും പരസ്പരം സൗഹാർദത്തോടും സഹവർത്തിത്വത്തോടും കൂടി ജീവിക്കുന്നതും രാഷ്ട്രസ്നേഹമാണ്; അതിലുപരി രാജ്യപുരോഗതിക്കത് അനിവാര്യവുമാണ്. അതിന് തയ്യാറില്ലാത്തവർക്കെന്ത് രാജ്യസ്നേഹമാണുള്ളതന്ന് ഓരോ ഇന്ത്യക്കാരനും ചിന്തിക്കേണ്ടതുണ്ട്.

**ആദർശ പ്രബോധനം ദേശവിരുദ്ധമോ?**

ഫാഷിസം അതിന്റെ കുന്തമുനകൾ ഇസ്‌ലാമിക പ്രബോധകർക്ക് മേലും ഇസ്‌ലാമിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നേരെയും വാളോങ്ങി ഇസ്‌ലാമോഫോബിയ സൃഷ്ടിക്കുന്ന വർത്തമാനകാല സാഹചര്യം എല്ലാം വിശ്വാസികളും മുഖവിലക്കെടുക്കണം. വിശ്വാസിയെ അവന്റെ യഥാർഥ വിശ്വാസ-കർമ-സാംസ്കാരിക മൂല്യങ്ങളിൽ നിന്നും തെറ്റിച്ച് സമൂഹത്തിൽ നിന്ന് ഉൾവലിയാനും അപകർഷതയോടെ ജീവിക്കാനും പ്രേരിപ്പിക്കുവാനുള്ള ശ്രമങ്ങളെ ബുദ്ധിപൂർവം നേരിടേണ്ടതുണ്ട്.

വംശീയാധിപത്യമോഹങ്ങൾ സൃഷ്ടിക്കുന്ന അപകടകരമായ ഉന്മാദമാണ് ഫാഷിസത്തിന്റെ മനഃശാസ്ത്രം. ഇത്തരം ചിന്താധാരക്കാർ അധികാരത്തിലേറുമ്പോഴാണ് ഏതുരാജ്യത്തിലും ഭീകരമായ ഫാഷിസ്റ്റ് തേർവാഴ്ചകൾ നടക്കുന്നത്. ഇന്ത്യയെപ്പോലുള്ള ബഹുസ്വര ജനാധിപത്യരാജ്യത്ത് വർഗീയ അജണ്ട എങ്ങനെ നന്നായി നടപ്പിലാക്കാൻ കഴിയുമെന്ന് പഠന മനനങ്ങൾ നടത്തി രംഗത്തിറങ്ങുന്നവരെ പ്രതിരോധിക്കാൻ മതത്തിന്റെയും കക്ഷിരാഷ്ട്രീയത്തിന്റെയും വ്യത്യാസങ്ങൾ മറന്ന് ഒറ്റക്കെട്ടായ ശ്രമങ്ങൾ നടക്കേണ്ടതുണ്ട്. ഹിന്ദുക്കളുടെ മനസ്സിൽ മുസ്‌ലിം വിദ്വേഷത്തിന്റെ വിത്ത് പാകുക എന്നതാണ് സംഘ്പരിവാറിന്റെ പോളിസി.

വ്യാജവാദങ്ങളും കപടപരിവേഷങ്ങളുമാണ് എക്കാലത്തും എവിടെയും ഫാഷിസത്തിന്റെ മുഖമുദ്ര. അവരുടെ ദുഷ്ചെയ്തികൾക്കും അക്രമങ്ങൾക്കുമുള്ള ന്യായീകരണം ഗീബൽസിയൻ നുണകൾ തന്നെ. ഉത്തരേന്ത്യയിൽ അടുത്ത കാലത്തായി നടന്ന വർഗീയ കലാപങ്ങളുടെയും കൊപാതകങ്ങളുടെയുമെല്ലാം തുടക്കം നുണപ്രചാരണങ്ങളായിരുന്നുവെന്നതാണ് യാഥാർഥ്യം.

കോർപ്പറേറ്റ് ഭീമന്മാരുടെ കള്ളപ്പണം സ്വീകരിച്ചും പാക്ക് ചാരസംഘടനയായ ഐ.എസ്.ഐ യിൽ നിന്നും കോടിക്കണക്കിന് രൂപ കൈപ്പറ്റിയും 'ദേശക്കൂറ്' കാണിച്ചവർ ആരാണെന്ന് വ്യക്തമായിക്കഴിഞ്ഞതാണ്. നിലനിൽപിനും നേട്ടങ്ങൾക്കും വേണ്ടി വർഗീയതയെ താലോലിക്കുകയും വർഗീയവാദികൾക്ക് പിന്തുണ നൽകുകയും ചെയ്യുന്നത് ആരായാലും അറിയുക; ഒരു രാജ്യത്തിന്റെ മഹത്തായ പാരമ്പര്യത്തെ നശിപ്പിക്കാനും സ്വയം നശിക്കാനുമാണ് നിങ്ങൾ പണിയെടുക്കുന്നത്.

തീവ്രവാദം ഏതും എതിർക്കപ്പെടേണ്ടതാണ്. അതിൽ ഭൂരിപക്ഷ-ന്യൂനപക്ഷ വ്യത്യാസമില്ല. ഒരു രാജ്യത്തും അതുണ്ടായിക്കൂടാ. ഐ.എസ് എന്ന ഇസ്‌ലാം വിരുദ്ധ തീവ്രവാദ സംഘടനയെ ലോകമുസ്‌ലിംകൾ ഒരുപോലെ എതിർക്കുന്നത് ശ്രദ്ധേയമാണ്.

കേരളത്തിലും എല്ലാവിധ തീവ്രചിന്താഗതികൾക്കുമെതിരെ മുസ്‌ലിംകൾ ശബ്ദിക്കുന്നുണ്ട്. വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ തീവ്രാദങ്ങൾക്കെതിരായി ഏറ്റവും ആദ്യം പ്രതികരിക്കുകയും ബോധവൽകരണം നടത്തുകയും ചെയ്യുന്ന കൂട്ടായ്മയാണ്. വിശുദ്ധ ക്വുർആനും പ്രവാചക ചര്യയുമാകുന്ന പ്രമാണങ്ങളിലേക്ക് മടങ്ങാനും അവയിലെ ആശയാദർശങ്ങൾ പ്രയോഗവൽകരിക്കാനും മുസ്‌ലിം സമുദായം തയ്യാറാവണം. ഒപ്പം ബഹുസ്വരതയുടെ നേർക്കുള്ള ഏത് ആക്രമണത്തെയും ജനാധിപത്യത്തിന്റെയും മതനിരപേക്ഷതയുടെയും പക്ഷത്തുനിന്ന് നേരിടാൻ നിർഭയത്വത്തോടെ മുന്നിൽ നിൽക്കുകയും വേണം. ●

## സൃഷ്ടികൾ ക്ഷണിക്കുന്നു

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com,www.nerpatham.com

ഹാരിസ്ബിൻ സലീം
harisbinsaleem@gmail.com

ശാന്തിഗേഹം

വ്യക്തിപരവും കുടുംബപരമായ പ്രശ്നങ്ങളിൽ അകപ്പെട്ട് നീറുന്ന മനസ്സുമായി ജീവിതം തള്ളിനീക്കുന്നവർക്ക് ആശ്വാസം പകരുന്നതും പരിഹാര മാർഗങ്ങൾ നിർദേശിക്കുന്നതുമായ പംക്തിയാണ് 'ശാന്തിഗേഹം.' വായനക്കാർക്ക് ഈ പംക്തിയിലേക്ക് താഴെ കൊടുക്കുന്ന വാട്സാപ്പ് നമ്പറിൽ ചോദ്യങ്ങൾ അയക്കാവുന്നതാണ്: 9656292244

# പിണക്കങ്ങൾ ഉണ്ടാകാതിരിക്കാൻ

? *ഞാനും ഭർത്താവും ഇടയ്ക്കിടെ ചെറിയ തോതിൽ വഴക്കിടാറുണ്ട്. സൗന്ദര്യപ്പിണക്കം എന്നു പറയാവുന്ന പിണക്കവും ഉണ്ടാകും. മണിക്കൂറുകളേ ആ പിണക്കത്തിന് ആയുസ്സുണ്ടാകൂ. എപ്പോഴും പിണക്കം തീർക്കാനുള്ള ശ്രമം ഭർത്താവിന്റെ ഭാഗത്ത് നിന്നാണ് ഉണ്ടാകാറുള്ളത് എന്നതാണ് എന്റെ പ്രശ്നം. ആദ്യം മുൻകയ്യെടുത്ത് പ്രശ്നം തീർക്കാൻ എനിക്ക് കഴിയാറില്ല. തോറ്റുകൊടുക്കാൻ കഴിയാത്ത മനസ്സാണ് എനിക്കുള്ളത്. ഇതിന് ഒരു പരിഹാരം നിർദേശിക്കാമോ?*

! എല്ലാ പിണക്കങ്ങളിലും അവസാനം താൻ ജയിച്ചിട്ടും വലിയ കുറ്റബോധത്തോടെയാണ് സഹോദരി ഇവിടെ അതിനെ കുറിച്ച് പറയുന്നത്. ഇതുതന്നെയാണ് ആദ്യത്തെ പരിഹാരം. താൻ തന്റെ ഭർത്താവിനോട് അരുതാത്തത് ചെയ്യുന്നു എന്ന തോന്നൽ മതപരമായ അറിവിൽ നിന്നും നല്ല മനസ്സിൽ നിന്നും ഉണ്ടാവുന്നതാണ്. ഒരു സ്ത്രീ ഏറ്റവും ആദരിക്കേണ്ട വ്യക്തിയാണ് ഭർത്താവ്; ഒരുവേള മാതാപിതാക്കളെക്കാൾ.

നബിﷺ പറഞ്ഞു: "ഭർത്താവ് സ്ഥലത്തുണ്ടായിരിക്കെ അയാളുടെ അനുവാദമില്ലാതെ (സുന്നത്ത്) നോമ്പെടുക്കാൻ ഒരു സ്ത്രീക്ക് അനുവാദമില്ല. അവന്റെ അനുവാദമില്ലാതെ അവന്റെ വീട്ടിൽ ഒരാൾക്ക് അനുവാദം കൊടുക്കാനും(അവൾക്ക് പാടില്ല)" (ബുഖാരി/4899).

ഇമാം അൽബാനി(റഹി) ഈ ഹദീഥിനെ വിശദീകരിച്ചുകൊണ്ട് പറഞ്ഞു: 'ഒരു സ്ത്രീക്ക് തന്റെ ഭർത്താവിന്റെ വൈകാരിക ആവശ്യങ്ങൾ പൂർത്തീകരിച്ച് കൊടുക്കൽ നിർബന്ധമാണെന്നാകുമ്പോൾ അതിനെക്കാളും നിർബന്ധമാണല്ലോ മറ്റു പ്രധാനകാര്യങ്ങളിൽ; അതായത് മക്കളെ സംരക്ഷിക്കൽ, കുടുംബത്തിന്റെ നന്മക്കു വേണ്ടിയുള്ള കാര്യങ്ങൾ എന്നിവയിൽ അനുസരിക്കൽ' (ആദാബുസ്സിഫാഫ്. പേജ് 282).

അഞ്ച് കാര്യങ്ങൾ ഒരു സ്ത്രീക്ക് സ്വർഗത്തിന്റെ ഏത് കവാടത്തിലൂടെയും പ്രവേശിക്കാൻ കാരണമാകുമെന്ന് നബിﷺ പറഞ്ഞപ്പോൾ അതിലൊന്ന് 'ഭർത്താവിനെ അനുസരിക്കലാണ്' എന്ന് കാണാം.

"അല്ലാഹു അല്ലാത്ത ഒരാൾക്ക് സുജൂദ് ചെയ്യാൻ ഞാൻ കൽപിക്കുമായിരുന്നെങ്കിൽ ഒരു സ്ത്രീയോട് അവളുടെ ഭർത്താവിന് സുജൂദ് ചെയ്യാൻ കൽപിക്കുമായിരുന്നു" (ഇബ്നുമാജ) എന്ന നബിവചനം ഭർത്താവിനാടുള്ള കടമകളുടെ ഗൗരവം സൂചിപ്പിക്കുന്നു.

ഇമാം അഹ്മദ്ؒ റിപ്പോർട്ട് ചെയ്യുന്ന മറ്റൊരു ഹദീഥിൽ ഹുസൈനുബ്നു മുഹ്സിൻؓ പറയുന്നു: തന്റെ പിതൃസഹോദരി ഒരിക്കൽ ഒരു ആവശ്യത്തിനുവേണ്ടി നബിﷺയുടെ അടുക്കൽ വന്നു. ആവശ്യം കഴിഞ്ഞപ്പോൾ നബിﷺ അവരോട് ചോദിച്ചു: 'നിനക്ക് ഭർത്താവുണ്ടോ?' അവർ പറഞ്ഞു: 'അതെ.' നബിﷺ അവരോട് ചോദിച്ചു: 'നീ അവനോട് എങ്ങനെയാണ് പെരുമാറാറുള്ളത്?' 'എനിക്ക് കഴിയാവുന്ന ഒരു കാര്യത്തിലും വീഴ്ച വരുത്താറില്ല.' അപ്പോൾ നബിﷺ പറഞ്ഞു: 'അയാളോടുള്ള നിന്റെ നിലപാട് ശ്രദ്ധിക്കണം. അവൻ നിന്റെ നരകവും സ്വർഗവുമാണ്' (അഹ്മദ്/19025).

ഒരു സ്ത്രീക്ക് ഭർത്താവിനോടുള്ള ബാധ്യത മതത്തിൽ എത്രമാത്രമുണ്ട് എന്ന് മനസ്സിലാക്കാൻ ഈ വചനങ്ങൾ തന്നെ ധാരാളമാണ്. എപ്പോഴാണ് ഒരു ഭാര്യ ഭർത്താവുമായി പിണങ്ങുന്നത് എന്ന് ചിന്തിക്കേണ്ടതുണ്ട്. തനിക്ക് ഉൾക്കൊള്ളാൻ കഴിയാത്തതോ ഇഷ്ടമില്ലാത്തതോ ആയ എന്തെങ്കിലും കാര്യങ്ങൾ ഭർത്താവ് പറഞ്ഞ് തുടങ്ങുമ്പോഴേക്കും ഭാര്യ പ്രതികരിച്ച് തുടങ്ങും. ഇവിടെയാണ് ശ്രദ്ധിക്കേണ്ടത്. ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യപ്പെടേണ്ട ഒരു വ്യക്തി എന്തെങ്കിലും പറയുമ്പോൾ കേട്ടിരിക്കാനുള്ള ക്ഷമ വളരെ പ്രധാനപ്പെട്ടതാണ്. മറിച്ചാകുമ്പോൾ അനുസരണക്കേടും ധിക്കാരവും അനാദരവുമായിട്ടേ അതിനെ കാണാൻ കഴിയൂ. നമ്മുടെ ഭാര്യമാർക്ക് ഇതിന് കഴിയേണ്ടതുണ്ട്.

ചെറിയ ചെറിയ പിണക്കങ്ങൾ അത്ര ഗൗരവമാക്കേണ്ടതില്ല. അതിൽ ചിലത് സ്നേഹപ്രകടനത്തിന്റെ ഭാഗമാണ്. കുട്ടികൾ തമ്മിൽ വഴക്കടിച്ച് കൊണ്ടിരിക്കുന്നത് ശത്രുത കൊണ്ടാണെന്ന് പറയാവതല്ലല്ലോ! പക്ഷേ, അത് എപ്പോഴുമാകുമ്പോൾ പ്രയാസമാണ്.

ഒരാൾക്ക് കീഴ്പ്പെടുന്നതിൽ ഒരു സുഖമുണ്ട്; അധ്യാപകനു മുമ്പിൽ, മാതാപിതാക്കൾക്ക് മുമ്പിൽ, ഭർത്താവിനു മുമ്പിൽ... അതിന് മനസ്സിനെ തയ്യാറാക്കുകയാണ് മറ്റൊരു പരിഹാരം. മനസ്സിന്റെ പ്രശ്നങ്ങൾ ഇത്തരം പെരുമാറ്റങ്ങൾക്ക് കാരണമാകാം. ക്വുർആൻ പഠനത്തിലൂടെ മനസ്സിനെ സമാധാനപൂർണമാക്കുക. ●

അബ്ദുൽ മാലിക് സലഫി
malikmorayur114@gmail.com

ലേഖനം



# സദ്യകൾ അനുവദിക്കപ്പെട്ടതും വിലക്കപ്പെട്ടതും

സദ്യകൾക്ക് പൊതുവെ പറയുന്ന പേരാണ് 'വലീമ' എന്നത്. ഒരുമിക്കുക, പരസ്പരം ചേരുക എന്നർഥം വരുന്ന 'വൽമ്' എന്ന പദത്തിൽ നിന്നാണ് 'വലീമ' എന്ന പദം നിഷ്പന്നമായിട്ടുള്ളത്. രണ്ട് ഇണകൾ കൂടിക്കലർന്ന് ജീവിതത്തിലേക്ക് പ്രവേശിക്കുന്നതിന്റെ ആരംഭമായതിനാൽ വിവാഹ സദ്യക്കും 'വലീമ' എന്നാണ് പറയുക. എന്നുമാത്രമല്ല, ഈ വിഷയത്തിലാണ് ഈ പേര് ഏറെ ശ്രുതിപ്പെട്ടിട്ടുള്ളത്.

വിവാഹത്തോടനുബന്ധിച്ചു നടത്തപ്പെടുന്ന സദ്യ നിർബന്ധമാണോ എന്ന കാര്യത്തിൽ പണ്ഡിതന്മാർക്കിടയിൽ ഭിന്നതയുണ്ട്. അബ്ദുറഹ്മാനു ബ്നു ഔഫ്ﷺനോട് "ഒരാടിനെയെങ്കിലും അറുത്ത് വലീമ നൽകണമെന്ന്" നബിﷺ പറഞ്ഞതിനാൽ വിവാഹത്തിന്റെ വലീമ നിർബന്ധമാണെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടു. പ്രബലമായ സുന്നത്താണ് എന്ന അഭിപ്രായമാണ് ഭൂരിപക്ഷത്തിനുള്ളത്. നബിﷺ അവിടുത്തെ വിവാഹങ്ങൾക്ക് സവീക് (ഗോതമ്പും മാംസവും കലർത്തി ഉണ്ടാക്കുന്ന ഒരുതരം ഭക്ഷണം) കാരക്ക, പാൽകട്ടി, നെയ്യ്, ആട് തുടങ്ങിയവ നൽകിയതായി ഹദീഥുകളിൽ കാണാം.

സ്വഫിയ്യ(റ)ക്ക് സവീക്കും കാരക്കയും, സൈനബ ബിൻത് ജഹ്ഷിന്(റ) ആടും നൽകി എന്നും ഹദീഥുകളിൽ വന്നിട്ടുണ്ട്. അലി(റ) ഫാത്വിമ(റ)യെ വിവാഹമാലോചിച്ചപ്പോൾ 'വരൻ വലീമ നൽകേണ്ടതുണ്ട്' എന്ന് പ്രവാചകൻ(ﷺ) പറഞ്ഞതായി കാണാം. അബ്ദുറഹ്മാനുബ്നു ഔഫ്(റ)വിന്റെ ഹദീഥ് വിശദീകരിച്ച് ഇമാം നവവി(റഹി) പറഞ്ഞത് ഇപ്രകാരമാണ്: "ആടിനെക്കാൾ കുറയാതിരിക്കലാണ് ഏറ്റവും നല്ലത് എന്ന് ഈ കൽപനയിൽ നിന്ന് ഗ്രഹിക്കാം." വലീമക്ക് കഴിയാത്തവനെ അതിന് സഹായിക്കലും മാതൃകയുള്ളതാണ്. "ആരുടെയെങ്കിലും അടുക്കൽ എന്തെങ്കിലും ഉണ്ടെങ്കിൽ അവനത് കൊണ്ടുവരട്ടെ" എന്ന് നബി(ﷺ) പറഞ്ഞതിൽ നിന്ന് ഇക്കാര്യം ഗ്രഹിക്കാനാവും. വലീമ വിവാഹദിവസങ്ങൾ അവസാനിക്കുന്നതിനിടക്ക് ചെയ്യാൻ പറ്റും. കന്യകയാണെങ്കിൽ ഒരാഴ്ചയും വിധവയാണെങ്കിൽ മൂന്ന് ദിവസവുമാണ് അതിന്റെ കാലാവധി. വീട്കൂടലിന് ശേഷമാണ് കൂടുതൽ നല്ലത്. സൈനബ് ബിൻത് ജഹ്ഷിന് നബി(ﷺ) അങ്ങനെയാണ് വലീമ നൽകിയത്.

ഇമാം നവവി പറയുന്നു: "വലീമ നൽകേണ്ട സമയത്തെ സംബന്ധിച്ച് പണ്ഡിതൻമാർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്. ഇമാം മാലികിനെപ്പോലെയുള്ളവരുടെ അടുക്കൽ ഏറ്റവും സ്വീകാര്യാഭിപ്രായം ദമ്പതിമാരുടെ ശാരീരിക ബന്ധത്തിന് ശേഷമാണ് വേണ്ടത് എന്നാണ്. മാലികി മദ്ഹബിലെ മറ്റുചില പണ്ഡിതരുടെ വീക്ഷണം അത് നിക്കാഹ് നടക്കുമ്പോഴാണ് നല്ലത് എന്നാണ്."

നബി(ﷺ) സൈനബ ബിൻത് ജഹ്ഷിന്റെ വിവാഹത്തിന് പകലിൽ സൂര്യൻ ഉയർന്നു പൊന്തിയ ശേഷമാണ് വലീമ നൽകിയത് എന്നുകാണാം. ആയിശ(റ)യുമായുള്ള നിക്കാഹ് നടന്നത് ദുഹാ സമയത്താണ്. ഒന്നിലധികം വിവാഹങ്ങൾ ഒന്നിച്ച് കഴിച്ചാൽ ഒരു വലീമ മതിയാകുന്നതാണ്.

വലീമയിലേക്ക് ക്ഷണിക്കപ്പെട്ടാൽ അത് സ്വീകരിക്കൽ നിർബന്ധമാണ്. നബി(ﷺ) പറഞ്ഞു: "ആരെങ്കിലും ഒരു വലീമയിലേക്ക് ക്ഷണിക്കപ്പെട്ടാൽ അവനതിന് പോവട്ടെ." വിവാഹമെന്നത് അധികവും ജീവിതത്തിൽ ഒരു തവണയാണല്ലോ നടക്കാറ്. അതിനാൽ അതിനുള്ള ക്ഷണം സ്വീകരിക്കൽ ആവശ്യമാണ്. അതേസമയം, വലീമയിൽ ഇസ്‌ലാമികമല്ലാത്ത കാര്യങ്ങൾ നടക്കുന്നുണ്ട് എന്ന് ഒരാൾക്ക് അറിയാൻ കഴിയുകയും ആ തിന്മ തിരുത്തിക്കാൻ തനിക്ക് സാധ്യവുമല്ല എന്നവന് തോന്നുകയും ചെയ്താൽ അത്തരം വലീമകൾക്ക് അയാൾ പങ്കെടുക്കരുത്. ഇനി, ആ തിന്മ തിരുത്താൻ കഴിയുന്നതാണെങ്കിൽ അതിൽ പങ്കെടുക്കുകയും തിരുത്തുകയും ചെയ്യണമെന്നാണ് പണ്ഡിതൻമാർ ഇക്കാര്യത്തിൽ പറഞ്ഞിട്ടുള്ളത്.

വലീമയിലേക്ക് പോകാതിരിക്കാനുള്ള ഒഴികഴിവുകൾ, ഒരാൾക്ക് ജമാഅത്ത് നമസ്കാരത്തിൽ പങ്കെടുക്കാതിരിക്കാനുള്ള ഒഴികഴിവുകൾ തന്നെയാണ് എന്നാണ് പണ്ഡിതൻമാർ സൂചിപ്പിച്ചത്. ധനികരെ മാത്രം വിളിച്ച് മറ്റുള്ളവരെ പാടെ അവഗണിച്ചിട്ടുള്ള വലീമകളാണ് ഏറ്റവും മോശപ്പെട്ടത്. നബി(ﷺ) പറഞ്ഞു:

**വലീമക്ക് ക്ഷണിക്കുന്നവന്റെ സമ്പാദ്യം പൂർണമായും ഹലാലായ മാർഗത്തിലുള്ളതല്ല എന്ന് നമുക്ക് അറിയാമെങ്കിൽ ആ ഭക്ഷണം നാം ഭക്ഷിക്കേണ്ടതില്ല. അതേസമയം അയാളുടെ സമ്പാദ്യം ഹലാലും ഹറാമും കൂടിക്കലർന്നതാണെങ്കിൽ പോവുന്നതിന് വിരോധമില്ല. എങ്കിലും ഒഴിവാക്കുന്നതാണ് ഏറ്റവും നല്ലത്. വലീമ എത്ര ചെറുതാണെങ്കിലും ക്ഷണിക്കപ്പെട്ടാൽ പോവുക എന്നതാണ് ശരിയായ രീതി.**

"ഏറ്റവും മോശമായ വലീമ ഭക്ഷണം ധനികരെ മാത്രം വിളിച്ച് പാവപ്പെട്ടവരെ അവഗണിച്ച് നടത്തപ്പെടുന്നതാണ്."

വലീമക്ക് ക്ഷണിക്കുന്നവന്റെ സമ്പാദ്യം പൂർണമായും ഹലാലായ മാർഗത്തിലുള്ളതല്ല എന്ന് നമുക്ക് അറിയാമെങ്കിൽ ആ ഭക്ഷണം നാം ഭക്ഷിക്കേണ്ടതില്ല. അതേസമയം അയാളുടെ സമ്പാദ്യം ഹലാലും ഹറാമും കൂടിക്കലർന്നതാണെങ്കിൽ പോവുന്നതിന് വിരോധമില്ല. എങ്കിലും ഒഴിവാക്കുന്നതാണ് ഏറ്റവും നല്ലത്. വ്യക്തിപരമായിട്ടാണ് ക്ഷണിച്ചതെങ്കിൽ അതിൽ മറ്റു തടസ്സങ്ങളൊന്നുമില്ലെങ്കിൽ പങ്കെടുക്കൽ അനിവാര്യമാണ്. എല്ലാവരെയും ഒന്നിച്ചാണ് ക്ഷണിച്ചതെങ്കിൽ ഉത്തരം കൊടുക്കൽ വ്യക്തി ബാധ്യത ആകുന്നില്ല. വലീമ എത്ര ചെറുതാണെങ്കിലും ക്ഷണിക്കപ്പെട്ടാൽ പോവുക എന്നതാണ് ശരിയായ രീതി. അതിന്റെ വലിപ്പ ചെറുപ്പം നോക്കി പോകലും പോകാതിരിക്കലും തീരുമാനിക്കരുത്. "ഒരു കുളമ്പിലേക്കാണ് ഞാൻ ക്ഷണിക്കപ്പെട്ടത് എങ്കിലും ഞാൻ അതിനുത്തരം നൽകുമായിരുന്നു" എന്ന് നബി(ﷺ) പറഞ്ഞത് ഈ വിഷയത്തിൽ ഒരു വെളിച്ചവും, പ്രവാചകന്റെ വിനയവും ലാളിത്യവും വ്യക്തമാക്കുന്ന ഒരു കാര്യം കൂടിയാണ്.

ഇസ്‌ലാമിൽ ഉള്ള മറ്റൊരു സദ്യയാണ് അക്വീക്വയുടെ സദ്യ. നവജാത ശിശുവിന്റെ തലയിലെ മുടിക്കാണ് ഭാഷയിൽ അക്വീക്വ എന്ന് പറയുക. ഏഴാം ദിവസത്തിൽ ആ മുടി കളയാനും പേരുവെക്കാനും അന്ന് അറവ് നടത്താനും നബി(ﷺ) നിർദേശിച്ചിട്ടുണ്ട്. ആൺകുട്ടിയാണെങ്കിൽ രണ്ട് ആടും പെൺ കുട്ടിയാണെങ്കിൽ ഒരാടുമാണ് അറുക്കേണ്ടത്. അതാണ് നബിചര്യ. അറവ് നടത്തി ആ മാംസം കൊണ്ട് ഭക്ഷണമുണ്ടാക്കി നൽകലും അനുവദനീയമാണ്.

യാത്ര കഴിഞ്ഞ് വരുമ്പോൾ മൃഗത്തെ അറുത്ത് സദ്യനൽകൽ അനുവദനീയമാണ്. നബി(ﷺ) മദീനയിലെത്തിയപ്പോൾ അങ്ങനെ ചെയ്തിരുന്നു എന്ന് കാണാം. അത് വരുന്നവനാണോ, വരുന്നവനെ സ്വീകരിക്കുന്നവനാണോ ചെയ്യേണ്ടത് എന്നതിൽ രണ്ടഭിപ്രായമുണ്ട്. രണ്ടും ആവാം. ഇതിന് "വലീമത്തുന്നഖീഅ" എന്നാണ് പേര്.

ആൺകുട്ടികളുടെ ചേലാകർമവുമായി ബന്ധപ്പെ



ട്ട് സദ്യ നടത്തുന്നതിന് തെളിവുകളൊന്നും പ്രമാണങ്ങളിൽ വന്നിട്ടില്ല. അഫ്ഫാനിബ്നു അബിൽആസ്ﷺ ഒരു സദ്യയിലേക്ക് ക്ഷണിക്കപ്പെട്ടു. അത് ചേലാകർമവുമായി ബന്ധപ്പെട്ട സദ്യയാണെന്ന് വ്യക്തമായപ്പോൾ 'ഇത്തരം സദ്യകൾ ഞങ്ങൾ പ്രവാചകന്റെ കാലത്ത് ഭക്ഷിച്ചിരുന്നില്ല' എന്നുപറഞ്ഞ് എഴുന്നേറ്റ പോന്നു (അഹ്മദ്).

അതിഥി സൽക്കാരം പ്രോത്സാഹിപ്പിക്കപ്പെട്ട മറ്റൊരു സദ്യയാണ്. "വലീമത്തു മഅ്ദുബ" എന്നാണിതിന് പേര്. പ്രത്യേകിച്ച് കാരണങ്ങൾ ഒന്നും ഇല്ലാത്ത, വിരുന്നിന് വിളിച്ച് നൽകുന്ന സദ്യ. ഇത് അനുവദനീയമാണ്. ബന്ധങ്ങൾ ഊട്ടിയുറപ്പിക്കാൻ സഹായകമാവുന്ന ഇത്തരം സദ്യകൾ പ്രോത്സാഹനാർഹമാണ്. "വലീമത്തുൽ ഹിദാക്ക" എന്ന പേരിൽ ക്വുർആൻ ഖതം തീർക്കുന്ന അന്ന് നൽകുന്ന സദ്യക്ക് പ്രമാണങ്ങളിൽ തെളിവില്ല.

വീടുപണി കഴിഞ്ഞ് താമസം തുടങ്ങുമ്പോൾ നൽകുന്ന സദ്യക്ക് "വലീമത്തുൽ വക്കീറ" എന്നാണ് പേര്. വീട് ഒരു വലിയ അനുഗ്രഹമാണ്. അത് പൂർത്തിയായ സന്തോഷത്തിൽ നൽകുന്ന സദ്യയാണിത്. ഇസ്‌ലാമിക മര്യാദകളിൽ നിന്ന് കൊണ്ട് ആ സന്തോഷ ദിനത്തിൽ ഭക്ഷണം നൽകൽ ഒരു മതാചാരമായി കരുതുന്നില്ല എങ്കിൽ തെറ്റാണെന്ന് പറയാൻ ന്യായം കാണുന്നില്ല.

"വലീമത്തുൽ വദീമ" എന്ന പേരിൽ എന്തെങ്കിലും മുസ്വീബത്തുകൾ ബാധിച്ചാൽ ഉണ്ടാക്കുന്ന ഭക്ഷണം ഇന്ന് നമ്മുടെ നാട്ടിൽ വ്യാപകമാണ്. ചാവടിയന്തിരം എന്ന പേരിൽ അത് പ്രചാരത്തിലുണ്ട്. മരിച്ച വ്യക്തിയുടെ വീട്ടുകാർക്ക് മറ്റുള്ളവർ ഭക്ഷണമുണ്ടാക്കിക്കൊടുക്കലാണ് പ്രവാചക ചര്യ. ജഅ്ഫർ ﷺ മരണപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ കുടുംബത്തിന് ഭക്ഷണമുണ്ടാക്കി നൽകാൻ നബിﷺ കൽപിച്ചിട്ടുണ്ട്. അതേ സമയം മയ്യിത്തിന്റെ വീട്ടുകാർ വരുന്നവർക്കെല്ലാം ഭക്ഷണമുണ്ടാക്കി നൽകുന്ന സമ്പ്രദായം ജാഹിലിയ്യത്തിന്റെ ഗണത്തിലാണ് പെടുക. അപ്രകാരം തന്നെ ശിർക്കിന്റെ ആഘോഷങ്ങളും, ഉത്സവങ്ങളുമായി ബന്ധപ്പെട്ട ഭക്ഷണങ്ങൾ കഴിക്കുന്നത് വിശ്വാസിക്ക് വിലക്കപ്പെട്ടിരിക്കുന്നു. അല്ലാഹു അല്ലാത്തവരുടെ പേരിൽ അറുത്തത് ഭക്ഷിക്കാൻ പാടില്ല എന്ന് മൂന്ന് സ്ഥലങ്ങളിൽ അല്ലാഹു പറഞ്ഞിട്ടുണ്ട്.

"ശവം, രക്തം, പന്നിമാംസം, അല്ലാഹു അല്ലാത്തവരുടെ പേരിൽ അറുക്കപ്പെട്ടത്, ശ്വാസം മുട്ടി ചത്തത്, അടിച്ചുകൊന്നത്, വീണുചത്തത്, കുത്തേറ്റ് ചത്തത്, വന്യമൃഗം കടിച്ചുതിന്നത് എന്നിവ നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു..." (സൂറഃ അൽമാഇദ: 3).

"(നബിയേ) പറയുക: എനിക്ക് ബോധനം നൽകപ്പെട്ടിട്ടുള്ളതിൽ ഒരു ഭക്ഷിക്കുന്നവന്ന് ഭക്ഷിക്കുവാൻ പാടില്ലാത്തതായി യാതൊന്നും ഞാൻ കാണുന്നില്ല. അത് ശവമോ, ഒഴുക്കപ്പെട്ട രക്തമോ, പന്നിമാംസമോ ആണെങ്കിലൊഴികെ. കാരണം അത് മ്ലേഛമത്രെ. അല്ലെങ്കിൽ അല്ലാഹുവല്ലാത്തവരുടെ പേരിൽ (നേർച്ചയായി) പ്രഖ്യാപിക്കപ്പെട്ടതിനാൽ അധാർമികമായിത്തീർന്നിട്ടുള്ളതും ഒഴികെ. എന്നാൽ വല്ലവനും (ഇവ ഭക്ഷിക്കാൻ) നിർബന്ധിതനാകുന്ന പക്ഷം അവൻ നിയമലംഘനം ആഗ്രഹിക്കാത്തവനും അതിരുവിട്ടു പോകാത്തവനുമാണെങ്കിൽ നിന്റെ നാഥൻ തീർച്ചയായും ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു" (സൂറഃ അൽ അൻആം:145).

"ശവം, രക്തം, പന്നിമാംസം, അല്ലാഹു അല്ലാത്തവരുടെ പേരിൽ പ്രഖ്യാപിക്കപ്പെട്ടത് എന്നിവ മാത്രമേ അവൻ (അല്ലാഹു) നിങ്ങളുടെ മേൽ നിഷിദ്ധമാക്കിയിട്ടുള്ളൂ. വല്ലവനും (ഇവ ഭക്ഷിക്കുവാൻ) നിർബന്ധിതനാകുന്ന പക്ഷം, അവൻ അതിന് ആഗ്രഹം കാണിക്കുന്നവനോ, അതിരുവിട്ട് തിന്നുന്നവനോ അല്ലെങ്കിൽ തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു." (സൂറഃ അന്നഹ്ൽ:115).

ഏതു മതക്കാരനായിരുന്നാലും അവന്റെ ഭക്ഷണം നമുക്ക് കഴിക്കാം. മുശ്‌രിക്കുകൾ അറുത്തത് മാത്രമാണ് നിഷിദ്ധം. തൗഹീദിന് നിരക്കാത്ത ഭക്ഷണമാണെങ്കിൽ കഴിക്കാൻ പാടില്ല. അത് നേർച്ചച്ചോറായാലും, അരവണപ്പായസമായാലും, ക്രിസ്മസ് കേക്കായാലും തുല്യം തന്നെ. നബിﷺ ജൂത സ്ത്രീയുടെ ക്ഷണം സ്വീകരിച്ച് ഭക്ഷണം കഴിച്ച സംഭവം പ്രസിദ്ധമാണല്ലോ. ധൂർത്തടിച്ച് നടത്തപ്പെടുന്ന ആഘോഷ, ആചാര സദ്യകളിൽ നിന്നും വിട്ടുനിൽക്കുകയാണ് വേണ്ടത്. ധൂർത്തിനെ ഇസ്‌ലാം ഒരു മേഖലയിലും അംഗീകരിക്കുന്നില്ല. ജന്മദിനാഘോഷങ്ങളുമായി ബന്ധപ്പെട്ട സദ്യകളും വർജിക്കേണ്ടതാണ്. ജന്മദിനാഘോഷം എന്നത് ഇസ്‌ലാമിന്റെ സമ്പ്രദായമല്ല. അതിനാൽ തന്റെയോ, സന്താനങ്ങളുടെയോ മറ്റാരുടെയുമോ ജന്മദിനം ആഘോഷിക്കാവതല്ല. അതിന്റെ ഭക്ഷണം അനുവദനീയവുമല്ല. അല്ലാഹു അവന്റെ ദീനിൽ ഉറച്ചുനിൽക്കാനുള്ള തൗഫീഖ് നൽകി നമ്മെ അനുഗ്രഹിക്കട്ടെ!

അശ്‌റഫ് എകരൂൽ
ashrafekarul@gmail.com

ഇസ്‌ലാമിക് പാരന്റിംഗ്: 17



# അനുകരണവും മാതൃകയും

**വി**ശ്വാസ വളർച്ചയുമായി ബന്ധപ്പെട്ട രണ്ട് കാര്യങ്ങളെക്കുറിച്ചാണ് കഴിഞ്ഞ ലക്കത്തിൽ നാം മനസ്സിലാക്കിയത്. പ്രധാനപ്പെട്ട രണ്ട് കാര്യങ്ങൾ കൂടി ഈ വിഷയകമായി നാം അറിയേണ്ടതുണ്ട്.

**മൂന്ന്: അല്ലാഹുവോടുള്ള സ്‌നേഹം വളർത്തുകയും അവനെ അവലംബിക്കാൻ ശീലിപ്പിക്കുകയും ചെയ്യുക.**

എല്ലാ കുട്ടികൾക്കും അവരുടെ വൃത്തത്തിനുള്ളിൽ നിന്നുകൊണ്ടുള്ള പ്രശ്‌നങ്ങളും തേട്ടങ്ങളും ഉണ്ട്. അത് മാനസികമോ ശാരീരികമോ മറ്റു ചിലപ്പോൾ സാമൂഹികമോ സാമ്പത്തികമോ ആവാം. കുടും ബ സംബന്ധമോ അല്ലെങ്കിൽ പഠന സംബന്ധമോ ആയേക്കാം. അതിന്റെ ശക്തിയും തോതും വ്യക്തികൾക്കനുസരിച്ച് വ്യത്യാസപ്പെടുമെന്നു മാത്രം. പല നിലക്കും മനഃപൂർവമോ അല്ലാതെയോ അവർ അത് പ്രകടിപ്പിക്കുകയും ചെയ്‌തേക്കും. കരച്ചിൽ, ദേഷ്യം, വാശി, അമിതമായ സഹകരണ പ്രകടനം ഇവയെല്ലാം അതിന്റെ ചില ബഹിർ പ്രകടനങ്ങൾ ആയിരിക്കും. ഇത്തരം പ്രശ്‌നങ്ങളും തേട്ടങ്ങളും പരിഹരിക്കാനും നേടിയെടുക്കാനും ഉള്ള വഴികളും രീതികളും അവരുടെ ഉള്ളിൽ നിന്ന് തന്നെ സൃഷ്ടിച്ചെടുക്കാൻ എന്ത് വഴികളുണ്ട്? ഏറ്റവും ചുരുങ്ങിയത് ആശങ്കകളും അസ്വസ്ഥതകളും ലഘൂകരിക്കാനെങ്കിലും അവരെ സഹായിക്കുന്ന മാർഗങ്ങളെന്തെങ്കിലും ഉണ്ടോ? തീർച്ചയായും ഉണ്ടെന്നാണ് ഇസ്‌ലാം നമ്മെ പഠിപ്പിക്കുന്നത്. അല്ലാഹുവിനോടുള്ള സ്‌നേഹം അവരുടെ മനസ്സിൽ ആഴത്തിൽ ഉണ്ടാക്കിയെടുക്കുകയും അവനെ അവലംബിക്കാനും അവനോടു സഹായം തേടാനും അവരെ ശീലിപ്പിക്കുകയും ചെയ്യുകയെന്നതാണത്.

തന്റെ ജീവിതത്തിൽ തനിക്കേറ്റം ആവശ്യമുള്ളതും ഇഷ്ടമുള്ളതുമെല്ലാം ചോദിക്കാതെ നൽകിയ അല്ലാഹുവിനു നമ്മോടുള്ള ഇഷ്ടം മനസ്സിലാക്കിക്കൊടുത്തുകൊണ്ട് അവനെ തിരിച്ച് സ്‌നേഹിക്കേണ്ടതിന്റെ ബാധ്യത ബോധ്യപ്പെടുത്തുകയും ചെയ്യുക. കൂടാതെ നമ്മുടെ ജീവിതത്തിൽ നടക്കുന്നതെല്ലാം നമ്മുടെ ഇഷ്ടാനിഷ്ടങ്ങൾക്ക് അനുസരിച്ചല്ലെന്നും അല്ലാഹുവിന്റെ വിധിയനുസരിച്ചാണെന്നും

അവർ അറിഞ്ഞു വളരണം. ഇതിലൂടെ അവർക്ക് ജീവിത പ്രയാസങ്ങളെ നേരിടാൻ കഴിയും. അല്ലാഹുവിനെ അവലംബിക്കുന്നതിലൂടെ ജീവിതത്തിൽ ഇറങ്ങി ഇടപെടാൻ അവരുടെ മനസ്സിന്ന് സ്ഥൈര്യം ലഭിക്കുകയും ചെയ്യുന്നു. ഇതാണ് നബിﷺയുടെയും അനുചരന്മാരുടെയും ശൈലി. അവർ പ്രയോഗിച്ചതും ശീലിപ്പിച്ചതും ഈ രീതി ശാസ്ത്രമാണ്.

ഇബ്നു അബ്ബാസ് ﷺ പറയുകയാണ്: "ഒരിക്കൽ, ഞാൻ (കുട്ടിയായിരുന്ന കാലത്ത്) നബിﷺയുടെ കൂടെ സഹയാത്രികനായിരുന്ന ഒരു ദിവസം നബിﷺ എന്നോട് പറഞ്ഞു: 'ഏയ് കുട്ടീ! ഞാൻ നിനക്ക് ചില വചനങ്ങൾ പഠിപ്പിച്ചു തരാം. നീ അല്ലാഹുവിനെ സൂക്ഷിക്കുക, അപ്പോൾ അവൻ നിന്നെ സംരക്ഷിക്കും. നീ അല്ലാഹുവിനെ സൂക്ഷിക്കുക, അപ്പോൾ നിന്റെ കാര്യത്തിൽ (സഹായിയായി) നിനക്കവനെ കാണാം. നീ വല്ലതും ചോദിക്കുകയാണെങ്കിൽ നീ അല്ലാഹുവോടു ചോദിക്കുക. നീ വല്ല സഹായവുംചോദിക്കുകയാണെങ്കിൽ അവനോടു ചോദിക്കുക. നീ അറിയണം; ഒരു സമൂഹം നിനക്ക് വല്ല ഉപകാരവും ചെയ്യാൻ ഒരുമിച്ച് കൂടിയാലും അല്ലാഹു നിനക്ക് വേണ്ടി നിശ്ചയിച്ചുറപ്പിച്ചതിനപ്പുറം ഒന്നും അവർക്ക് ചെയ്തുതരാൻ കഴിയില്ല. പേനകൾ ഉയർത്തപ്പെട്ടു, താളുകൾ ഉണങ്ങി" (ഇമാം അഹ്മദ്, തിർമിദി). ഇമാം തിർമിദിയുടേതല്ലാത്ത നിവേദനകളിൽ ഇത്ര കൂടിയുണ്ട്: "നിന്റെ സുഭിക്ഷതയിൽ നീ അവനെ അറിഞ്ഞാൽ (ഓർത്താൽ) നിന്റെ പ്രയാസത്തിൽ അവൻ നിന്നെ കണ്ടറിയും. അത് കൊണ്ട് നീ അറിയുക! നിന്നെ ബാധിച്ചതെന്തോ അതൊരിക്കലും നിന്നിൽ നിന്ന് ഒഴിഞ്ഞു പോകുമായിരുന്നില്ല. നിന്നിൽ നിന്നും ഒഴിഞ്ഞു പോയതെന്തോ അത് നിന്നെ ബാധിക്കുമായിരുന്നില്ല, അറിയുക, ക്ഷമയോടൊപ്പമാണ് ആശ്വാസം. പ്രയാസത്തോടൊപ്പമാണ് എളുപ്പമുള്ളത്."

എത്ര ലളിതമാണ് ഈ നബിവചനം! എന്നാൽ ഈടുറ്റതാണ് അതിന്റെ ആശയം. ഈ വചങ്ങൾ നന്നായി മനസ്സിലാക്കുന്ന കുട്ടികൾ അവർക്ക് മുമ്പിൽ വരുന്ന തടസ്സങ്ങൾ നീക്കി ജീവിത യാത്ര സുഖകരമാക്കാൻ പരിശ്രമിക്കുക സ്വാഭാവികമാണ്. അല്ലാഹുവിനെ കുറിച്ചുള്ള ശുഭ പ്രതീക്ഷയും രക്ഷാബോധവും അവരെ മുന്നോട്ടു നയിക്കുകയും ധാർമികതയിൽ അവർ ഉറച്ചു നിൽക്കുകയും ചയ്യും. ഇത് അല്ലാഹുവിന്റെ വാഗ്ദത്തമാണ്; മുതിർന്നവർക്കെന്ന പോലെ കുട്ടികൾക്കും.

അല്ലാഹു പറയുന്നു: "അല്ലാഹുവെ വല്ലവനും സൂക്ഷിക്കുന്ന പക്ഷം അല്ലാഹു അവന്നൊരു പോംവഴി ഉണ്ടാക്കിക്കൊടുക്കുകയും അവൻ കണക്കാക്കാത്ത വിധത്തിൽ അവന്ന് ഉപജീവനം നൽകുകയും ചെയ്യുന്നതാണ്. വല്ലവനും അല്ലാഹുവിൽ ഭരമേൽപിക്കുന്ന പക്ഷം അവന്ന് അല്ലാഹു തന്നെ മതിയാകുന്നതാണ്. തീർച്ചയായും അല്ലാഹു തന്റെ കാര്യം പ്രാപിക്കുന്നവനാകുന്നു. ഓരോ കാര്യത്തിനും അല്ലാഹു ഒരു ക്രമം ഏർപെടുത്തിയിട്ടുണ്ട്" (65:23).

ഈ ആദർം ഊട്ടപ്പെട്ടവരായിരുന്നു ഉത്തമ നൂറ്റാണ്ടിലെ മുസ്‌ലിംകൾ. തടിസ്ഥാനത്തിലുള്ള വിശ്വാസത്തിന്റെ ബഹിർസ്ഫുരണങ്ങൾ അവരുടെ ജീവിതത്തിൽ പ്രകടമായിരുന്നു. ഒരിക്കൽ അബ്ദുല്ലാഹിബിനു ഉമർ ﷺ ഒരു യാത്രയിലായിരിക്കെ ആടുകളെ മേയ്ക്കുന്ന ഒരു കുട്ടിയുടെ അടുത്തെത്തി. അന്നേരം അവനോട് (അവനെ പരീക്ഷിക്കാനായി) ചോദിച്ചു: 'കുട്ടീ, ഇതിൽ നിന്ന് ഒരാടിനെ എനിക്ക് വിൽക്കുമോ?' കുട്ടി പറഞ്ഞു: 'ഇത് എന്റെതല്ല.' അപ്പോൾ അദ്ദേഹം ചോദിച്ചു: 'ഇതിൽ ഒന്നിനെ ചെന്നായ പിടിച്ചെന്ന് യജമാനനോട് പറഞ്ഞാൽ പോരേ?' അപ്പോൾ കുട്ടി തിരിച്ചു ചോദിച്ചു: 'അപ്പോൾ അല്ലാഹു എവിടെ?' (അവൻ കാണില്ലേ?).

മറ്റൊരിക്കൽ ഉമർ ﷺ ഖലീഫയായിരിക്കെ കുട്ടികൾ കളിച്ചുകൊണ്ടിരിക്കുന്ന സ്ഥലത്തുകൂടെ നടന്നു പോയി. ഖലീഫ ഉമറിനെ കണ്ട കുട്ടികൾ ഓടിയകന്നു; ഒരു കൗമാരക്കാരനായ കുട്ടി ഒഴികെ. അത് കണ്ട് അത്ഭുതം തോന്നിയ ഉമർ ﷺ ആ കുട്ടിയോട് മറ്റു കുട്ടികളെ പോലെ ഓടാതിരുന്നതിന്റെ കാരണം ചോദിച്ചു. അപ്പോൾ കുട്ടി പറഞ്ഞു: 'ഞാൻ താങ്കളിൽ നിന്ന് ഓടിയകലാൻ മാത്രം തെറ്റൊന്നും ചെയ്തിട്ടില്ല. താങ്കൾക്ക് വഴിമാറിത്തരാൻ മാത്രം താങ്കളെ ഞാൻ (അന്യായമായി) ഭയപ്പെടുന്നുമില്ല.' (ഈ കൗമാരക്കാരൻ അബ്ദുല്ലാഹിബ്നു സുബൈർ ﷺ ആയിരുന്നു).

ഹൃദയത്തിനകത്ത് അല്ലാഹുവിനോടുള്ള സ്നേഹവും ഭയവും സ്ഥിരപ്രതിഷ്ഠ നേടുകയും ഞാൻ ലോകരക്ഷിതാവിന്റെ അടിമയാണെന്നും അവലംബിക്കാൻ അവനെക്കാൾ ശക്തിയും അർഹതയും മറ്റാരാർക്കുമില്ലെന്നും അവന്റെ നിരീക്ഷണത്തിൽ നിന്ന് അപ്രത്യക്ഷമാവാൻ ഇവിടെ ഇടങ്ങളില്ലെന്നും ബോധ്യപ്പെട്ട് വളരുന്നു വരുന്ന കുട്ടികളുടെ യുവത്വവും വാർധക്യവും സുരക്ഷിതവും നിർഭയവുമായിരിക്കും.

**നാല്: പ്രവാചകനോടും അനുചരന്മാരോടും മനസ്സിൽ സ്നേഹം നട്ടു വളർത്തുക.**

മുകളിൽ നാം പ്രതിപാദിച്ച വിശ്വാസ വളർച്ചയുടെ ചുവട് വെപ്പുകളിലൂടെ ഇസ്‌ലാമിലെ സാക്ഷ്യ വചനത്തിന്റെ പ്രഥമ പാതി പൂർത്തീകരിക്കപ്പെടുമ്പോൾ ഈ ചുവട് വെപ്പിലൂടെ സാക്ഷ്യ വചനത്തിന്റെ മറുപാതി മനസ്സിലും ജീവിതത്തിലും സ്ഥായീഭാവം കൈവരിക്കുന്നു. 'അല്ലാഹുവല്ലാതെ ആരാധ്യനില്ലെന്നും മുഹമ്മദ് നബി അല്ലാഹുവിന്റെ ദൂതനാണെ'ന്നുമുള്ള സാക്ഷ്യവചന വേരുറക്കാൻ കേവല ദൈവബോധം മാത്രം മതിയാവില്ല. നമുക്കറിയാം, മനുഷ്യമനസ്സ് പൊതുവായും കുട്ടികളുടെ മനസ്സ് പ്രത്യേകിച്ചും തന്റെ ചുറ്റുപാടിൽ

ഒരു ശക്തനായ വ്യക്തിത്വത്തോടു സാമ്യപ്പെടാൻ ആഗ്രഹിക്കുകയും ശ്രമിക്കുകയും ചെയ്യുന്നതാണ്.

മുഹമ്മദ് നബിﷺ പൂർണത കൈവരിച്ച വ്യക്തിത്വമാണ്. വിശ്വാസ ദാർഢ്യത്തിലും സ്വഭാവഗുണങ്ങളിലും കർമങ്ങളിലുമെല്ലാം അനുപമമായ മാതൃകാവ്യക്തിത്ത്വമാണ് അദ്ദേഹത്തിന്റെത്. ആ പ്രവാചക വ്യക്തിത്വത്തെ മനസ്സുകൾക്ക് മുമ്പിൽ അവതരിപ്പിക്കാനും പ്രതിഷ്ഠിക്കാനും ഇസ്‌ലാം നമ്മോട് ആവശ്യപ്പെടുന്നു. അതിനായി പ്രവാചകനെയും അനുചരന്മാരെയും കുട്ടികൾക്കു ചെറുപ്പം മുതലേ പരിചയപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതുണ്ട്. കേവല പരിചയപ്പെടുത്തലല്ല, അനുകരിക്കാൻ താൽപര്യപ്പെടുംവിധംഇഷ്ടപ്പെടുത്തുകയാണ് വേണ്ടത്. അതാണ് പാരന്റിങ്.

ഏത് കുട്ടിയുടെയും മനസ്സിൽ അവന്/അവൾക്ക് വലിയതായി തോന്നുന്ന പല 'ക്യാറക്റ്ററു'കളുമുണ്ട്. അവരുടെ 'ചുറ്റുപാട്' അവർക്ക് അവതരിപ്പിച്ച് നൽകുകയും അവയിൽ കണ്ണും കാതും ഏറ്റവും കൂടുതൽ പരിചയപ്പെടുകയും ചെയ്യുന്നതിൽ നിന്ന് അവർ അത് കണ്ടെത്തുകയും തെരഞ്ഞെടുക്കുകയും ചെയ്യുന്നു. അവയോട് അവർക്ക് ആദരവും അനുകരണ ഭ്രമവും ഉണ്ടാവുക സ്വാഭാവികമാണ്. ഇവിടെ രക്ഷിതാക്കളും അധ്യാപകരും ചെയ്യേണ്ടത്, പ്രവാചകനെയും സ്വഹാബിവര്യന്മാരെയും അവർക്ക് ഇഷ്ടപ്പെട്ടതാക്കി മാറ്റുന്ന രൂപത്തിലുള്ള ചുവടുവെപ്പുകൾ നടത്തുക എന്നതാണ്. അവർ ഇഷ്ടപ്പെടുന്ന 'വ്യക്തിത്വങ്ങൾ' ആരോ അവരുടെ വിശ്വാസവും ജീവിത ശീലങ്ങളും മൂല്യങ്ങളും അവർക്ക് സ്വീകാര്യവും ഇഷ്ടവുമായി മാറുന്നു. തൽസ്ഥാനത്ത് പ്രവാചകനും സ്വഹാബികളുമാണെങ്കിൽ, അവരുടെ വിശ്വാസവും മൂല്യങ്ങളും കുട്ടികൾക്ക് ആകർഷണീയമാവുകയും യാഥാർഥ്യബോധത്തോടെ അത് സ്വീകരിക്കുകയും ചെയ്യും. സത്യവിശ്വാസത്തിന്റെ അടിത്തറയിൽ നിന്ന് അവർ ആർജിച്ച വിജയങ്ങളും അവർ നേരിട്ട പ്രയാസങ്ങളും കുട്ടികൾക്ക് ഉൾക്കൊള്ളാവുന്ന ശൈലിയിൽ ലഭ്യമാക്കുന്നതിലൂടെ തത്തുല്യമായ ജീവത ാനുഭവങ്ങളെ അവർ അതിനോട് ചേർത്ത് വായിക്കാൻ ശ്രമിക്കുന്നു. അത് വിശ്വാസപരമായി അവരുടെ മനസ്സിലും കർമപരമായി അവരുടെ ജീവിതത്തിലും ഗുണകരമായ മാറ്റം ഉണ്ടാക്കുന്നു.

ഇതിന്റെ മറ്റൊരു അർഥം, നമ്മുടെ മക്കളുടെ വിശ്വാസവും സംസ്കാരവും വളരുകയും സംരക്ഷിക്കപ്പെടുകയും ചെയ്യണമെങ്കിൽ, പ്രവാചകനെക്കാളും സ്വഹാബികളെക്കാളും അനുകരിക്കപ്പെടേണ്ട മാതൃകകളായി മറ്റാരും അവരുടെ മനസ്സിൽ പതിയാൻ ഇടവരുത്തരുതെന്നു കൂടിയാണ്. അഥവാ നന്മയുടെ 'ലഭ്യത'യോടപ്പം പൊള്ളയായതിന്റെ 'പ്രതിരോധം' കൂടിയാണ് ഇസ്‌ലാമിക് പാരന്റിങ്.

മാനവികത, കാരുണ്യം, ത്യാഗം, കുട്ടികളോടും വൃദ്ധരോടുമുള്ള സ്നേഹം, മാതൃവാത്സല്യം, രോഗികളോടും മറ്റ് അവശ വിഭാഗങ്ങളോടുമുള്ള അനുകമ്പ തുടങ്ങിയവയുടെ പുറംതൊലികളിൽ പൊതിഞ്ഞു കുഞ്ഞു മനസ്സുകൾക്ക് മുമ്പിൽ അവതരിപ്പിക്കപ്പെടുന്ന പല വാർപ്പ് മാതൃകകളും വിശ്വാസതലത്തിലോ നിത്യജീവിത ശൈലികളിലോ ഒരിക്കലും മാതൃകയാവണമെന്നില്ല. തനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട അഞ്ചു ആളുകളുടെ പേരെഴുതാൻ കുട്ടികളോട് പറഞ്ഞു നോക്കൂ. ഒരു പക്ഷേ, അവരെഴുതുന്ന ആദ്യത്തെ അഞ്ചു പേരുകളിളൊന്നും ഉത്തമ മാതൃക ഉണ്ടെന്ന് അല്ലാഹു പറഞ്ഞ പ്രവാചകനോ സച്ചരിതരായ അനുചരരോ ഉണ്ടായിക്കൊള്ളണമെന്നില്ല. ഇവിടെയാണ് ഇസ്‌ലാമിക പേരന്റിംഗിലൂടെയുള്ള ചില 'മനപ്പൂർവ' ഇടപെടലുകൾ വിശ്വാസികളായ രക്ഷിതാക്കളിൽ നിന്നും അധ്യാപകരിൽ നിന്നും ഇസ്‌ലാം ആവിശ്യപ്പെടുന്നത്. അല്ലാഹുവിന്റെ തിരുദൂതനും അദ്ദേഹത്തെ പിൻപറ്റി ജീവിച്ച സച്ചരിതരായ വിശ്വാസി കളും തന്നെയാണ് മുതിർന്നവരിൽ എന്ന പോലെ ഇളം തലമുറയുടെ മനസ്സിലും എക്കാലത്തെയും ഏറ്റവും വലിയ അത്ഭുത വ്യക്തിത്വങ്ങളായി (amezing characters) നിലനിൽക്കേണ്ടത്. അതാണ് അല്ലാഹുവും റസൂലും നമ്മോട് ആവശ്യപ്പെടുന്നത്.

അനസ്ؓ പറയുകയാണ്: ഒരിക്കൽ നബിﷺയുടെ അടുത്തു വന്ന് ഒരാൾ ചോദിച്ചു: 'എപ്പോഴാണ് അന്ത്യസമയം സംഭവിക്കുക?' അപ്പോൾ നബിﷺ തിരിച്ച് ചോദിച്ചു: 'താങ്കൾ എന്താണ് മുന്നൊരുക്കം നടത്തിയത്?' അദ്ദേഹം പറഞ്ഞു: 'അല്ലാഹുവും റസൂലുമാണ് എനിക്ക് ഏറ്റം ഇഷ്ടപ്പെട്ടവർ എന്നതൊഴിച്ചാൽ മറ്റൊന്നും കാര്യമായി ഇല്ല.' നബിﷺ പറഞ്ഞു: 'അപ്പോൾ താങ്കൾ, താങ്കൾ ഇഷ്ടപ്പെട്ടവരോടൊപ്പമാണ്.' അനസ്ؓ പറയുകയാണ്: 'നബിയുടെ ഈ (അപ്പോൾ താങ്കൾ, താങ്കൾ ഇഷ്ടപ്പെട്ടവരോടൊപ്പമാണ്) വചനം ഞങ്ങളെ സന്തോഷിപ്പിച്ചത്ര ഇസ്‌ലാം സ്വീകരണമല്ലാതെ ഞങ്ങളെ സന്തോഷിപ്പിച്ചിട്ടില്ല.' എന്നിട്ടദ്ദേഹം തുടർന്നു പറഞ്ഞു: 'ഞാൻ അല്ലാഹുവിന്റെ ദൂതരെയും അബൂബക്കറിനെയും ഉമറിനെയും ഏറ്റവും ഇഷ്ടപ്പെടുന്നു. അവരോടപ്പമാവാൻ ഞാൻ കൊതിക്കുകയും ചെയ്യുന്നു. അവരെ പോലെ എനിക്ക് പ്രവർത്തിക്കാൻ കഴിഞ്ഞിട്ടില്ലങ്കിലും' (മുസ്‌ലിം, അഹ്മദ്).

നമ്മുടെ മക്കളുടെയും സ്വപ്നവും ചിന്തയും ഈ നിലവാരത്തിലേക്ക് ഉയർത്തിക്കൊണ്ട് വരുന്നതിലാണ് ഇസ്‌ലാമിക പാരന്റിംഗിന്റെ വിജയം. കാരണം അവരത്രെ ഏറ്റവും നല്ല കൂട്ടുകാർ. അല്ലാഹു പറഞ്ഞ പോലെ; 'ആർ അല്ലാഹുവെയും അവന്റെ ദൂതനെയും അനുസരിക്കുന്നുവോ അവർ അല്ലാഹു അനുഗ്രഹിച്ചവരായ പ്രവാചകന്മാർ, സത്യസന്ധൻമാർ, രക്തസാക്ഷികൾ, സച്ചരിതർ എന്നിവരോടൊപ്പമായിരിക്കും. അവർ എത്ര നല്ല കൂട്ടുകാർ!" (4:69).

## പ്രതിസന്ധിഘട്ടങ്ങളിൽ ക്ഷമ കൈവിടാതിരിക്കുക: ശൈഖ് അലി അൽഖാലിദി

ജുബൈൽ: ലോകത്താകമാനം മനുഷ്യർ വിവിധ പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരിക്കുകയാണെന്നും യുദ്ധങ്ങളും കലാപങ്ങളും നിരപരാധികൾക്കെതിരിലുള്ള കടന്നുകയറ്റങ്ങളും ഒരു ഭാഗത്തും സാമ്പത്തിക ഞെരുക്കവും പട്ടിണിയും മറുഭാഗത്തും പ്രയാസങ്ങൾ സൃഷ്ടിക്കുമ്പോൾ വിശ്വാസികൾ ക്ഷമയും സമചിത്തതയും കൈവിടാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്നും ജുബൈൽ ശരീഅ കോടതിയിലെ ചീഫ് ജസ്റ്റിസ് ശൈഖ് അലി ഖാലിദി ഉദ്ബോധിപ്പിച്ചു. ജുബൈൽ ദഅ്വ സെന്റർ മലയാള വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന 21ാമത് 'ജുബൈൽ ഇസ്‌ലാമിക് കോൺഫറൻസ്' ഉദ്ഘാടനം ചെയ്യുകയായിരന്നു അദ്ദേഹം.

ശമീർ മുണ്ടേരി, അബ്ദുസ്സുബ്ഹാൻ സ്വലാഹി, ഖാജാ അബ്ദുൽ കരീം, അബ്ദുൽ ജബ്ബാർ മദീനി, മുബാറക് മദീനി, അബ്ദുറഹ്മാൻ ഫാറൂഖി, ഇബ്‌റാഹീം ഫൈസി സംസാരിച്ചു. വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ വൈ.ചെയർമാൻ കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, ജനറൽ കൺവീനർ ടി.കെ അശ്‌റഫ് എന്നിവർ മുഖ്യാതിഥികളായിരുന്നു.

തുടർന്ന് നടന്ന വനിത സംഗമത്തിൽ ശമീന ഇസ്‌ലാഹിയ്യ (ദമ്മാം), അമതുന്നൂർ ചുങ്കത്തറ (ജുബൈൽ), ഡോ. മുഹ്സിന സംസാരിച്ചു.

## വിചാരം എക്സിബിഷൻ സമാപിച്ചു

തിരൂർ: വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷന് കീഴിൽ തിരൂർ രാജീവ് ഗാന്ധി സ്റ്റേഡിയത്തിൽ ആരംഭിച്ച വിചാരം വൈജ്ഞാനിക പ്രദർശനം സമാപിച്ചു.

മനുഷ്യ സൃഷ്ടിപ്പ്, പ്രപഞ്ച വിസ്മയങ്ങൾ, ജീവജാലങ്ങളിലെ അത്ഭുതങ്ങൾ, ദുരന്തങ്ങൾ തുടങ്ങി എൺപതിലധികം വിഷയങ്ങളെ ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെ സജ്ജീകരിച്ചാണ് പ്രദർശനം നടന്നത്.

വിസ്ഡം ഗാലറിയുടെ ഭാഗമായി സംസ്ഥാനത്തെ 100 കേന്ദ്രങ്ങളിലായി നടക്കുന്ന പ്രദർശനത്തിന്റെ ആദ്യ ഘട്ടമാണ് തിരൂരിൽ നടന്നത്. അടുത്ത പ്രദർശനം ഏപ്രിൽ 29 മുതൽ മെയ് നാല് വരെ എറണാകുളം മറൈൻ ഡ്രൈവിൽ നടക്കും. മൂന്നാമത്തെ പ്രദർശനം മെയ് 9 മുതൽ 14 വരെ എടവണ്ണയിൽ വെച്ചാണ് നടക്കുക.

## വിദ്യാർഥികൾ ജാഗ്രത പാലിക്കണം: എം.എസ്.എം

കോഴിക്കോട്: ആധുനിക ഇലക്ട്രോണിക് മാധ്യമങ്ങളെയും സോഷ്യൽ മിഡീയകളെയും ദുരുപയോഗം ചെയ്ത് വിദ്യാർഥികളെ വിവിധ ചൂഷണങ്ങൾക്കിരയാക്കുന്ന സംഘങ്ങൾക്കെതിരിൽ വിദ്യാർഥി സമൂഹം ജാഗ്രത പാലിക്കണമെന്നും സൈബർ കുറ്റകൃത്യങ്ങൾക്കെതിരിൽ നിയമം കർശനമാക്കണമെന്നും വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷന്റെ ഭാഗമായി എം.എസ്.എം. കോഴിക്കോട് സിറ്റി മേഖല സമിതി സംഘടിപ്പിച്ച ഇഖ്റഅ് മോറൽ സ്‌ക്കൂൾ സമാപന സംഗമം അഭിപ്രായപ്പെട്ടു.

'അവധിക്കാലം അറിവിൻ തണലിൽ' എന്ന പ്രമേയത്തിൽ 20 ദിവസങ്ങളിലായി സംഘടിപ്പിച്ച മോറൽ സ്‌ക്കൂളിൽ അമേരിക്കൻ ബഹിരാകാശ ഗമന ഗവേഷണ കേന്ദ്രമായ നാസയുടെ മലയാളി പ്രതിനിധി കെ.വി.എം. അബ്ദുൽ ഗഫൂർ, എം.എസ്.എം. സംസ്ഥാന പ്രസിഡന്റ് മുനവ്വർ സ്വലാഹി, വൈസ് പ്രസിഡന്റ് നിസാർ സ്വലാഹി മമ്പാട്, സഅ്ഫർ സ്വാദിഖ് മദീനി, ഹാരിസ് കായക്കൊടി, ഡോ. അബ്ദുറസാഖ് സുല്ലമി, ത്വൽഹത്ത് സ്വലാഹി, സാജിദ് തിരൂരങ്ങാടി, മുസ്തഫ മദനി, അബ്ദുറഷീദ് മോങ്ങം തുടങ്ങിയവർ സംബന്ധിച്ചു.

സമാപന സംഗമം കോഴിക്കോട് ജില്ല പ്രസ്സ് ക്ലബ്ബ് പ്രസിഡന്റ് കമാൽ വരദൂർ ഉദ്ഘാടനം ചെയ്തു. ഐ.എസ്.എം. കോഴിക്കോട് സിറ്റി മേഖല പ്രസി. ഷുഹൈബ് കെ.വി. അധ്യക്ഷത വഹിച്ച ചടങ്ങിൽ എം.എസ്.എം. കോഴിക്കോട് സൗത്ത് ജില്ല വൈ. പ്രസി. മുഹമ്മദ് ഫഹീം എസ്.എം, മുജാഹിദ് ദഅ്വ സമിതി കോഴിക്കോട് സിറ്റി മേഖല ചെയർമാൻ എസ്.ഐ. ഐദീദ് തങ്ങൾ തുടങ്ങിയവർ ആശംസകളർപ്പിച്ചു. എം.എസ്.എം. സംസ്ഥാന സെക്രട്ടറി നിസാർ സ്വലാഹി മമ്പാട് 'സ്വർഗത്തിലേക്ക് നയിക്കുന്ന സന്താനങ്ങൾ' എന്ന വിഷയത്തെ അധികരിച്ച് മുഖ്യപ്രഭാഷണം നിർവഹിച്ചു.

'മോറൽ സ്‌ക്കൂൾ 2017' വിദ്യാർഥികളുടെ കൃതികൾ ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കാനിരിക്കുന്ന 'വഴിവിളക്ക്' മാഗസിന്റെ കവർ പേജ് പ്രകാശനം കമാൽ വരദൂർ നിർവഹിച്ചു. വിവിധയിനങ്ങളിൽ വിജയികളായ വിദ്യാർഥികൾക്ക് സമ്മാനവിതരണം നടത്തി. എം.എസ്.എം. കോഴിക്കോട് സൗത്ത് ജില്ല വൈപ്രസി. ഫഹീം അത്തോളി, എം.എസ്.എം. മേഖല നിർവാഹക സമിതിയംഗങ്ങളായ സഫ്‌വാൻ ബറാമി, മുഹമ്മദ് നിസാം, ഹാഷിർ എം.വി., ഹാമിദ് ഹാരിസ് തുടങ്ങിയവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി. എം.എസ്.എം. മേഖല സെക്രട്ടറി സി.വി. കാബിൽ സ്വാഗതവും മേഖല ട്രഷറർ സെഹൽ ആദം നന്ദിയും പറഞ്ഞു.

# ചലനം മോട്ടോർ തൊഴിലാളി സംഗമം സമാപിച്ചു

പാലക്കാട്: ശക്തമായ നിയമങ്ങൾ നിലനിൽക്കുമ്പോഴും കേരളത്തിൽ വൻതോതിൽ കുറ്റകൃത്യങ്ങൾ പെരുകുന്നതും ശിക്ഷാനടപടികൾ വൈകുന്നതും ആശങ്കാജനകമാണെന്ന് വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷന്റെ ഭാഗമായി ഐ.എസ്.എം ജില്ല കമ്മിറ്റി സംഘടിപ്പിച്ച ചലനം മോട്ടോർ തൊഴിലാളി സംഗമം അഭിപ്രായപ്പെട്ടു.

'സമൂഹം, സൗഹൃദം, സമർപ്പണം' എന്ന പ്രമേയത്തിൽ നടന്ന സംഗമം മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ മുജീബ് ഉദ്ഘാടനം ചെയ്തു. ടി.കെ നിഷാദ് സലഫി ആധ്യക്ഷ്യം വഹിച്ചു. മുജീബ് ഒട്ടുമ്മൽ, പി.യു സുഹൈൽ, ശഫീഖ് കുന്തിപ്പുഴ എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസെടുത്തു. അബ്ദുൽ ഹമീദ് ഇരിങ്ങൽതൊടി, അഷ്കർ അരിയൂർ, എസ്. നൗഫൽ, റാഫി പുതുക്കോട്, അബ്ദുസ്സലാം, സനാബുല്ല, വി.എം ബശീർ, ഷാഫി കൊടുന്തിരപ്പുള്ളി എന്നിവർ സംസാരിച്ചു.

## ജാലകം ജില്ല സഹവാസ ക്യാമ്പ് സമാപിച്ചു

കൊച്ചി: വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷന്റെ ഭാഗമായി എം.എസ്.എം എറണാകുളം ജില്ല കമ്മിറ്റി സംഘടിപ്പിച്ച ജാലകം ത്രിദിന സഹവാസ ക്യാമ്പ് ആലുവ നൊച്ചിമയിൽ സമാപിച്ചു. വിസ്ഡം ഗാലറി ജില്ല ജോ.സെക്ര. അസാർ അടുവാശേരി ഉദ്ഘാടനം ചെയ്തു. എം.എസ്.എം ജില്ല പ്രസി.നിയാസ് ബിൻ മാഹിൻ ആധ്യക്ഷ്യം വഹിച്ചു. വൈ.പ്രസി. തമീസ്, സെക്ര.അഷ്കർ കരീം, ജിഷാദ് കൊയിലാണ്ടി എന്നിവർ സംസാരിച്ചു. വിവിധ സെഷനുകളിലായി ശമീർ മദീനി, മുനവ്വർ ഫൈറൂസ്, മുഹമ്മദലി തച്ചമ്പാറ, നജീബ് റാൻ, ഉമർ നൊച്ചിമ, അബൂ അഹ്മദ് കൊച്ചി, ഹാരിസ് ആറ്റൂർ, അൻസാറുദ്ദീൻ പീരുമേട്, തൻവീർ ഇബ്റാഹീം, ശാഫി ചാലിശ്ശേരി, നിഷാദ് സലഫി എന്നിവർ കുട്ടികളുമായി സംവദിച്ചു.

## എം.എസ്.എം അലനല്ലൂർ മേഖലാ വിദ്യാർഥി സമ്മേളനം

അലനല്ലൂർ: വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷന്റെ കീഴിൽ മുജാഹിദ് ദഅ്‌വ സമിതി, ഐ.എസ്.എം, എം.എസ്.എം, എം.ജി.എം അലനല്ലൂർ മേഖലാ സമിതികൾ സംയുക്തമായി 'ക്വുർആൻ; പ്രകാശമാണ്, പ്രതീക്ഷയും' എന്ന പ്രമേയത്തിൽ സംഘടിപ്പിച്ചുകൊണ്ടിരിക്കുന്ന ദ്വൈമാസ ദഅ്‌വ കാമ്പയ്നിന്റെ ഭാഗമായി എം.എസ്.എം അലനല്ലൂർ മേഖലാ സമിതി സംഘടിപ്പിച്ച മേഖലാ വിദ്യാർഥി സമ്മേളനം സമാപിച്ചു. ഏപ്രിൽ 18ന് രാവിലെ ഒൻപതു മുതൽ വൈകുന്നേരം അഞ്ച് മണി വരെ യതീംഖാന ടി.എ.എം.യു.പി. സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന സമ്മേളനം എം.എസ്.എം സംസ്ഥാന സെക്രട്ടറി നിസാർ സ്വലാഹി മമ്പാട് ഉദ്ഘാടനം ചെയ്തു. എം.എസ്.എം അലനല്ലൂർ മേഖല പ്രസിഡന്റ് അബ്ദുൽ മുനീർ കാത്തിബി അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്തംഗം എം. ജിനേഷ് മുഖ്യാതിഥിയായിരുന്നു.

വളർന്നു വരുന്ന വിദ്യാർത്ഥി തലമുറയെ രാജ്യത്തിനും കുടുംബത്തിനും ഉപകാരപ്പെടുന്നവരാക്കി വളർത്തിയെടുക്കുക, ലഹരിക്കും സാമൂഹ്യ തിന്മകൾക്കുമെതിരെ അവരെ ബോധവൽക്കരിക്കുക, സോഷ്യൽ മീഡിയ സംവിധാനങ്ങൾ എങ്ങനെ നന്മക്ക് വേണ്ടി ഉപയോഗപ്പെടുത്താം എന്നതിനെ കുറിച്ച് വിദ്യാർഥികൾക്ക് ദിശാബോധം നൽകുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തി 'ധാർമിക മുന്നേറ്റത്തിന് വിദ്യാർഥി വിചാരം' എന്ന പ്രമേയത്തിലാണ് സമ്മേളനം സംഘടിപ്പിച്ചത്.

എം.എസ്.എം സംസ്ഥാന പ്രവർത്തക സമിതി അംഗങ്ങളായ ശഫീഖ് സ്വലാഹി, സഈദ് ചാലിശ്ശേരി, ശരീഫ് കാര, ഐ.എസ്.എം ജില്ലാ പ്രസിഡന്റ് ടി.കെ. നിഷാദ് സലഫി, അബ്ദു റസാഖ് സലഫി, സജ്ജാദ് ബിൻ അബ്ദുറസാഖ് എന്നിവർ ക്ലാസെടുത്തു.

എം.എസ്.എം മുൻ സംസ്ഥാന പ്രസിഡന്റ് കെ. ഇർഫാൻ സ്വലാഹി, എം.എസ്.എം പാലക്കാട് ജില്ല പ്രസിഡന്റ് എൻ. അനസ് മുബാറക്, എം.എസ്.എം ജില്ലാ സെക്രട്ടറി മുഹമ്മദ് ഷഹിൻഷ, മുജാഹിദ് ദഅ്‌വ സമിതി അലനല്ലൂർ മണ്ഡലം സെക്രട്ടറി എം. സുദീർ ഉമർ, ഐ.എസ്.എം അലനല്ലൂർ മേഖല ട്രഷറർ കെ.പി. ഉണ്ണീൻ ബാപ്പു എന്നിവർ പ്രസംഗിച്ചു.

എം.എസ്.എം പാലക്കാട് ജില്ലാ പ്രവർത്തക സമിതിയംഗം കെ. നൂറുദ്ദീൻ ഫാസിൽ, അലനല്ലൂർ മേഖലാ സെക്രട്ടറി കെ.പി. സുൽഫീക്കർ, ട്രഷറർ സി. ഷഹദാദ്, വൈസ് പ്രസിഡന്റ് പി.കെ ആദിൽ, ജോയിന്റ് സെക്രട്ടറി ടി. ശാമിൽ എന്നിവർ സംസാരിച്ചു.

**അധ്യാപകരെ ആവശ്യമുണ്ട്**

جامعة الهند الإسلامية School Of Quran

**സ്കൂൾ ഓഫ് ഖുർആൻ**

സ്കൂൾ ഓഫ് ഖുർആനിന്റെ കാസറഗോഡ്, കാഞ്ഞങ്ങാട്, തളിപ്പറമ്പ്, കിണവക്കൽ, വടകര, കാപ്പാട്, മഞ്ചേരി, കോട്ടക്കൽ, തിരൂർ, പരപ്പനങ്ങാടി, മാറഞ്ചേരി, വെങ്കിടങ്ങ്, ആറ്റിങ്ങൽ സെന്ററുകളിലേക്ക് യോഗ്യരായ അധ്യാപകരെ ആവശ്യമുണ്ട്. വിശദ വിവരങ്ങൾക്കും ടീച്ചേഴ്സ് ആപ്ലിക്കേഷൻ ഫോമിനും താഴെ കാണുന്ന വിലാസത്തിൽ ബന്ധപ്പെടുക

Director, School of Qur'an
Jamia Al-Hind Al-Islamiyya I Jamia Campus I Mini Ootty
Oorakam I Malappuram I Kerala I India
PIN 676519 I PH: +91 8606788882
www.schoolofquran.in I mail@schoolofquran.com

നമുക്ക് ചുറ്റും

ഡോ. സി.എം സാബിർ നവാസ്
drsabirnavas@gmail.com

# സമാധാനം തകർക്കുന്ന ലോകനേതാക്കൾ

ഒരു മൂന്നാം ലോക മഹായുദ്ധത്തിന്റെ മുന്നിലാണ് നാം ജീവിക്കുന്നത്. ലോകം ഞെട്ടിവിറക്കുന്ന മുന്നറിയിപ്പുകളും മുന്നൊരുക്കങ്ങളും എന്തിന്റെ സൂചനയാണ്? ഉത്തരകൊറിയയും അമേരിക്കയും തമ്മിൽ രൂക്ഷമായിട്ടുള്ള പോർവിളികളും പടവിളികളും ലോകസമാധാനത്തിന്റെ മേൽ കരിനിഴൽ വീഴ്ത്തുകയാണ്. ആണവ മിസൈൽ പരീക്ഷണങ്ങളിൽ തങ്ങളുടെ തിട്ടൂരം ഉത്തരകൊറിയ വകവെച്ചില്ല എന്നുപറഞ്ഞുകൊണ്ടാണ് അമേരിക്കയുടെ അഭിനവ അവകാശി ഡൊണാൾഡ് ട്രംപ് മുന്നോട്ടു വന്നിട്ടുള്ളത്. യാങ്കികളുടെ ഭീഷണിക്കുമുന്നിൽ മുട്ടുമടക്കില്ലെന്ന് പ്രഖ്യാപിച്ച് നോർത്ത് കൊറിയൻ ഭരണാധികാരി രംഗത്ത് വന്നതോടെയാണ് പ്രശ്നം അതിരൂക്ഷമായത്. ഇരു രാഷ്ട്രങ്ങളും തങ്ങളുടെ ചേരികളിലേക്ക് കൂട്ടാളികളെ ക്ഷണിച്ചുകൊണ്ടുള്ള പടപ്പുറപ്പാട് ലോക രാജ്യങ്ങൾക്കുമുന്നിൽ ഭീതി വിതക്കുന്നുണ്ട് എന്ന കാര്യത്തിൽ സംശയമില്ല.

വിവരവും സാങ്കേതികവിദ്യയും ഇത്രമേൽ പുരോഗതി കൈവരിച്ചിട്ടും ജീവിത സൗകര്യങ്ങളുടെ ഉത്തുംഗതയിൽ കയറിപ്പറ്റിയ മനുഷ്യൻ എന്തുകൊണ്ട് സമാധാനപരമായ ജീവിതത്തിന് കളമൊരുക്കാൻ കരുതലോടെ ശ്രമിക്കുന്നില്ല എന്നത് മൗലികമായ ഒരു ചോദ്യമാണ്. രാജ്യത്തെ ജനതയുടെ ക്ഷേമവും സൗഖ്യവും ഉറപ്പ് വരുത്താൻ നിയുക്തരായ ഭരണാധികാരികൾ സ്വൈര്യജീവിതം തകർക്കുന്ന ആരാച്ചാർമാരായി പരിണമിക്കുന്ന അവസ്ഥ സങ്കടകരമാണ്.

യുദ്ധക്കെടുതികളും ആക്രമണ പ്രത്യാക്രമണ പരിക്കുകളും ഏറ്റവുമധികം ഏൽക്കേണ്ടി വരുന്നത് അതാത് രാജ്യത്തെ പൗരന്മാർ തന്നെയായ സൈനികർക്കാണ്. പട്ടാളക്കാരും പച്ചമനുഷ്യരാണ് എന്ന് തിരിച്ചറിയാൻ കഴിയാത്ത ഭരണാധികാരികളാണ് ലോകം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ ദുരന്തം. അതാതുകാലത്തെ അധികാരമോഹികളുടെ ത്വരകൾക്കും ദുരഭിമാനത്തിനും വിലകൊടുക്കേണ്ടിവരുന്നത് രാഷ്ട്ര സേവനത്തിന് സന്നദ്ധമായി കടന്നുവരുന്ന സൈനികർ തന്നെയാണ്.

പട്ടാളക്കാർ പാവകളോ തങ്ങളുടെ കൈകളിലെ കളിപ്പാട്ടങ്ങളോ അല്ലെന്ന് നമ്മുടെ ഭരണാധികാരികൾ തിരിച്ചറിയേണ്ടതുണ്ട്. പരസ്പര ഭീതിയുടെയും പഴിചാരലിന്റെയും പർവതങ്ങൾക്കു മുകളിലാണ് രാജ്യങ്ങൾക്കിടയിലുള്ള ഉഭയകക്ഷി ബന്ധങ്ങൾ പടുത്തുയർത്തിയിട്ടുള്ളത് എന്നത് മറ്റൊരു വേദനാജനകമായ വിശേഷം! അന്താരാഷ്ട്ര തലങ്ങളിൽ പക്വതയുടെയും പരസ്പര വിശ്വാസത്തിന്റെയും ഭൂമിക ഇനിയും വികസിപ്പിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് നാം നേടി എന്നഭിമാനിക്കുന്ന നേട്ടങ്ങളുടെ പട്ടികക്കുമുന്നിൽ ചോദ്യമായി നിലനിൽക്കുകയാണ്. പട്ടിണിയുടെയും കലാപങ്ങളുടെയും കെടുതിയിൽ ഉഴലുന്ന വിശ്വപൗരന്മാർക്ക് അഭയം നൽകാനും ആശ്വാസം എത്തിക്കാനും ആവശ്യമായ നടപടികളാണ് ലോകം രാഷ്ട്ര നേതാക്കളിൽ നിന്ന് പ്രതീക്ഷിക്കുന്നത്.

വിലക്ക് വാങ്ങി ശേഖരിച്ച് വെക്കാനും പ്രതിരോധ ശേഷി വികസിപ്പിക്കാനുമാണ് മിക്ക രാജ്യങ്ങളുടെയും വരുമാനത്തിന്റെ ഗണ്യമായ തോതും ഉപയോഗിക്കുന്നത് എന്നത് പച്ചപ്പരമാർഥമാണ്. അണിയറയിൽ ഒരുങ്ങുന്ന ആയുധവ്യാപാരത്തിന്റെ പുതിയ കരുനീക്കങ്ങളാണ് ഓരോ യുദ്ധപ്രഖ്യാപനങ്ങളും. രാജ്യങ്ങൾക്കിടയിൽ ഭീതി വിതരണം ചെയ്താൽ ആയുധ വിപണി വിപുലീകരിക്കാൻ കഴിയുമെന്ന് അമേരിക്കയടക്കമുള്ള വൻകിട ആയുധ നിർമാണ രാജ്യങ്ങൾ കുറേക്കാലങ്ങളായി തെളിയിച്ചു കൊണ്ടിരിക്കുകയാണ്. ഒരേ സമയം ഇരയുടെയും വേട്ടക്കാരന്റെയും അടുത്ത് സ്വീകാര്യത നേടിയാണ് ഇക്കൂട്ടർ കാലങ്ങളായി കാര്യം സാധിച്ചു പോരുന്നത്.

ലോകത്തിന്റെ മുഴുവൻ ഭാഗങ്ങളിലും നടന്നുകൊണ്ടിരിക്കുന്ന യുദ്ധങ്ങളിലും കലാപങ്ങളിലും ഈ ആയുധ വ്യാപാരിയുടെ കറുത്ത കരങ്ങൾ വെളുത്തു തന്നെ കാണാവുന്നതാണ്. പശ്ചിമേഷ്യയിൽ തുടർന്നുകൊണ്ടിരിക്കുന്ന അസമാധാനത്തിന്റെ പിന്നിലും മൂന്നാം ലോകരാജ്യങ്ങളിലെ അക്രമ പരമ്പരകൾക്ക് പിന്നിലും ആയുധ വ്യാപാരത്തിന്റെ കഴുകൻ കണ്ണുകൾ ഉണ്ടായിരുന്നു എന്നത് തന്നെയാണ് വാസ്തവം.

അമേരിക്കയും സഖ്യകക്ഷികളും ഉത്തരകൊറിയയുമായി നടത്തുന്ന വാഗ്വാദങ്ങളുടെയും ദ്രുതഗതിയിലുള്ള സൈനിക നീക്കങ്ങളുടെയും പശ്ചാത്തലത്തിൽ ഗൗരവതരമായ ചിലവിഷയങ്ങൾ നാം ചർച്ചചെയ്യേണ്ടതുണ്ട്. രണ്ട് ഭീകരമായ ലോകമഹായുദ്ധങ്ങളുടെയും നൂറുകണക്കിന് മറ്റുയുദ്ധങ്ങളുടെയും ഭീകരപ്രവർത്തനങ്ങളുടെയും ആഘാതത്തിൽ നിന്ന് ഇനിയും മുക്തമാവാൻ കഴിയാത്ത ഒരു ലോകത്താണ് നാം ജീവിക്കുന്നത്. രാഷ്ട്രങ്ങൾക്കിടയിൽ സമാധാനവും ശാന്തിയും ഉറപ്പാക്കാൻ നിയോഗിക്കപ്പെട്ട അന്താരാഷ്ട്ര സംഘടന എന്തെടുക്കുകയാണ്? അമേരിക്കക്ക് അടിമപ്പണി ചെയ്യാൻ വേണ്ടി ലോകരാഷ്ട്രങ്ങളുടെ പിന്തുണയോടെ ഒരു സംഘടന ആവശ്യമുണ്ടോ? ഒന്നാം ലോക മഹായുദ്ധത്തിന് ശേഷം ഇനിയൊരു ദുരന്തം ആവർത്തിക്കുകയില്ലെന്ന് ദൃഢനിശ്ചയത്തോടെ 1920 ജനുവരി 10ന് രൂപീകരിക്കപ്പെട്ട ലീഗ് ഓഫ് നാഷൻസ് രണ്ടാം ലോക മഹായുദ്ധം പൊട്ടിപ്പുറപ്പെട്ടതോടെ ചരിത്രത്തിന്റെ ചവറ്റുകൊട്ടയിൽ മറയുകയാണ് ചെയ്തത്.

ഈ ദുരന്തത്തിൽ നിന്ന് പാഠമുൾക്കൊണ്ടുകൊണ്ടാണ് 1945 ഒക്ടോബർ 24ന് ഐക്യരാഷ്ട്രസഭ രൂപീകരിക്കുന്നത്. ലോകരാജ്യങ്ങൾക്കിടയിൽ ഐക്യവും സ്നേഹവും ഊട്ടിയുറപ്പിക്കാനും ഇനിയൊരു യുദ്ധത്തിന്റെ കെടുതിയിലേക്ക് ലോകം ചെന്നുചാടാതിരിക്കാനും വേണ്ടിയാണ് സംഘടനയുടെ രൂപീകരണമുണ്ടായത്. ലോകം വീണ്ടും ഒരു യുദ്ധമുഖത്തേക്ക് മാറ്റി പ്രതിഷ്ഠിക്കപ്പെട്ട വർത്തമാനകാലത്ത് സമാധാനവും സംയമനവും ആഗ്രഹിക്കുന്ന ഭരണാധികാരികളുടെ ഏക മനസ്സോടെയുള്ള നീക്കങ്ങൾ അനിവാര്യമാണ്. പുരോഗതിയുടെയും സംസ്കാരത്തിന്റെയും പാഠങ്ങൾ പകർന്ന് നൽകാനും യുദ്ധത്തിന്റെയും ഭീകരതയുടെയും നീക്കങ്ങൾ മുളയിലേ നുള്ളിക്കളയാനും പര്യാപ്തമായ പക്വതയുള്ള നേതൃത്വത്തെയാണ് ലോകം കാത്തിരിക്കുന്നത്.

# പീസ് റേഡിയോ രണ്ടാം വർഷത്തിലേക്ക്...




24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?

peaceradio
Tune to reality

Scan QR Code

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio | Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com | radiopeace | peaceradionow | +91 9544795099

RNI NO: KERMAL 2015/64152
Posting at RMS Calicut

Nerpatham Weekly
Published on 06 May 2017

Reg NO: KL/CT/225/2016-18
Price: ₹10/-

ഖുർആൻ പഠനത്തോടൊപ്പം പുതുതലമുറയുടെ ധാർമികസംസ്കരണം ലക്ഷ്യമിട്ട്, തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ ആരംഭിച്ച മതപഠന സംരംഭമാണ് സ്കൂൾ ഓഫ് ഖുർആൻ. ഒന്നാം ക്ലാസ്സ് മുതൽ അഞ്ചാം ക്ലാസ്സ് വരെ ജാമിഅ അൽ ഹിന്ദിന്റെ മേൽനോട്ടത്തിൽ പ്രാദേശിക കേന്ദ്രങ്ങൾ വഴിയും, അഞ്ചാം ക്ലാസ്സിന് ശേഷം പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ മെയിൻ ക്യാമ്പസിലുള്ള റസിഡൻഷ്യൽ സ്കൂളിലൂടെയും പൂർത്തീകരിക്കുന്ന ലോംഗ് ടേം കോഴ്സാണിത്. ക്രിയാത്മകമായ പരിശീലനം സിദ്ധിച്ച വിദഗ്ധരായ അധ്യാപകരുടെ മേൽനോട്ടത്തിൽ പുതിയ ബാച്ചിന് തുടക്കം കുറിച്ചിരിക്കുന്നു.

## അഡ്മിഷൻ ആരംഭിച്ചു...

جامعة الهند الإسلامية

School Of Qur'an

## സ്കൂൾ ഓഫ് ഖുർആൻ

### സവിശേഷതകൾ:

- ആധുനിക സംവിധാനങ്ങൾ ഉൾപ്പെടുത്തി നവീന രീതിയിൽ തയ്യാറാക്കിയ പഠനരീതികൾ, പഠനസാമഗ്രികൾ
- വിദഗ്ധ പാനൽ നിർമ്മിച്ച ടെക്സ്റ്റ് ബുക്കുകൾ, വർക്ക് ബുക്കുകൾ, ടീച്ചേഴ്സ് ഹാൻഡ് ബുക്ക്, പാരന്റ്സ് ഗൈഡ്
- കേരളത്തിൽ ആദ്യമായി രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ നടത്തപ്പെടുന്ന ഹോം സ്കൂളിംഗ്
- ഖുർആൻ, ഹദീഥ്, അറബി ഭാഷ, വിശ്വാസം, കർമ്മം, സ്വഭാവം, ചരിത്രം തുടങ്ങിയവയിൽ പഠനം
- നിലവിലുള്ള ഖുർആൻ പഠന സംവിധാനങ്ങളുടെ പോരായ്മകൾ പരിഹരിച്ച കുറ്റമറ്റ സംവിധാനം
- കരിക്കുലമനുസരിച്ച് തയ്യാറാക്കിയ ഡി.വി.ഡികൾ, സോഫ്റ്റ്വെയറുകൾ
- ഖുർആൻ പഠനത്തിന് മൊബൈൽ ആപ്ലിക്കേഷൻ, കമ്പ്യൂട്ടർ സോഫ്റ്റ്വെയർ
- രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ നടത്തപ്പെടുന്ന ഹോം സ്കൂളിംഗ്
- എല്ലാ മാസവും പാരന്റ്സ് ക്ലാസുകൾ, വീഡിയോ ലക്ചറിംഗ്
- രക്ഷിതാക്കൾക്ക് പഠനപുരോഗതി വിലയിരുത്താൻ ഓൺലൈൻ സൗകര്യം
- രക്ഷിതാക്കളുടെ മേൽനോട്ടത്തിലുള്ള ട്രാൻസ്പോർട്ടേഷൻ സൗകര്യം
- തജ്വീദിന് പരിശീലനം സിദ്ധിച്ച അധ്യാപകർ
- ഫോളോ അപ്പിനായി വാർഷിക സ്റ്റഡി ട്രാക്കറുകൾ
- ഓഡിയോ-വിഷ്വൽ ക്ലാസ് റൂമുകൾ
- നിരന്തര-കേന്ദ്രീകൃത മൂല്യനിർണയം

**അപേക്ഷ സ്വീകരിക്കുന്ന**
**അവസാന തീയതി**
**2017 മെയ് 14**

**ക്ലാസുകൾ, ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും മാത്രം!!**
**പ്രവേശനം നാലര മുതൽ അഞ്ചര വയസ്സ് വരെയുള്ളവർക്ക്...**

### സെന്ററുകൾ

കാസറഗോഡ്: 9995492188 | കാഞ്ഞങ്ങാട്: 9847507310 | തളിപ്പറമ്പ്: 8606776770 | കിണവക്കൽ: 9400083931
വടകര: 9961037934 | കാപ്പാട്: 9846808230 | മഞ്ചേരി: 9846872999 | കോട്ടക്കൽ: 9447624148 | തിരൂർ: 9633099992
പരപ്പനങ്ങാടി: 9947299449 | മാറഞ്ചേരി: 7559955255 | വെങ്കിടങ്ങ്: 9645788599 | ആറ്റിങ്ങൽ: 9497714521

Head Office: School of Qur'an | Jamia Al-Hind Al-Islamiyya | Jamia Campus
Mini Ootty | Oorakam | Malappuram | Kerala | India | PIN 676519
PIN 676519 | PH: +91 8606788882 | www.schoolofquran.in | mail@schoolofquran.com | Follow us: